


പ്രഭാഷണം
ആരാണ് മുസ്‌ലിം

# സത്യദൂതൻ

2013 ഡിസംബർ | ലക്കം 12

വില ₹ 20




## ഇസ്‌ലാമും മനുഷ്യാവകാശങ്ങളും

## ഉമ്മത്തീനബി



Kumasi Central Mosque_ Ghana




Nuur Mosque_ Frankfurt_ Germany




The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2013 ഡിസംബർ
ഹി.ശ.1392 - ഫത്ഹ്
1435 - മുഹറം - സഫർ
പുസ്തകം 85 ലക്കം 12
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
പ്രഭാഷണം
**ആരാണ് മുസ്‌ലിം**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)

13
**മതവും ബലപ്രയോഗവും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ജ്ഞാനപൂർണമായ ഇസ്‌ലാം ബലപ്രയോഗത്തെ പൂർണ മായും നിരാകരിക്കുന്നു

15
കവിത
**രണ്ടു ചിത്രങ്ങൾ**
കെ. പി. എ പുന്നോൽ



16
**ഇസ്‌ലാമും മനുഷ്യാവകാശങ്ങളും**
സർ സഫറുല്ലാഹ് ഖാൻ
സ്വാതന്ത്ര്യം സമത്വം സഹോദര്യം എന്നീ ഇസ്‌ലാമികാശയങ്ങൾ തന്നെയാണ് മനുഷ്യാവകാശ പ്രഖ്യാപനത്തിലൂടെ വിളംബരപ്പെടുത്തിയിരിക്കുന്നത്.

19
**ഉമ്മത്തീ നബി**
എൻ. അബ്ദുർറഹീം
ഹദ്റത്ത് അഹ്മദി(അ)ന്റെ നുബുവ്വത്ത് വാദത്തിന്റെ വിവിധ വശങ്ങളെ പറ്റി.

24
**ഒരു സത്യാന്വേഷിയോട്**
ഹദ്റത്ത് അഹ്മദ് (അ)

28
**ഏകദൈവവിശ്വാസം എല്ലാ മതങ്ങളുടെയും അടിത്തറ**
ഏ.ക്യു. മഹ്ദി

31
**മഹർ: ഇസ്‌ലാമിക വിവാഹത്തിന്റെ അന്യാദൃശമായ പ്രത്യേകത**
കൗസർ എടപ്പകത്ത്
വൈവാഹിക സമ്പ്രദായത്തിൽ മറ്റെങ്ങും കാണാത്ത ഒന്നാണ് ഇസ്‌ലാമിക വിവാഹത്തിലെ മഹർ വ്യവസ്ഥ. മഹർ മുസ്‌ലിം സ്ത്രീക്ക് സുരക്ഷയും സ്വാശ്രയ ബോധവും നൽകുന്നു.

33
**റസൂൽ തിരുമേനി (സ): ആക്ഷേപങ്ങളും മറുപടിയും**
വി. പി. രോഷൻ അഹ്മദ്, കോഴിക്കോട്

36
**ഭക്തിയുടെ അന്തസത്ത: ഇസ്‌ലാമിലും മറ്റ് മതങ്ങളിലും**
പ്രൊഫ. ഇഫ്തിഖാർ അഹ്മദ്. ബി. പഴയങ്ങാടി.

39
**ഇറാൻ കരാർ: ഇസ്റയേൽ ഒറ്റപ്പെടുന്നു**
മുസാഫിർ

42
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല. (25 : 74)

## നബിവചനം



ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകുകയും എന്നിട്ട് അജ്ഞതയും കുഴപ്പങ്ങളും പ്രത്യക്ഷപ്പെടും. 'ഹറജ്' വർധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു; എന്താണ് 'ഹറജ്.? തിരുമേനി (സ) കൈകൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ നബി തിരുമേനി (സ) കൊലയെയാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമായി (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ശാന്തരായി ചിന്തിക്കു

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരേ! എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്, ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സാത്വികരുടെ മാർഗം ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ് ? നേരെമറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ; ലാ ഇക്റാഹ ഫിദ്ദീൻ (മതത്തിൽ യാതൊരു നിർബന്ധവുമില്ല) എന്ന് പറഞ്ഞിട്ടുള്ളതായി കാണുന്നു. ( കശ്തീ നൂഹ്)



എഡിറ്റോറിയൽ

# മാനവസമതയും മനുഷ്യസ്വാതന്ത്ര്യവും മുസ്‌ലിം ലോകവും

1950 ഡിസംബർ 10 നാണ് ഐക്യരാഷ്ട്രസഭ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയത്. മനുഷ്യാവകാശങ്ങളെ പറ്റി ലോകത്തെ ബോദ്ധ്യപ്പെടുത്താൻ വർഷ ന്തോറും ഈ ദിനം മനുഷ്യാവകാശ ദിനമായി ലോകം ആചരിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ രൂപീകരണത്തിന് ശേഷം മാനവ രാശിക്ക് വേണ്ടി സഭ നടത്തിയ ഏറ്റവും സുപ്രധാനമായ നേട്ടമായി ഈ പ്രഖ്യാപനം വിലയിരുത്തപ്പെടുന്നു. യു എന്നിലെ അംഗരാജ്യങ്ങൾ ഈ പ്രഖ്യാപനങ്ങൾ നിയമങ്ങളാക്കി മാറ്റാൻ ബാദ്ധ്യസ്ഥരാണ്. രണ്ടാം ലോക മഹായുദ്ധത്തിൽ നടന്ന കൂട്ട നരമേധങ്ങൾക്കും വ്യാപകമായി നടന്ന മനുഷ്യാവകാശ ധ്വംസനങ്ങൾക്കും ശേഷം ലോകമനസ്സാക്ഷിക്കുണ്ടായ പ്രായശ്ചിത്തത്തിന്റെ വിളംബരം കൂടിയാണ് സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം.

*'തുല്യമായ അന്തസ്സോടും അവകാശങ്ങളോടും കൂടി സ്വതന്ത്രരായിട്ടാണ് എല്ലാ മനുഷ്യരും ജനിക്കുന്നത്. വിവേചന ബുദ്ധിയും മനസ്സാക്ഷിയും അവർക്കെല്ലം ജന്മസിദ്ധമായിട്ടുള്ളതാകുന്നു. സാഹോദര്യത്തോടുകൂടി അവർ അന്യോന്യം പെരുമാറേണ്ടതാണ്."* സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ഒന്നാം ഖണ്ഡികയിലെ പ്രഥമ വചനമാണ് മേൽക്കൊടുത്തിരിക്കുന്നത്.

എല്ലാ മനുഷ്യർക്കും സമത്വത്തോടെയും അന്തസ്സോടെയും സ്വതന്ത്രനായും ജീവിക്കാൻ അർഹതയുണ്ടെന്നും അവൻ ദൈവത്താൽ ആദരിക്കപ്പെട്ടവനാണെന്നും മനുഷ്യന്റെ സ്രഷ്ടാവ് നടത്തിയ നിരവധി പ്രഖ്യാപനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം.*'അല്ലയോ മനുഷ്യരെ, നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കി, നിങ്ങൾ പരസ്പരം അറിയാൻ വേണ്ടി. തീർച്ചയായും ദൈവദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും മാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അയാളത്രേ. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു'(49:14) 'തീർച്ചയായും ആദംസന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു.'(17:71)* 'അവനത്രെ നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയവൻ'(22:40). 'നിശ്ചയമായും മനുഷ്യ വംശത്തിന്റെ ഗുണത്തിനായി നാം നിനക്ക് ഗ്രന്ഥത്തെ വെളിപ്പെടുത്തിതന്നിരിക്കുന്നു. ആർ സന്മാർഗത്തെ പിന്തുർടന്നുവോ അത് അവന്റെ ആത്മാവിന്റെ നന്മക്കായി മാത്രം. വഴി തെറ്റുന്നവനാരോ അവൻ അതിന്റേതായ നാശത്തിലേക്കും. അവരുടെ മേൽ ഒരു അധികാരിയായി നീ നിയോഗിക്കപ്പെട്ടിട്ടില്ല.' (39:42) ഇസ്‌ലാം മതത്തിന്റെ സാർവജനീന പ്രവാചകൻ തന്റെ പാവനമായ ജീവിത ഖണ്ഡം പൂർത്തിയാക്കി അവസാനമായി നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ മാനവസമതയെക്കുറിച്ചുള്ള ഉദ്ബോധനം നോക്കു: *'നിങ്ങളെല്ലാം പരസ്പരം സഹോദരന്മാരാകുന്നു. എല്ലാവരും തുല്യർ, നിങ്ങളിൽ ആർക്കും ആരുടെ മേലും ഒരു മേന്മയും വിശേഷാധികാരങ്ങളും അവകാശപ്പെട്ടുകൂടാ, ഒരറബിക്ക് അറബിയല്ലാത്ത ഒരാളെക്കാൾ യാതൊരു മഹത്വവുമില്ല. അനറബിക്ക് അറബിയുടെ മേലും യാതൊരു മേന്മയുമില്ല. വെളുത്തവന് കറുത്തവന്റെ മേലോ കറുത്തവന് വെള്ളക്കാരന്റെ മേലോ യാതൊരു ഔന്നത്യവുമില്ല, സാത്വികതയുടെ അടിസ്ഥാനത്തിലല്ലാതെ' (ഹദീസ്)*

ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് മാനവമൂല്യങ്ങളെക്കുറിച്ച് നിരവധി മൗലികമായ അധ്യാപനങ്ങൾ നൽകപ്പെട്ട ഒരു സമൂഹമാണ് മുസ്‌ലിം സമുദായം. നിർഭാഗ്യകരമെന്ന് പറയട്ടെ സ്മൃതിനാശം വന്ന അൽഷൈമേഴ്സ് രോഗിയെ പോലെ, മനുഷ്യാവകാശത്തെ സംബന്ധിച്ച് ഇസ്‌ലാം മുന്നോട്ട് വച്ച എല്ലാ മൗലിക ദർശനങ്ങളും മുസ്‌ലിം ലോകം മറന്നു പോയിരിക്കുന്നു. ജനസംഖ്യയനുസരിച്ച് ലോകത്ത് 167 കോടി മുസ്‌ലിം ജനങ്ങളും 57 മുസ്‌ലിം രാജ്യങ്ങളുമുണ്ട്. തിരഞ്ഞെടുപ്പ്. ബഹുസ്വരത, മതസ്വാതന്ത്ര്യം സിവിൽ സ്വാതന്ത്യം, ഗവൺമെന്റിന്റെ നടത്തിപ്പ്, രാഷ്ട്രീയ പ്രാതിനിധ്യം, രാഷ്ട്രീയ സംസ്ക്കാരം എന്നിവയെ അടിസ്ഥാനമാക്കി സൂചിക തയ്യാറാക്കുന്ന *Economist Intelligence Unit* അവരുടെ ഡമോക്രസി ഇൻഡക്സിൽ (2010), 49 മുസ്‌ലിം രാജ്യങ്ങളെക്കുറിച്ച് പഠിച്ചതിൽ ഒരൊറ്റ മുസ്‌ലിം രാജ്യത്തും ജനാധിപത്യമോ പൗരാവകാശമോ പൂർണതോതിലോ സാമാന്യ നിലവാരത്തിലോ ഇല്ല. 3 രാജ്യങ്ങളിൽ വികല ജനാധിപത്യ മാണുള്ളത്. *(Flawed Democracy)* ബാക്കിയുള്ളതിൽ സ്വേച്ഛാധിപതികളും വാഴുന്നു!!. എന്തു കൊണ്ട് ഇങ്ങനെ സംഭവിച്ചു? മധ്യകാലയൂറോപ്പിലെ ക്രൈസ്തവ മതാധിഷ്ഠിത ഭരണത്തിന്റെ നിലവാരത്തിലേക്കും അക്കാലത്തുള്ളത് പോലുള്ള ബൗദ്ധിക മരവിപ്പിലേക്കും ഇസ്‌ലാം മതത്തിന്റെ അനുയായികൾ അധ:പതിച്ചു. മത സ്വാതന്ത്ര്യമോ പ്രചാരണ സ്വാതന്ത്രമോ പത്രസ്വാതന്ത്ര്യമോ മനുഷ്യാവകാശ സംഘടനകളോ സ്വതന്ത്രമായ സാഹിത്യ ലോകമോ മുസ്‌ലിം ലോകത്തില്ല. ജീർണതയുടെ പൂർണരൂപം ഇവിടെ കണാം. ഈ വന്ധ്യഭൂമി ഹരിതാഭമാകണമെങ്കിൽ ദൈവികവെളിപാടുകളുടെ സ്വർഗീയ വൃഷ്ടി അനിവാര്യമാണ്. ധാർമിക മൂല്യത്തോടുകൂടിയ പുരോഗമനം എങ്കിൽ മാത്രമേ സാധ്യമാവൂ. പൊതുവേ ലോകത്തിന്റെയും വിശിഷ്യാ മുസ്‌ലിം സമുദായത്തിന്റെയും ഉത്ഥാനത്തിനായി അല്ലാഹു ഇക്കാലത്തയച്ച വാഗ്ദത്ത മസീഹിനെ സ്വീകരിച്ചാലല്ലാതെ മറ്റൊന്നും ഈ ജീർണതക്ക് പരിഹാരമാവില്ല. വിശുദ്ധഖുർആനിലെ ഒരു വചനത്തോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം :*'വിശ്വസിച്ചവരേ, അല്ലാഹുവിനും (അവന്റെ) ദൂതനും - നിങ്ങൾക്ക് ജീവൻ നൽകുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നൽകുക' (വി. ഖുർആൻ 8: 25)*



ഹദ്റത്ത് അഹ്മദ് (അ)

# തിന്മയിൽ നിന്ന് രക്ഷനേടുന്നതിനുള്ള മാർഗം


മനുഷ്യന് രണ്ടു കാര്യങ്ങളാണ് അനിവാര്യമായിട്ടുള്ളത്. ഒന്ന് തിന്മയിൽ നിന്ന് രക്ഷനേടുക, രണ്ട് നന്മയിൽ മുന്നേറുക. പിന്നീട് നന്മയുടെ രണ്ട് വശങ്ങളുണ്ട്. ഒന്ന് തിന്മയെ ഉപേക്ഷിക്കുക, മറ്റൊന്ന് മറ്റുള്ളവർക്ക് നന്മ ചെയ്യുക. മറ്റുള്ളവർക്ക് നന്മ ചെയ്യാത്തതു വരെ തിന്മ ഉപേക്ഷിക്കുന്നതിലൂടെ മാത്രം മനുഷ്യന് പരിപൂർണനാകാൻ സാധിക്കില്ല. മറ്റുള്ളവർക്ക് പ്രയോജനം എത്തിക്കുന്നതിലൂടെ എത്രത്തോളം പരിവർത്തനം ഉണ്ടായെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ സവിശേഷഗുണങ്ങളിൽ വിശ്വാസവും അവയെ കുറിച്ചുള്ള അവഗാഹവും ഉണ്ടാകുമ്പോഴാണ് ഈ നിലവാരം കരഗതമാകുന്നത്. അതുവരെ മനുഷ്യന് തിന്മയിൽ നിന്ന് രക്ഷനേടാനും സാധിക്കില്ല.

മറ്റുള്ളവർക്ക് നന്മചെയ്യുക എന്നത് വലിയ കാര്യമാകുന്നു. രാജാക്കന്മാരുടെ പ്രൗഢിയേയും ഇന്ത്യൻ ശിക്ഷാനിയമത്തെയും ഒരു പരിധി വരെ ഭയപ്പെടുന്നു. നിയമം ലംഘിക്കാത്തവർ ധാരാളമുണ്ട്. പിന്നെങ്ങനെ വിധികർത്താക്കളിൽ വിധികർത്താവായവന്റെ നിയമങ്ങൾ ലംഘിക്കുന്നതിനുള്ള ധൈര്യം ഉണ്ടാകുന്നു. ദൈവത്തിൽ വിശ്വാസമില്ല എന്നതല്ലാതെ ഇതിന് മറ്റെന്തെങ്കിലും കാരണമുണ്ടോ? അതിനുള്ള ഒരേയൊരു കാരണം ഇതു മാത്രമാണ്.

ചുരുക്കത്തിൽ അല്ലാഹുവിൽ വിശ്വാസം ജനിക്കുമ്പോഴാണ് തിന്മയിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള ഘട്ടം തരണം ചെയ്യപ്പെടുക. തുടർന്നുള്ള രണ്ടാമത്തെ ഘട്ടം, അല്ലാഹുവിന്റെ സാത്വികരായ ദാസന്മാർ സ്വീകരിച്ച മാർഗങ്ങൾ അന്വേഷിക്കുക എന്നതായിരിക്കണം. അത് ഒരേയൊരു മാർഗമാകുന്നു. പ്രസ്തുത മാർഗത്തിലൂടെ ധാരാളം സത്യവാന്മാരും സാത്വികരുമായവർ ലോകത്ത് അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് അനുഗൃഹീതരായിട്ടുണ്ട്. അല്ലാഹു എങ്ങനെയാണ് അവരോട് വർത്തിച്ചിരുന്നത് എന്ന് മനസ്സിലാക്കുന്നതിലൂടെ ആ മാർഗത്തെ കുറിച്ചുള്ള അറിവ് ലഭിക്കുന്നതാണ്. അല്ലാഹു ദുഷ്കർമികളുടെ ശത്രുവാകുന്നു എന്ന അവന്റെ പ്രൗഢ സവിശേഷ ഗുണത്തിന്റെ തേജസ്സാലാണ് തിന്മയിൽ നിന്ന് രക്ഷനേടുന്നതിനുള്ള ആദ്യഘട്ടം കരസ്ഥമാകുന്നത്.

രണ്ടാമത്തെ ഘട്ടം അല്ലാഹുവിന്റെ സൗന്ദര്യത്തിന്റെ തേജസ്സാലാണ് പ്രാപ്യമാകുന്നത്. ഇസ്‌ലാമിക സാങ്കേതിക ഭാഷയിൽ പരിശുദ്ധാത്മാവ് എന്ന് പറയുന്ന, അല്ലാഹുവിൽ നിന്നുള്ള ശക്തിയും കഴിവും ലഭിക്കാത്തതുവരെ ഒന്നും സാധ്യമല്ല. ഇത് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ഒരു ശക്തിയാണ്. അതിന്റെ ഇറക്കത്തോടൊപ്പം തന്നെ ഹൃദയത്തിൽ ഒരു സംതൃപ്തി ഉണ്ടാകുന്നു. സ്വഭാവത്തിൽ നന്മയോട് ഒരു സ്നേഹവും ഇഷ്ടവും ജനിക്കുകയും ചെയ്യുന്നു. മറ്റുള്ളവർ വളരെ പ്രയാസപ്പെട്ടും ഭാരമായി കണക്കാക്കിയും ചെയ്യുന്ന നന്മയെ ഒരു ആനന്ദത്തോടും സന്തോഷത്തോടും കൂടി ചെയ്യുന്നതിനായി ധൃതിപ്പെടുന്നു. സ്വാദിഷ്ടമായവ കുട്ടികൾ ഉൽസാഹത്തോടെ ഭക്ഷിക്കുന്നതു പോലെ. അല്ലാഹുമായുള്ള ബന്ധം സ്ഥാപിതമാകുമ്പോൾ, അവന്റെ പരിശുദ്ധാത്മാവ് അയാളിൽ ഇറങ്ങുമ്പോൾ നന്മകൾ ഒരു സ്വാദിഷ്ടവും സുഗന്ധപൂരിതവുമായ സർബത്തിനെ പോലെ ആയിത്തീരുന്നു. നന്മയ്ക്കുള്ളിൽ ഉണ്ടായിരിക്കുന്ന സൗന്ദര്യം അവർക്ക് ദൃശ്യമാകാൻ തുടങ്ങുകയും അനിയന്ത്രിതമായിക്കൊണ്ട് അതിലേക്ക് ഓടിയടുക്കാൻ തുടങ്ങുകയും ചെയ്യുന്നു. തിന്മയെ കുറിച്ചുള്ള ചിന്തയിൽ തന്നെ അവന്റെ ആത്മാവ് വിറകൊള്ളാൻ തുടങ്ങുന്നു.

(മൽഫൂസാത്ത്, വാല്യം 1)




# ആരാണ് മുസ്‌ലിം?

(ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു) ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ചെയ്ത യു.കെ ജൽസ 2013ലെ സമാപന പ്രഭാഷണത്തിന്റെ അവസാന ഭാഗം. കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച)

**വി**ശുദ്ധ ഖുർആൻ എല്ലാ പ്രവാചകന്മാരെയും വിശ്വസിക്കുന്നവരെ മുസ്‌ലിം എന്ന് പറയുന്നു. ഓരോ പ്രവാചകന്റെ കാലത്തും ആ പ്രവാചകനെ അംഗീകരിക്കുന്നവർ മുസ്‌ലിംകളാണ്. അല്ലാഹുവിനെ ഏകനായി വിശ്വസിക്കുന്നവരും മുസ്‌ലിമാണ്. വിവിധ തരം സന്ദർഭത്തിൽ വിശുദ്ധ ഖുർആൻ വിവിധ തരം ആളുകളെ മുസ്‌ലിം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ റസൂൽ തിരുമേനിയുടെ ആഗമനത്തിനുശേഷം മറ്റു പ്രവാചകന്മാരെ മാത്രം അംഗീകരിക്കുന്നവരെ മുസ്‌ലിം വിളിച്ചിട്ടില്ല. ഈ പേര് മറ്റാർക്കും ഉപയോഗിച്ചിട്ടില്ല. ഈ ഒരു പേര് തിരുനബി (സ) യുടെ ഉമ്മത്തിന് മാത്രമുള്ളതാണ്. കാരണം ഹദ്‌റത്ത് ഇബ്‌റാഹീം (അ) ഹദ്‌റത്ത് ഇസ്‌മാഈൽ (അ) എന്നിവർ കഅ്ബ മന്ദിരം പുതുക്കി പണിതുകൊണ്ട് അതിന്റെ ചുമരുകൾ പടുത്തുയർത്തിയപ്പോൾ ചെയ്തിരുന്ന പ്രർഥനയിൽ ഇരുവരെയും മുസ്‌ലിംകൾ ആക്കണമെന്ന് ദുആ ചെയ്തതോടൊപ്പം തങ്ങളുടെ സന്താനങ്ങളിൽ നിന്നും ഉമ്മത്തെ മുസ്‌ലിമയെ ഉദ്ഭവിപ്പിക്കണമെന്ന് പ്രാർഥിച്ചിരുന്നു.

അദ്ദേഹത്തിന്റെ സന്താന പരമ്പരയിൽ നിന്ന് നിയോഗിതരായ മഹാനായ ആ പ്രവാചകൻ (സ) യുടെ സമുദായത്തിനാണ് മുസ്‌ലിം എന്ന് പേര് വെച്ചത്. ഇതു സംബന്ധമായി സൂറ ഹജ്ജിലെ 89-ാം ആയത്തിൽ അല്ലാഹു പറയുകയുണ്ടായി. "അല്ലാഹു നിങ്ങളുടെ പേര് മുസ്‌ലിം എന്ന് വെച്ചിരിക്കുന്നു. ഇതിനു മുമ്പും ഈ ഖുർആനിലും."

എല്ലാ പ്രവാചകന്മാരും മുസ്‌ലിംകളാണ് എന്നതിൽ സംശയമില്ല. എന്നാൽ അവരുടെ സമുദായത്തിന്റെ പേര് മുസ്‌ലിം എന്ന് വെച്ചിട്ടില്ല. മുസ്‌ലിം എന്നതിന്റെ ഔന്നത്യം തിരുനബി (സ) യുടെ ഉമ്മത്തിനാണ് ലഭിക്കേണ്ടിയിരിക്കുന്നത്. കാരണം ആദ്യകാല പ്രവാചകന്മാരുടെ അധ്യാപനങ്ങൾ പരിമിതമായ സ്ഥലത്തേക്കും പരിമിതമായ അവസ്ഥക്കും വേണ്ടിയുള്ളതായിരുന്നു. അവർ അവരുടെ പരിധിയിൽ പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽ വരുത്തുന്നവരായി മാറി. എന്നാൽ മുസ്‌ലിം എന്ന നാമത്തിന്റെ വിശാലമായ അർഥത്തിൽ അവർ എത്തിയിട്ടുണ്ടായിരുന്നില്ല.

അവരുടെ ഇസ്ലാമും പരിമിതമായിരുന്നു.

എന്നാൽ അല്ലാഹുവിന്റെ അദ്ധ്യാപനം മനുഷ്യന്റെ ആവശ്യങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതും അത് അതിന്റെ പരിപൂർണതയിൽ എത്തുകയും ചെയ്യുമ്പോഴാണ് ഈ നാമം നൽകപ്പെടേണ്ടിയിരുന്നത്. "അൽ യൗമ അക്മൽത്തു ലകും ദീനകും വ അത്മംത്തു അലൈക്കും നിഅ്മത്തീ വ റളീത്തു ലകുമുൽ ഇസ്ലാമ ദീന" എന്ന പ്രഖ്യാപനം വരുമ്പോഴാണ് ഇത് വേണ്ടിയിരുന്നത്. അതായത് ഇന്നത്തെ ദിവസം ഞാൻ നിങ്ങൾക്കായി നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയുണ്ടായി. എന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ സമ്പൂർണമാക്കുകയുണ്ടായി. ദീൻ എന്ന നിലക്ക് ഇസ്ലാമിനെ നിങ്ങൾക്കായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.

ഈ ഒരു സമ്പൂർണത കൈവരിക്കണമെങ്കിൽ തിരുനബി (സ) ഖാത്തമുന്നബിയ്യീനായി അവതരിച്ചുകൊണ്ട് തന്റെ ഉമ്മത്തിനും മാനവരാശിക്കാകമാനവും പരിപൂർണ മാതൃകയായിത്തീരേണ്ടിയിരുന്നു. ഇത് നടപ്പിൽ വരണമെങ്കിൽ ഉമ്മത്തിലെ സാത്വികരായ പണ്ഡിത സമൂഹം ബനീ ഇസ്റാഈൽ പ്രവാചകന്മാരുടെ ഉന്നത സ്ഥാനത്തിന് തുല്ല്യമായി മാറേണ്ടിയിരുന്നു. ഇത് സാധ്യമാകേണ്ടിയിരുന്നത് നുബുവ്വത്തിനെ അല്ലാഹു തിരുനബി (സ) യുടെ ഉമ്മത്തുമായി മാത്രം പരിമിതപ്പെടുത്തേണമായിരുന്നു. അഹ്മദികളായ ഞങ്ങളാണ് ഇക്കാലത്ത് ഹുവ സമ്മാക്കുമുൽ മുസ്ലിമീൻ എന്നതിന്റെ യഥാർഥ പൊരുൾ മനസ്സിലാക്കുന്നവർ. എല്ലാ പടവുകളും കയറിക്കൊണ്ട് ഇസ്ലാമിന്റെ യഥാർഥ്യം ഞങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു.

ഞങ്ങളുടെ എതിരാളികൾ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപകരും തിരുനബി (സ) യുടെ പ്രിയ പ്രേമിയുമായ വാഗ്ദത്ത മസീഹിൽ ആക്ഷേപം ഉന്നയിക്കുന്നത്, നഊദുബില്ലാഹ്, അദ്ദേഹം തന്നെ

> സ്വർഗം സത്യമാണെന്നും നരകം സത്യമാണെന്നും പുനരുദ്ധാരണനാൾ സത്യമാണെന്നും പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മോക്ഷം ഇസ്ലാമിലും മാനവരാശിയുടെ നേതാവായ തിരുനബി (സ) യെ പിൻപറ്റുന്നതിലൂടെയുമാണ് ലഭിക്കുക എന്നും ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ഇസ്ലാമിനെ തിരിലുള്ള സർവതും ഞങ്ങൾ കയ്യൊഴിയുന്നു. നമ്മുടെ പ്രവാച കൻ കൊണ്ടുവന്ന സർവതിലും ഞങ്ങൾ വിശ്വസിക്കുന്നു. അതിന്റെ ഉന്നതമായ യഥാർഥ്യങ്ങൾ ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞാലും ഇല്ലെങ്കിലും ശരി. ഇതല്ലാതെ മറ്റുവല്ലതുമാണ് ഞങ്ങളുടെ വിശ്വാസമെന്ന് ഞങ്ങളെ കുറിച്ച് വല്ലവരും പറയുകയാണെങ്കിൽ അവർ തീർച്ചയായും ഞങ്ങളെകുറിച്ച് കറ്റുകെട്ടിപ്പറയുക യാണ് ചെയ്തിരിക്കുന്നത്. അവർ കളവാണ് പറയുന്നത്

നബിയുല്ലാഹ് എന്ന് പറഞ്ഞുകൊണ്ട് തിരുനബി (സ) യേക്കാളും ഉന്നതപദവിയിലാണ് താനെന്നു വാദിക്കുന്നു എന്നാണ്. അതു കാരണം ഇദ്ദേഹം ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താണെന്ന് അവർ പറയുന്നു. ഈ അന്ധർക്ക് ബുദ്ധി നഷ്ടപ്പെട്ടില്ലായിരുന്നെങ്കിൽ യഥാർഥ ഇസ്ലാമിനെ കുറിച്ചുള്ള തിരിച്ചറിവ് അഹ്മദിയ്യാ ജമാഅത്ത് സ്ഥാപകരാണ് ഞങ്ങൾക്ക് നൽകിയതെന്ന് ഇവർക്ക് മനസ്സിലാകുന്നതാണ്. അദ്ദേഹത്തിന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കാം. പറയുന്നു: "നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ, അതിന്റെ കഴമ്പ്, ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ് എന്നതത്ര. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറു ലോകത്തേക്ക് നാം കടക്കുന്ന സമയം വരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോട് ഒട്ടി നിൽക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ഖാത്തമുന്നബിയ്യീനും ഖൈറുൽ മുർസലീനും ആകുന്നു. അവിടുന്ന് മുഖേന കയ്യാൽ മതത്തിനു പൂർണതയും അനുഗ്രഹ പദവിയുടെ പരിപൂർത്തിയും വന്നു കഴിഞ്ഞു. അതു മുഖേന മനുഷ്യന് സത്യതകൈ വരിച്ചുകൊണ്ടു ദൈവത്തെ പ്രാപിക്കാനാവും നാം സുദൃഢം വിശ്വസിക്കുന്നു ആകാ ശീയ ഗ്രന്ഥങ്ങളിൽ വിശുദ്ധ ഖുർആൻ ഖാത്തമുൽ ഖുത്ബ് ഗ്രന്ഥങ്ങളുടെ മുദ്ര ആണ്. എല്ലാ ദിവ്യ ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള ഗ്രന്ഥമാണ്. അതിന്റെ നിശ്ചിത ശറഉകളിൽ നിന്നും (നിയമങ്ങളിൽ നിന്നും) അതിരുകളിൽ നിന്നും കല്പനകളിൽ നിന്നും വള്ളി പുള്ളി നീക്കുവാനോ അവയിൽ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. വിശുദ്ധ ഖുർആനിലെ കല്പനകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന യാതൊരു വെളിപാടും ദൈവ വചനവും ഉണ്ടായിരിക്കുന്നതല്ല. അത്തരം വിശ്വാസം

ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭിപ്രായത്തിൽ സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതു മുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുക യും ചെയ്യുന്നു."

''ആത്മീയമായ ഒരു പദവി പോലും നമ്മുടെ പ്രവാചകൻ (സ) യെ പിൻപറ്റാതെ മനുഷ്യന് ഒരിക്കലും ലഭിക്കില്ല എന്നതിലും ഞങ്ങൾ വിശ്വസിക്കുന്നു. എന്നിരി ക്കെ ആത്മീയതയുടെ ഉന്നത പദവികൾ പ്രവാചകനേതാവായ ഈ പ്രവാചകൻ (സ) യെ പിൻ പറ്റാതെ എങ്ങനെയാണ് മനുഷ്യന് ലഭിക്കുക?. ശ്രേഷ്ഠതയുടെയും മഹത്വത്തിന്റെയും എല്ലാ സ്ഥാന വും ആദരവിന്റെയും ദൈവ സാമീ പ്യത്തിന്റെയും എല്ലാ പദവികളും നമ്മുടെ പ്രവാചകൻ (സ) യെ പരിപൂർണമായും തികവാർന്ന നിലയിലും പിൻപറ്റാതെ ലഭിക്കുക യേയില്ല. നമുക്ക് ലഭിക്കുന്ന പദവിക ളെല്ലാം തന്നെ തിരുനബി (സ) മുഖേന, തിരുനബിയുടെ തണലി ലാണ് ലഭിക്കുന്നത്. സാത്വികരും സമ്പൂർണരുമായ മനുഷ്യർ തിരു നബി (സ) യുടെ സാമീപ്യത്താൽ അനുഗൃഹീതരായിക്കൊണ്ട് ആത്മീയ പ്രയാണത്തിന്റെ പദവി കൾ പൂർത്തിയാക്കുകയും അവർ ക്ക് ലഭിച്ചതു പോലുള്ള ശ്രേഷ്ഠ തകൾ നമുക്കും കരസ്ഥമായിട്ടു ണ്ടെങ്കിൽ അവയെല്ലാം തന്നെ തിരുനബി (സ)യുടെ തണലിലാണ് ലഭിച്ചിരിക്കുന്നത് എന്നതും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അവർക്ക് ലഭിച്ചിരിക്കുന്ന ചില ശ്രേഷ്ഠതകൾ നമുക്ക് ഇപ്പോൾ ഒരു രീതിയിലും കരസ്ഥമാകുന്നതേ അല്ല. ചുരുക്ക ത്തിൽ വിശുദ്ധ ഖുർആനിൽ പറയപ്പെട്ട എല്ലാ കാര്യങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു. തിരുനബി ദൈവത്തിൽ നിന്നും കൊണ്ടുവന്ന എല്ലാ കാര്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. അതേപോലെ എല്ലാ പുത്തൻ കാര്യങ്ങളും ബിദ് അത്തുകളും വളരെ നീചമായ വഴികേടിന്റെ മാർഗമാണെന്നും നരകത്തിലേക്ക് എത്തിക്കുന്നവയാ ണെന്നും ഞങ്ങൾ അടിയുറച്ച് വിശ്വ സിക്കുന്നു."

പറയുന്നു: ''സ്വർഗം സത്യമാ ണെന്നും നരകം സത്യമാണെന്നും പുനരുദ്ധാരണനാൾ സത്യമാണെ ന്നും പ്രവാചകന്മാരുടെ മുഅ്ജി സത്തുകൾ സത്യമാണെന്നും ഞ ങ്ങൾ വിശ്വസിക്കുന്നു. മോക്ഷം ഇസ്‌ലാമിലും മാനവരാശിയുടെ നേതാവായ തിരുനബി (സ) യെ പിൻപറ്റുന്നതിലൂടെയുമാണ് ലഭിക്കുക എന്നും ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ഇസ്‌ലാമിനെ തിരിലുള്ള സർവതും ഞങ്ങൾ കയ്യൊഴിയുന്നു. നമ്മുടെ പ്രവാച കൻ കൊണ്ടുവന്ന സർവതിലും ഞങ്ങൾ വിശ്വസിക്കുന്നു. അതിന്റെ ഉന്നതമായ യഥാർഥ്യങ്ങൾ ഞങ്ങൾ ക്ക് അറിയാൻ കഴിഞ്ഞാലും ഇല്ലെ ങ്കിലും ശരി. ഇതല്ലാതെ മറ്റുവല്ല തുമാണ് ഞങ്ങളുടെ വിശ്വാസമെന്ന് ഞങ്ങളെ കുറിച്ച് വല്ലവരും പറയു കയാണെങ്കിൽ അവർ തീർച്ചയായും ഞങ്ങളെകുറിച്ച് കറ്റുകെട്ടിപ്പറയുക യാണ് ചെയ്തിരിക്കുന്നത്. അവർ കളവാണ് പറയുന്നത്."

"അറിയുക! എന്റെ മതം ഇസ്‌ലാ മാകുന്നു. അല്ലാഹുവിന്റെ ഏകത്വ ത്തിൽ ഞാൻ ദൃഢമായും വിശ്വസി ക്കുന്നു. എന്റെ ഹൃദയം വഴികേടി ലാകുകയോ മാർഗഭ്രംശം സംഭവി ക്കുകയോ ചെയ്തിട്ടില്ല. ആരാണോ വിശുദ്ധ ഖുർആനെ ഉപേക്ഷിക്കു കയും ഊഹങ്ങളെ പിൻപറ്റുകയും ചെയ്തിരിക്കുന്നത്, അവൻ വന്യ മൃഗങ്ങളാൽ വേട്ടയാടപ്പെട്ട, പടു കുഴിയിൽ വീണുപോവുകയും ചെയ്തിരിക്കുന്ന മനുഷ്യനെ പ്പോലെ യാണ്. അങ്ങനെ അവൻ നശി ച്ചൊടുങ്ങുകയും ചെയ്തിരിക്കുന്നു. ഞാൻ ഇസ്‌ലാമിന്റെ പ്രേമിയാണെ ന്നും സർവ സൃഷ്ടി കുലോത്ത മന്റെ പ്രേമിയുമാണെന്ന് അല്ലാഹു വിനറിയാം. ഞാൻ അഹ്മദെ മുസ്തഫാ (സ) യുടെ ശിഷ്യനു മാകുന്നു.''

മറ്റൊരു സ്ഥലത്ത് പറയുന്നു: ''അല്ലാഹു ഏതൊരു വിശ്വാസ ത്തിലാണോ നമ്മേ അടിയുറപ്പിച്ചു നിർത്തിയിരിക്കുന്നത്, എന്റെ സുഹൃത്തെ അതെന്താണെന്നറി യുക! അല്ലാഹുവിനെ ഞങ്ങളുടെ നാഥനായി കരുതി അവനിൽ ഞങ്ങൾ വിശ്വസിച്ചു. ഹദ്റത്ത് മുഹമ്മദ് (സ) യെ പ്രവാചകനായി മനസ്സിലാക്കി അദ്ദേഹത്തിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അദ്ദേഹം ഖാത്തമുന്നബിയ്യീനാണെ ന്നതിലും ഞങ്ങൾ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനിലും ഞങ്ങൾ വിശ്വസിക്കുന്നു. കാരണം അത് കാരുണ്യവാരിധിയായ അല്ലാഹു വിൽ നിന്നുള്ളതാണ്. വിശുദ്ധ ഖുർആന്റെ വിവരണങ്ങൾക്കും അതിലെ ഖണ്ഡിതവചനങ്ങൾക്കും സംഭവങ്ങൾക്കും വിരുദ്ധമായ ഒന്നും ഞങ്ങൾ സ്വീകരിക്കുന്നതല്ല. ആ കാര്യങ്ങൾ യുക്തിയിലധി ഷ്ഠിതമാണെന്ന് പറഞ്ഞാലും ശരി. അതല്ലെങ്കിൽ ഹദീസ് പണ്ഡിതന്മാർ ഹദീസിന്റെ ഗണത്തിൽ ഉൾപ്പെടു ത്തിയ പ്രമാണങ്ങളിൽ ഉൾപ്പെട്ടവ യാണെങ്കിലും ശരി. അതുമല്ലെങ്കിൽ ആ വചനങ്ങൾ സ്വഹാബാക്കളു ടേതോ താബിഈങ്ങളുടേതോ ആയാലും ശരി. കാരണം വിശുദ്ധ ഖുർആനിലെ ഓരോ വാക്കും പരമ്പരയായി സത്യപ്പെടുത്തപ്പെട്ടി ട്ടുള്ളതാണ്. അത് ഓതപ്പെട്ട വഹ് യാണ്. അത് ഖണ്ഡിതവും സംശയ രഹിതവുമാണ്. ഇതിന്റെ പ്രബല തയിൽ ആരെങ്കിലും സംശയിക്കു കയാണെങ്കിൽ അവൻ കാഫിറും അകറ്റപ്പെട്ടവനും ധിക്കാരികളിൽ പെട്ടവനുമാണെന്ന് ഞങ്ങൾ മനസ്സി ലാക്കുന്നു. ഖുർആൻ ഖണ്ഡിതവും പ്രബലവുമായതാണ്. അത് അതി ന്റെ സ്ഥാനമഹത്വത്തിൽ മറ്റെല്ലാ പ്രബന്ധങ്ങളേക്കാളും ദിവ്യ വെളി പാടുകളേക്കാളും ഔന്നത്യം പുലർ ത്തുന്നതാണ്. കാരണം അത് മനുഷ്യസ്പർശനത്തിൽ നിന്നും അതീതമാണ്. അതല്ലാത്ത മറ്റു ഗ്രന്ഥങ്ങൾക്കും വചനങ്ങൾക്കും ഈ സ്ഥാനത്ത് എത്താൻ കഴിയു കയില്ല. മറ്റു ഗ്രന്ഥങ്ങൾക്ക് ഇതിനേ ക്കാളും മുൻഗണന നൽകുന്നവർ യഥാർഥത്തിൽ ഊഹത്തിന് ദൃഢജ്ഞാനത്തിനേക്കാൾ മുൻ

തൂക്കം നൽകിയവനാണ്."

മറ്റൊരു സ്ഥലത്ത് പറയുന്നു: ''ഞങ്ങളുടെ എതിരാളികളായ പണ്ഡിത വർഗം ജനങ്ങളിൽ ഞങ്ങളോടുള്ള വെറുപ്പ് കുത്തി വെച്ചുകൊണ്ട് ഞങ്ങളെ കാഫിറും മതനിഷേധികളുമായി മുദ്രകു ത്താൻ ശ്രമിക്കുന്നു. ഈ വ്യക്തി യും അദ്ദേഹത്തിന്റെ ജമാഅത്തും ഇസ്‌ലാമിക വിശ്വാസങ്ങളിൽ നിന്നും പ്രവാചക മതത്തിൽ നിന്നും വഴി പിഴച്ചവരാണെന്ന് ധരിപ്പിക്കാൻ അവർ ശ്രമിക്കുന്നു. യഥാർഥത്തിൽ ഇവയെല്ലാം തന്നെ അസൂയാലുക്കളായ പണ്ഡിത വർഗത്തിന്റെ പ്രവർത്തിയാണ്. ഏതൊരു ഹൃദയത്തിലാണോ അണുമണി തൂക്കം തഖ്‌വയുള്ളത് അവർക്ക് ഇവ്വിധമുള്ള വ്യാജാ രോപണം ഒരിക്കലും ചെയ്യാൻ സാധ്യമല്ല. ഇസ്‌ലാമിന്റെ അടിത്തറ ഏതൊരു അഞ്ചു കാര്യങ്ങളി ലാണോ വെച്ചിട്ടുള്ളത് അതാണ് ഞങ്ങളുടെ വിശ്വാസം. അല്ലാഹു വിന്റെ ഏതൊരു ഗ്രന്ഥത്തെ അഥ വാ ഖുർആനെ മുറുകെ പിടിക്കണം എന്ന് കല്പ്പിക്കപ്പെട്ടിരിക്കുന്നുവോ അതിനെ ഞങ്ങൾ മുറുകെ പ്പിടിക്കുന്നു. ഫാറൂഖ് (റ) പറഞ്ഞതു പോലെ ഞങ്ങളുടെ നാവിൽ ഹസ്ബുനാ കിതാബുല്ലാഹ് (ഞ ങ്ങൾക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മതി) എന്നതാണുള്ളത്. ഹദീസിനും ഖുർആനും ഇടയിൽ വല്ല തർ ക്കവും വരുമ്പോൾ ഹദ്റത്ത് ആയിശാ (റ) യെ പോലെ ഞങ്ങൾ ഖുർആന് മുൻഗണന നൽകുന്ന താണ്. പ്രത്യേകിച്ച് കഥാകഥന ങ്ങൾക്കെതിരിൽ. കാരണം അത് സ്ഥിരീകരിക്കപ്പെട്ടതും കൂടിയല്ല. അല്ലാഹു അല്ലാതെ ഒരാരാധ്യ നുമില്ലെന്ന് ഞങ്ങൾ അടിയുറച്ച് വിശ്വസിക്കുന്നു. സയ്യിദുനാ ഹദ്റ ത്ത് മുഹമ്മദ് മുസ്തഫാ (സ) അവന്റെ പ്രവാചകനും ഖാത്തമുൽ അമ്പിയാവും ആണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മലക്കുകൾ സത്യ മണെന്നും പുനരുദ്ധാരണം സത്യമാ ണെന്നും, കണക്കെടുപ്പിന്റെ ദിനം സത്യമാണെന്നും, സ്വർഗം സത്യമാ ണെന്നും, നരകം സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞ കാര്യങ്ങളെല്ലാം തന്നെയും, നമ്മുടെ പ്രവാചകൻ (സ) പറഞ്ഞ കാര്യ ങ്ങളഖിലവും മുകളിൽ പറഞ്ഞതു പോലെ സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇസ്‌ലാമിക ശരീഅത്തിൽ നിന്ന് ഒരു അണു മണിത്തൂക്കം കുറവ് വരുത്തു ന്നവനും അതിൽ അണുമണിത്തൂ ക്കം കൂട്ടുന്നവനും അതിന്റെ കല്പ നകൾ ലംഘിക്കുന്നവനും പുതിയ മാർഗങ്ങൾ സ്വീകരിക്കുന്നവനും വിശ്വാസമില്ലാത്തവനും ഇസ്‌ലാമിൽ നിന്ന് പിൻതിരി ഞ്ഞവനുമാണെന്ന് ഞങ്ങൾ വിശ്വ സിക്കുന്നു."

നാം നമ്മുടെ ജമാഅത്തിനെ ഇപ്രകാരം ഉപദേശിക്കുന്നു. ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂ ലുല്ലാഹ് എന്ന ഈ പരിശുദ്ധ കലിമയിൽ നിങ്ങൾ സത്യഹൃദ യത്തോടു കൂടി വിശ്വസിക്കുക. ഇതിൽ നിന്നുകൊണ്ട് മരിക്കുക. വിശുദ്ധ ഖുർആനിൽ നിന്നും ഏതെല്ലാം പ്രവാചകരുടെയും ഗ്രന്ഥങ്ങളുടെയും സത്യതയാണോ തെളിയുന്നത് അവയിലെല്ലാം വിശ്വസിക്കുക. നോമ്പ്, നമസ്കാരം, സകാത്ത്, ഹജ്ജ് എന്നിവ അനു ഷ്ഠിക്കുകയും അല്ലാഹുവും അവ ന്റെ റസൂലും നിർബന്ധമാക്കിയ സർവ കാര്യങ്ങളും നിർബന്ധ മാണെന്ന് തന്നെ കരുതുകയും നിഷിദ്ധമാക്കിയ സർവതും നിഷിദ്ധ മാണെന്ന് തന്നെ കരുതി യഥാർഥ രീതിയിൽ ഇസ്‌ലാമിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക. ചുരുക്ക ത്തിൽ മുൻ കഴിഞ്ഞ മഹാത്മാക്കൾ ഏതെല്ലാം കാര്യങ്ങളെയാണ് വിശ്വാ സപരമായും കർമപരമായും വിശ്വാ സത്തിന്റെ ഭാഗമാണെന്ന് ഏകകഠ മായി തീരുമാനിച്ചത്, അഹ്‌ലെ സുന്നത്തിന്റെ ഏകകഠമായ അഭി പ്രായത്തിൽ ഏതൊന്നാണോ ഇസ് ലാം എന്ന് അറിയപ്പെടുന്നത് അതെ ല്ലാം അംഗീകരിക്കേണ്ടത് നിർ ബന്ധ മാണ്. ഇതാണ് ഞങ്ങളുടെ മത വിശ്വാസമെന്നതിൽ ഞങ്ങൾ ആകാ ശഭൂമികളെ സാക്ഷിനിർത്തുന്നു. എന്നാൽ ഇതിനു വിരുദ്ധമായി ഞങ്ങളെക്കുറിച്ച് മറ്റു വല്ല വ്യാജാ രോപണവും നടത്തുകയാണെ ങ്കിൽ അവർ തഖ്‌വയും വിശ്വസ്ത തയും കൈവിട്ടുകൊണ്ട് കറ്റുകെട്ടി പറയുകയാണ് ചെയ്യുന്നത്. ഖിയാ മത്ത് നാളിൽ ഞങ്ങൾക്ക് അവരോട് ചോദിക്കാനുള്ളത് ഞങ്ങൾ ഇത്ര യും ശക്തമായി പറഞ്ഞിട്ടും ഞങ്ങ ളുടെ വാക്കുകൾക്ക് വിരുദ്ധമാണ് ഞങ്ങളുടെ ഹൃദയത്തിലുള്ള തെന്ന് മനസ്സിലാക്കാൻ അവർ എപ്പോ ഴാണ് ഞങ്ങളുടെ ഹൃദയം പിളർ ത്തി നോക്കിയത്? അലാ ഇന്ന ലഅ്നത്തല്ലാഹി അലൽ കാദിബീൻ വൽ മുഫ്ത്തരീൻ."

അത്കൊണ്ട് ഈ പ്രസ്താവന കൾക്ക് ശേഷം നഊദുബില്ലാഹ്, ഹദ്റത്ത് മസീഹ് മൗഊദ് (അ) തിരുനബി (സ) യുടെ മഹിത സ്ഥാനത്തെ ഇകഴ്ത്തി എന്ന് ആർക്കാണ് പറ യാൻ സാധിക്കുക? വിശുദ്ധ ഖുർ ആൻ പറഞ്ഞതും തിരുനബി (സ) വിവരിച്ചതുമായ ഇസ്‌ലാമിക വൃത്ത ത്തിൽ നിന്നും അദ്ദേഹം പുറത്തു പോയെന്നും ആർക്കാണ് പറയാൻ കഴിയുക! ഇവർ പരസ്പരം നൽകി യിരിക്കുന്ന ഫത്‌വകൾ വായിച്ചു കേൾപ്പിക്കുകയുണ്ടായി. കലിമ ചൊല്ലുന്നവർക്കെതിരിൽ കുഫ്റ് ഫത്‌വ നൽകാത്തതും ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്താ ക്കാത്തതുമായ ഒരു ഇസ്‌ലാമിക സംഘടനയും അഹമദിയ്യാ ജമാഅ ത്തല്ലാതെ ഇന്ന് ഭൂമുഖത്ത് നിങ്ങൾ ക്ക് കാണാൻ സാധ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെ കാഫിറെന്ന് പറയുന്നവരെ യും തനിക്കെതിരിൽ കുഫ്റ് ഫത്‌വ പുറപ്പെടുവിക്കുന്നവരെയും കുറിച്ച് അവർ തിരുനബി (സ) യുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കലിമ ചൊല്ലുന്നവരെ കാഫിറെന്ന് പറയുന്നവർക്കെതിരിൽ അവരുടെ കുഫ്റ് തിരിച്ചടിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ടെന്നത് സത്യമാണ്.

ആ മഹാത്മാവ് പറയുന്നു, ''തുടക്കം മുതൽക്കുള്ള എന്റെ

നിലപാട് ഇതാണ്. എന്റെ വാദത്തെ നിഷേധിക്കുന്നു എന്ന ഒറ്റ കാരണം കൊണ്ട് ആരും കാഫിറോ ദജ്ജാലോ ആകുന്നതല്ല. അവർ വഴികേടിലും പ്രതിഫലത്തിൽ നിന്ന് അകറ്റപ്പെട്ടവരുമായിത്തീരുന്നതാണ്. അവിശ്വാസി എന്ന് ഞാൻ അങ്ങനെയുള്ളവരെ കുറിച്ച് പറയുന്നില്ല. എന്നാൽ അല്ലാഹു എന്നിൽ വെളിപ്പെടുത്തിയ സത്യങ്ങളെ നിഷേധിക്കുന്ന എല്ലാവരെയും ഞാൻ വഴികേടിലും, സത്യത്തിൽനിന്നും പ്രതിഫലം ലഭിക്കുന്നതിൽ നിന്നും അകറ്റപ്പെട്ടവനുമാണെന്ന് മനസ്സിലാക്കുന്നു. സത്യത്തിൽ നിന്നും സ്വാതികതയിൽ നിന്നും മുഖം തിരിക്കുന്ന എല്ലാവരെയും ഞാൻ വഴികേടിലാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ കലിമ ചൊല്ലുന്ന ഒരു വ്യക്തിയെ പോലും ഞാൻ കാഫിർ എന്ന് പറയുന്നില്ല. ഏതു വരെ അവർ എന്നെ നിഷേധിക്കുകയും എന്നെ കാഫിറാക്കുകയും ചെയ്തു കൊണ്ട് സ്വയം കാഫിറായിത്തീരുന്നില്ലയോ? ചുരുക്കത്തിൽ ഇക്കാര്യത്തിൽ എപ്പോഴും തുടക്കമിട്ടിരിക്കുന്നത് നമ്മുടെ എതിരാളികളാണ്. അവർ എന്നെ ആദ്യം കാഫിറെന്ന് പറഞ്ഞു. എനിക്കെതിരിൽ കുഫ്റ് ഫത്വ തയ്യാറാക്കുകയുണ്ടായി. ഞാൻ മുന്നിട്ടിറങ്ങി അവർക്കെതിരിൽ ഒരു ഫത്വയും തയ്യാറാക്കിയിട്ടില്ല. ഇത് അവരെല്ലാം ഏറ്റു പറയുന്നതാണ്. ഞാൻ അല്ലാഹുവിന്റെ പക്കൽ മുസ്‌ലിമാണെങ്കിൽ എന്നെ കാഫിർ ആക്കുന്നതിലൂടെ, കാഫിർ ആക്കുന്നവർക്കെതിരിലുള്ള തിരുനബി (സ) യുടെ ഫത്വ എന്നത് അവർ സ്വയം കാഫിറായിത്തീരും എന്നതാണ്. അതു കൊണ്ട് ഞാൻ അവരെ കാഫിറാക്കുന്നില്ല. അവർ എന്നെ കാഫിറാക്കികൊണ്ട് തിരുനബി (സ) യുടെ ഫത്വക്ക് കീഴിൽ വരികയാണ് ചെയ്യുന്നത്.''

അതുകൊണ്ട് അഹ്മദിയ്യത്തിന്റെ എതിരാളികളെ! പൊതുജനങ്ങളുടെ വികാരത്തെ ഇളക്കിവിട്ടുകൊണ്ട് നിങ്ങൾ തിരുനബി (സ) യുടെ പ്രിയ പ്രേമിക്കെതിരിൽ ആക്ഷേപങ്ങൾ തൊടുത്തു വിടാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അതേപോലെ അദ്ദേഹത്താൽ സ്ഥാപിതമായ ജമാഅത്തിനെതിരിൽ നിങ്ങൾക്ക് കഴിയുന്ന സ്ഥലങ്ങളിലെല്ലാം ആക്രമത്തിന്റെ മതിലുകൾ സ്ഥാപിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ ഉള്ളറകളിലേക്കൊന്ന് എത്തിനോക്കുക. നിങ്ങളുടെ ഈ പ്രവൃത്തി അല്ലാഹുവിന്റെ പിടിത്ത ത്തിലേക്ക് നിങ്ങളെ അതിശീഘ്രം കൊണ്ടു വരികയല്ലേ ചെയ്യുന്നത്.

പൊതു മുസ്‌ലീംകളോടും എനിക്ക് പറയാനുള്ളത് ഇതാണ്. ഒരു വിശ്വാസിക്ക് ശരിയായ ഉൾക്കാഴ്ച്ച ലഭിക്കുന്നതാണ്. നിങ്ങളൊന്ന് ചിന്തിക്കൂ! ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നവർ ഇക്കാലത്ത് ഞങ്ങളാണോ അതോ കുഫ്റ് ഫത്വ പുറപ്പെടുവിക്കുന്ന ഇവരോ? ലക്ഷക്കണക്കിന് പരിശുദ്ധാത്മാക്കൾ അഹ്മദിയ്യത്ത് മുഖേന ഇസ്‌ലാമിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. ആഫ്രിക്കയിൽ ഒരു മൗലവി സാഹിബ് നമ്മുടെ പുസ്തകം കൊണ്ട് പോയി. അദ്ദേഹം പറഞ്ഞത് ഇതിൽ നിന്നും ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ 19 ക്രിസ്ത്യാനികളെ ഞാൻ ഇസ്‌ലാമിൽ പ്രവേശിപ്പിക്കുകയുണ്ടായി. നോക്കൂ, ഇന്ന് വിശുദ്ധ ഖുർആനെ പ്രചരിപ്പിക്കുന്നവർ ഞങ്ങളാണോ അതോ കുഫ്റ് ഫത്വ പുറപ്പെടുവിക്കുന്ന ഇവരാണോ? തിരുനബി (സ) യുടെ ജീവചരിത്രത്തിലെ അതിമനോഹരമായ മാതൃകകൾ ഞങ്ങളാണോ ലോകത്തിന് പറഞ്ഞു കൊടുക്കുന്നത് അതോ കുഫ്റ് ഫത്വ പുറപ്പെടുവിക്കുന്ന ഇവരോ? ഇന്ന് ലോകത്ത് മസ്ജിദ് നിർമാണം നടത്തുന്നത് ഞങ്ങളോ അതോ ഇവരോ? മാനവ സമൂഹത്തെ സേവിക്കുന്നതിന്, ആരോഗ്യ രംഗത്തായാലും വിദ്യാഭ്യാസ രംഗത്തായാലും ഭക്ഷണത്തിന്റെ കാര്യത്തിലായാലും വെള്ളമെത്തിക്കുന്ന കാര്യത്തിലായാലും മറ്റു മാനുഷിക ആവശ്യങ്ങൾ പൂർത്തിയാക്കുന്ന കാര്യത്തിലായാലും ഞങ്ങളാണോ ഇവയെല്ലാം ചെയ്യുന്നത് അതോ കുഫ്റ് ഫത്വ പുറപ്പെടുവിപ്പിക്കുന്നവരാണോ? സന്മനസുകൾ ഇതെല്ലാം ഏറ്റു പറയുന്നുണ്ട്. എം.ടി.എ. യിലെ പ്രോഗ്രാമുകൾ കണ്ട് കൊണ്ട് ആയിരക്കണക്കിന് കത്തുകൾ നമ്മുടെ ഓഫീസുകളിലേക്കും എം.ടി.എ. ക്കും വരുന്നുണ്ട്. അവർ എഴുതുന്നത് നിങ്ങളുടെ ഈ പ്രോഗ്രാമുകൾ കാണുമ്പോൾ ഞങ്ങൾ ആശ്വസിക്കുകയാണ്. കാരണം ഇസ്‌ലാമിന്റെ മനോഹര സന്ദേശത്തെ എത്തിക്കുന്ന ഏതെങ്കിലും ഒരു ജമാഅത്തെങ്കിലും ലോകത്തുണ്ടല്ലോ. ഇസ്‌ലാമിനെ അക്രമിക്കുന്നവരുടെ വായ അടപ്പിക്കാനും ഒരു കൂട്ടരുണ്ടല്ലോ എന്ന് ഞങ്ങൾ ആശ്വസിക്കുന്നു....................

ഞാൻ ഇവിടെ വിവിധ ഉദ്ധരണികളുടെ അടിസ്ഥാനത്തിൽ അൽപം വിശദമായി കാര്യങ്ങൾ പറയുകയുണ്ടായി. ഇതിനു കാരണം വിവിധ കോണുകളിൽ നിന്ന് സമയാസമയങ്ങളിൽ കുഫ്റ് ഫത്വകൾ പൊങ്ങിവരാറുണ്ട്. ചിലപ്പോൾ ചിലവശത്ത് നിന്ന് മറ്റു ചിലപ്പോൾ മറു വശത്ത് നിന്ന്. ഇതിനെ ഖണ്ഡിക്കാനുള്ള കഴിവ് പുതിയ തലമുറക്ക് ഉണ്ടായിരിക്കേണ്ടതാണ്. അതു കൊണ്ടാണ് ഞാൻ അല്പം വിവരിച്ചത്. സത്യാന്വേഷികൾക്കും ഇതിനെകുറിച്ച് അറിവ് ഉണ്ടാകുന്നതാണ്. എതിരാളികളെ അന്ധമായി പിൻപറ്റുന്നവർക്കും ഞങ്ങളുടെ കാഴ്ച്ചപ്പാടുകൾ എന്താണെന്ന് അറിയാൻ സാധിക്കുന്നതാണ്.

ഞാൻ ചുരുക്കുകയാണ്. ഞങ്ങൾ മുസ്‌ലിംകളാണ്. തിരുനബി (സ) യുടെ പ്രവചനപ്രകാരം എല്ലാവിധ പ്രോജ്ജ്വലമായ തെളിവുകൾ മുഖേന ഇക്കാലത്ത് അല്ലാഹു അയച്ച ഇമാമിന്റെയും വാഗ്ദത്ത മസീഹിന്റെയും മഹ്ദിയുടെയും വാക്കുകളുടെ അടിസ്ഥാനത്തിലും ഞങ്ങൾ മുസ്‌ലിംകളാണ്. തിരുനബി (സ) ഒരു മുസ്‌ലിമിന് നൽകിയിരിക്കുന്ന എല്ലാ നിർവചനങ്ങളുടെയും അടിസ്ഥാന

ത്തിലും ഞങ്ങൾ മുസ്‌ലിംകളാണ്. തിരുനബി(സ)യുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ മുസ്‌ലിമിനെ കാഫിറെന്ന് പറയുന്നവർ കാഫിറാകുന്നതാണ്. അല്ലാഹുവിന്റെ തീരുമാനത്തിന്റെ അടിസ്ഥാ നത്തിലും ഞങ്ങൾ മുസ്‌ലിംകളാണ്. അവനാണ് ഞങ്ങളുടെ പേര് മുസ്‌ലിം എന്ന് വെച്ചിരിക്കുന്നത്. അവൻ വ ആഖരീന മിൻഹും ലമ്മായൽ ഹകൂബിഹിം (ഇവരോട് ഇതേവരെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും) എന്ന പ്രഖ്യാപനം നടത്തിക്കൊണ്ട് ഞങ്ങളെ യഥാർഥ ഇസ്‌ലാമിക സംഘത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ആ സംഘത്തിന്റെ തുടക്കവും ഇസ്‌ലാം ആണ്. അതിന്റെ അവസാനവും ഇസ്‌ലാമാണ്. അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുകയും സൽക്കർമമനുഷ്ഠിക്കുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവൻ തന്നെയാണെന്നു പറയുകയും ചെയ്യുന്ന ഒരുവനേക്കാൾ നല്ല വാക്ക് പറയുന്നവനാരുണ്ട്? എന്ന വചനത്തിന്റെ അടിസ്ഥാനത്തിലും ഞങ്ങൾ മുസ്‌ലിംകളാണ്. ജമാഅത്ത് എന്ന നിലയിൽ ഇന്ന് പാശ്ചാത്യരെയും പൗരസ്ത്യരെയും മറ്റു ജനവിഭാഗങ്ങളെയും അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ജമാഅത്ത് ഇതല്ലാതെ വേറെ ഏതാണുള്ളത്? അല്ലാഹുവിന്റെ മഹത്തായ ഗ്രന്ഥത്തിന്റെ സന്ദേശം യൂറോപ്പിലും അമേരിക്കയിലും എല്ലാം പ്രചരിപ്പിക്കുന്നത് ഈ പ്രസ്ഥാനമാണ്. ഏഷ്യയിലും ആഫ്രിക്കയിലും ആസ്ത്രേലിയായിലും ദ്വീപുകളിലും എല്ലാം ഇത് പ്രചരിപ്പിക്കുന്നു. അറബികളിലുള്ള മാന്യന്മാർ ഇതിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ഇന്ന് തെളിവുകളുടെയും പ്രമാണങ്ങളുടെയും തർക്ക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ സ്ഥാനം ഉയർത്തിപ്പിടിക്കുന്നതുപോലെ ഇസ്‌ലാമിന്റെ മറ്റേതെങ്കിലും കക്ഷികൾ അതിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതായിട്ടുണ്ടോ? മറ്റുള്ള ജനവിഭാഗത്തിന്റെ മുമ്പാകെ അഹ്മദികൾ സ്ഥാപിക്കുന്നതു പോലെ ഇസ്‌ലാമിന്റെ മഹത്വം സ്ഥാപിക്കുന്ന, അതല്ലെങ്കിൽ അതിന്റെ അടുത്തെങ്കിലും എത്തുന്ന ഏതെങ്കിലും ഇസ്‌ലാമിക സംഘടനയുണ്ടോ?

വ അഖീമുസ്വലാത്ത വ ആത്തുസ്സകാത്ത വഅ്തസിമൂ ബില്ലാഹി എന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ പ്രവേശിച്ചതുകൊണ്ട് അതിന്റെ ആന്തരജ്ഞാനം അല്ലാഹു ഞങ്ങൾക്ക് മനസ്സിലാക്കിത്തരികയും ചെയ്ത വചനത്തിന്റെ അടിസ്ഥാനത്തിലും ഞങ്ങൾ മുസ്‌ലിംകളാണ്. ഇന്ന് ഭൂതലത്തിൽ അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റൊരു ജമാഅത്തും തന്നെ ജമാഅത്തീതലത്തിൽ ലോകാടിസ്ഥാനത്തിൽ നമസ്കാരം നിലനിർത്തുന്നതിന് വേണ്ടി പരിശ്ര മിക്കുന്നതായിട്ടില്ല. അതേ പോലെ ആഗോളതലത്തിൽ മതപരമായ കാര്യങ്ങൾക്കായി സാമ്പത്തിക പദ്ധതി ആവിഷ്ക്കരിക്കുകയും സകാത്ത് സ്വരുകൂട്ടുകയും ചെയ്യുന്ന ഒരു ജമാഅത്തും അഹ്മദിയ്യാ ജമാഅത്തല്ലാതെ ലോകത്തില്ല. ഖിലാഫത്തിനെ മുറുകെ പിടിച്ചുകൊണ്ട് അല്ലാഹുവുമായി ശക്തമായ ബന്ധം സ്ഥാപിക്കുന്ന ഒരു ജമാഅത്തും ഇതല്ലാതെ മറ്റൊന്ന് ലോകത്തില്ല. അതു കൊണ്ട് നമുക്ക് ഇന്ന് ഈ സംവിധാനവുമായി ബന്ധപ്പെടുന്ന കാരണം നിങ്ങളാണ് യഥാർഥ മുസ്‌ലിംകൾ എന്ന സുവാർത്ത ലഭിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവാണ് നിങ്ങളുടെ യജമാനനും സഹായിയും എന്ന സുവാർത്ത ലഭിക്കുന്നു. അല്ലാഹു എത്ര നല്ല യജമാനൻ, എത്ര നല്ല സഹായി. അല്ലാഹുവിന്റെ സഹായവും ഇന്ന് നമ്മുടെ കൂടെയാണ്. ഇതുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഞാൻ മുമ്പ് കേൾപ്പിച്ചിരുന്നു. അല്ലാഹു അദ്ഭുതകരമായ രീതിയിൽ തന്റെ സഹായത്തിന്റെയും സഹകരണത്തിന്റെയും കാഴ്ച്ചകൾ കാണിച്ചു കൊണ്ടിരിക്കുകയാണ്. ഇക്കൂട്ടർ ഇസ്‌ലാമിൽ നിന്ന് പുറത്താക്കുന്നവർക്കാണോ അല്ലാഹു ഈ സഹായത്തിന്റെ ദൃശ്യങ്ങൾ കാണിക്കുന്നത്? അല്ലാഹു യജമാനനും സഹായിയുമല്ലാത്തവർക്കാണോ ഈ ദൃശ്യങ്ങൾ കാണിക്കുന്നത്? ഈ ചിന്ത പമ്പര വിഡ്ഢിത്തമല്ലാതെ മറ്റെന്ത്?

ഞങ്ങൾ മുസ്‌ലിംകളാണ്, അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാം എന്ന അടിയുറച്ചതും സുദൃഢവുമായ വിശ്വാസത്തിൽ ഓരോ അഹ്മദിയും ഇന്ന് അടിയുറച്ച് നിൽക്കുന്നു. ഞങ്ങളുടെ എതിരാളികളുടെ സന്താന പരമ്പര ഒന്നിന് ശേഷം ഒന്നായി ഈ ലോകത്തോട് വിട പറയും. എന്നാൽ അല്ലാഹുവിനാൽ സ്ഥാപിക്കപ്പെട്ട പ്രസ്ഥാനത്തിന് അവർക്ക് ഒരു നഷ്ടവും വരുത്താൻ സാധിക്കില്ല. അവർക്ക് ഭാവിയിലും നഷ്ടം വരുത്താൻ കഴിയില്ല ഇൻശാ അല്ലാഹ്. യഥാർഥ മുസ്‌ലിംകൾ എന്ന ഈ സ്ഥാനം ഇവർക്ക് നമ്മിൽ നിന്നും ഇതുവരെയും പിടിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഇനി ഇവർക്കൊട്ടു സാധിക്കുന്നതുമല്ല. ഞങ്ങൾ മുസ്‌ലിംകൾ ആണ്. ഭാവിയിലും മുസ്‌ലിംകളായിത്തന്നെ തുടരുന്നതാണ്. അഹ്മദിയ്യത്തിന്റെ എതിരാളികളോട് എനിക്ക് പറയാനുള്ളത് ഇതാണ്. അല്ലാഹുവിന്റെ വിധിയോട് പോരിന് പുറപ്പെടരുത്. നാമധാരികളായ മുല്ലാവർഗത്തിന്റെ ശബ്ദം കേട്ടുകൊണ്ട് ചിലർ എതിർക്കുന്നു. അതിനാൽ മുസ്‌ലിം നാമധാരികളായ മുല്ലാവർഗ്ഗത്തിന്റെ ശബ്ദം കേൾക്കുന്നതിനു പകരം അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ശബ്ദം ശ്രവിക്കുക. അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നൽകട്ടെ. അല്ലാഹു നമ്മുടെ വിശ്വാസത്തെ വർധിപ്പിക്കട്ടെ.

വിവർത്തനം: എം. നാസിർ അഹ്മദ്, കൊടിയ ത്തൂർ

# മതവും ബലപ്രയോഗവും

ജ്ഞാനപൂർണമായ ഇസ്‌ലാം ബലപ്രയോഗത്തെ പൂർണ മായും നിരാകരിക്കുന്നു

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഒരു മതത്തിന് എങ്ങനെയാണ് സാർവത്രികവും സാർവദേശീയവും, ആഗോളീയവും ആണെന്നു അവകാശപ്പെടുകയും അതേസമയം സംഘർഷത്തിന് കാരണമാകാതിരിക്കാനും കഴിയുക? സാർവത്രിക സന്ദേശം വഹിക്കുകയും ആഗോളീയമായ ആഗ്രഹങ്ങൾ വെച്ചു പുലർത്തുകയും ചെയ്യുന്ന ഒരു മതത്തിനും ശക്തി ഉപയോഗിച്ചുകൊണ്ട് അതിന്റെ സന്ദേശം പ്രചരിപ്പിച്ച് മാനവരാശിയെ ഒരു കൊടിക്കീഴിൽ ഒന്നിപ്പിക്കാമെന്ന ചിന്ത ഒരു നിമിഷം പോലും വെച്ചു പുലർത്താൻ സാധ്യമല്ല.

Sword can win territories but not hearts

Force can bend heads but not minds.

വാൾതലപ്പുകൾക്ക് അതിർത്തികളെ ജയിച്ചടക്കാം

പക്ഷേ, ഹൃദയങ്ങളെ ജയിച്ചടക്കാനാവില്ല.

ശക്തി ഉപയോഗിച്ച് ശിരസ്സിനെ നമിപ്പിക്കാം

പക്ഷേ, മനസ്സിനെ കുനിപ്പിക്കാനാവില്ല.

ഇസ്‌ലാം അതിന്റെ സന്ദേശം പ്രചരിപ്പിക്കാൻ ബലപ്രയോഗം ഒരിക്കലും ഉപാധിയാക്കാൻ അനുവദിക്കുന്നില്ല. അത് പ്രഖ്യാപിക്കുന്നു.

'മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നു.' (അദ്ധ്യാ. 2, അൽബഖറ: 257)

അതിനാൽ യാതൊരു ബലാൽക്കാരത്തിന്റെയും ആവശ്യമില്ല. എവിടെയാണ് സത്യം നില കൊള്ളുന്നത് എന്ന കാര്യത്തിന്റെ തീരുമാനം അന്വേഷകനായ മനുഷ്യന് വിടുക. സമൂഹത്തെ പരിഷ്ക്കരിക്കാൻ ബലം പ്രയോഗിക്കാമെന്ന യാതൊരാശയവും വെച്ചു പുലർത്താൻ പാടില്ലെന്ന് ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകരെ അഭിസംബോധന ചെയ്തുകൊണ്ട് ദൈവം താക്കീത് ചെയ്യുന്നുണ്ട്. പരിഷ്ക്കർത്താവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്ഥാനം താഴെ കാണുന്ന വചനങ്ങളിൽ വ്യക്തമാക്കുന്നു.

'അതിനാൽ നീ ഉപദേശിക്കുക. നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല.' (അദ്ധ്യാ. 88, അൽഗാശിയ: 22-23)

ഈ പ്രമേയം ഒന്നുകൂടി വിശദീകരിച്ചുകൊണ്ട് പ്രവാചകനായ മുഹമ്മദി (സ) നെ ഓർമിപ്പിക്കുന്നുണ്ട്.

'ഇനി അവർ പിന്തിരിഞ്ഞുപോകുന്നതായാൽ നാം നിന്നെ അവരുടെ മേൽനോട്ടക്കാരനായി നിയമിച്ചിട്ടില്ല. സന്ദേശമെത്തിച്ചു കൊടുക്കുക എന്ന കടമ മാത്രമേ നിനക്കുള്ളൂ. (സന്ദേശം ഫലപ്രദമാക്കേണ്ട കാര്യം ദൈവത്തിന് വിടുക.') (അദ്ധ്യാ. 42, അശ്ശൂറാ: 49)

ഒരു പുതിയ ആശയം രൂപപ്പെട്ടു വരുന്ന പ്രക്രിയയെ തുടർന്ന് അക്രമണോത്സുകമായ പ്രതികരണങ്ങൾ ഉണ്ടായാൽ പോലും ഇസ്‌ലാം അതിന്റെ അനുയായികളോട് സഹനവും ക്ഷമയും കൈക്കൊള്ളാനും കഴിയുന്നതും സംഘട്ടനം ഒഴിവാക്കാനുമാണ് താക്കീതായി പറയുന്നത്. ഇതു പറയുന്നത് എന്ത് കൊണ്ടെന്നാൽ ലോകത്തെവിടെയെങ്കിലും ഒരു മുസ്‌ലിം തന്റെ സന്ദേശം പ്രചരിപ്പിക്കാൻ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടോ അവന് വ്യക്തമായ പെരുമാറ്റ ചട്ടവും ഇസ്‌ലാം സമർപ്പിച്ചിരിക്കുന്നു. ഈ വിഷയം ഒന്നുകൂടി വ്യക്തമാക്കാൻ ഇതുസംബന്ധമായ നിരവധി ഖുർആൻ വചനങ്ങളിൽ നിന്നും ഏതാനും വചനങ്ങൾ ഉദ്ധരിക്കാം.

'തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചുപോകുന്നവനെസ്സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായറിയുന്നു.' (അദ്ധ്യാ. 16, അന്നഹ്ൽ: 126).

ഏറ്റവും നല്ലതുകൊണ്ട് തിന്മയെ നീ തടയുക. അവർ ആരോപിക്കുന്ന കാര്യങ്ങൾ നാം നല്ലവണ്ണം അറിയുന്നു. (അദ്ധ്യാ. 23, അൽ മുഅ്മിനൂൻ: 97)

ഇവിടെ 'അഹ്സൻ' എന്ന പദത്തിന്റെ അർഥം ഏറ്റവും നല്ലത്, ഏറ്റവും ചേതോഹരമായത് ഏറ്റവും മനോഹരമായത് എന്നെല്ലാമാണ്.

വിശ്വാസികൾ സന്ദേശം പ്രചരിപ്പിക്കുമ്പോൾ പാലിക്കേണ്ടുന്ന പെരുമാറ്റച്ചട്ടം ഖുർആൻ വിവരിക്കുന്നു.

കാലത്തെ കൊണ്ടു സത്യം മനുഷ്യൻ നഷ്ടത്തിൽ തന്നെ

യാണ്. സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും സത്യം സ്വീകരിക്കാനും സ്ഥിരചിത്തത കൈകൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ (അദ്ധ്യാ. 103, അൽ അസ്ർ: 2-4).

എന്നിട്ട് അവൻ സത്യവിശ്വാസം സ്വീകരിക്കുകയും പരസ്പരം സഹനം കൈക്കൊള്ളാൻ ഉപദേശിക്കുകയും അന്യോന്യം കരുണ കാണിക്കാൻ ഗുണദോഷിക്കാൻ ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമാകണം. (അദ്ധ്യാ. 90, അൽബലദ് : 18)

**അർഹതയുള്ളതിന്റെ അതിജീവനം**

വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ഒരു സന്ദേശത്തിന്റെ അതിജീവനവും, ആത്യന്തിക വിജയവും അതിന്റെ വാദങ്ങളുടെ ശേഷിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അല്ലാതെ അതിന് പ്രയോഗിക്കാൻ കഴിയുന്ന ബലത്തെ അടിസ്ഥാനമാക്കിയല്ല. വിശുദ്ധ ഖുർആന്റെ നിലപാട് ഇക്കാര്യത്തിൽ വളരെ വ്യക്തവും കണിശവുമാണ്. ഏറ്റവും ബലവത്തായ ശക്തി സത്യത്തെ ഉന്മൂലനം ചെയ്യാനും അസത്യത്തെ പിന്തുണക്കാനും നിയോഗിച്ചാലും അത്തരം ശ്രമങ്ങൾ നിശ്ചയമായും പരാജയപ്പെടുകയും നിഷ്ഫലമാവുകയും ചെയ്യും. സംഹാരാത്മകമായ ഭൗതിക ആയുധങ്ങളുടെ മേൽ യുക്തിയാണ് എപ്പോഴും വിജയിക്കുക. ഉദാഹരണമായി ഖുർആൻ പറയുന്നു.

'അല്ലാഹുവിനെ (ഒരു ദിവസം) കണ്ടുമുട്ടുന്നവരാണെന്ന് ദൃഢമായി വിശ്വസിക്കുന്നവർ പറഞ്ഞു. എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ ആജ്ഞയോടെ വലിയ സംഘങ്ങളെ ജയിച്ചടക്കിയിട്ടുള്ളത്.' (അദ്ധ്യാ.2, അൽബഖറ: സൂക്തം 250)

മേൽപറഞ്ഞ ദൈവികാജ്ഞയുടെ വെളിച്ചത്തിലാണ് ഇസ്‌ലാമിന്റെ ഔന്നത്യം മനസ്സിലാക്കേണ്ടത്.

വിശുദ്ധ ഖുർആന്റെ വചനത്തിന്റെ ഒരു ഭാഗത്ത് ഇങ്ങനെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

.....അല്ലാഹു അവരെക്കുറിച്ചു തൃപ്തരായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തരായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക, അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ (അദ്ധ്യാ. 58, അൽ മുജാദല:23)

ബദ്ർ യുദ്ധവേളയിൽ (ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ യുദ്ധം) മക്കയിലെ ബിംബാരാധകർ എണ്ണത്തിൽ കുറഞ്ഞ മുസ്‌ലിംകളെ ആഞ്ഞടിച്ചു. മക്കക്കാർ എണ്ണത്തിൽ വളരെ അധികവും ആയുധ ശേഖരത്തിലും സജ്ജീകരണങ്ങളിലും മികച്ചവരുമായിരുന്നു. മുസ്‌ലിംകൾ അവരുടെ വ്യക്തിപരമായ അതിജീവനത്തിലുപരി തങ്ങളുടെ ആശയ സംരക്ഷണത്തിനുവേണ്ടി ഒരു പ്രതിരോധയുദ്ധത്തിന് നിർബന്ധിക്കപ്പെടുകയായിരുന്നു.

ഇതുസംബന്ധിച്ച് ഖുർആൻ പറയുന്നു.

'അതായത് തെളിവു മുഖേന നശിച്ചവൻ നശിക്കുവാൻ വേണ്ടിയും തെളിവ് മുഖേന ജീവിച്ചവൻ ജീവിക്കുവാൻ വേണ്ടിയുമാണിത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ല പോലെ അറിയുന്നവനുമാണ്.' (അദ്ധ്യാ.18, അൽ അൻഫാൽ: 43)

മനുഷ്യസമുദായത്തിന്റെ പരിണാമ ചരിത്രത്തിൽ സുപ്രധാനമായൊരു പങ്ക് നിർവഹിച്ച ശാശ്വതമായൊരു നിയമമാണിത്. അർഹതയുള്ളതിന്റെ അതിജീവനമാണ് ഈ സന്ദേശത്തിന്റെ സാരാംശം. വാസ്തവത്തിൽ ജീവന്റെ പരിണാമ ചരിത്രത്തിന്റെ രീതി ശാസ്ത്രവുമിതാണ്.

**ആശയ പ്രചാരണ സ്വാതന്ത്ര്യം**

ആശയ പ്രചാരണ സ്വാതന്ത്ര്യവും ആശയ പ്രകടന സ്വാതന്ത്ര്യവും ഒരു സന്ദേശ പ്രചാരത്തിന്റെ പ്രാണനാണ്. അപ്രകാരം തന്നെ ഈ സ്വാതന്ത്ര്യങ്ങൾ മനുഷ്യന്റെ അന്തസ്സ് പുനസ്ഥാപിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ അന്തസ്സിന്റെ സംരക്ഷണം, പുനസ്ഥാപനം എന്നീ വിഷയങ്ങളിൽ നിലപാടുകളില്ലാത്ത ഒരു മതം യാതൊരു പരിഗണനയും അർഹിക്കുന്നില്ല. എന്തുതന്നെ അംഗീകരിച്ചാലും ശരി ആശയ പ്രചാരണ സ്വാതന്ത്ര്യവും പ്രകടന സ്വാതന്ത്ര്യവും നിഷേധിക്കുക എന്നത് ഇസ്‌ലാമിനെപ്പോലെയുള്ള ഒരു മതത്തിന് വ്യക്തമായും അസാധ്യമാണ്. മറിച്ച് ഇസ്‌ലാം ഈ ആദർശങ്ങൾ ഉയർത്തിപ്പിടിക്കുന്ന രീതിയും ആത്മവിശ്വാസവും മറ്റു പ്രത്യയശാസ്ത്രത്തിലും മതങ്ങളിലും വിരളമായേ കാണാൻ സാധ്യമാവുകയുള്ളൂ. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

'യഹൂദരോ, ക്രൈസ്തവരോ അല്ലാതെ മറ്റാരും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അവർ (യഹൂദികളും, ക്രിസ്ത്യാനികളും) പറയുന്നു. അതവരുടെ വ്യാമോഹങ്ങളാണ്. പറയുക. നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക.' (അദ്ധ്യാ. 2, സൂറ അൽബഖറ: 112)

'അവന് പുറമെ മറ്റു ദൈവങ്ങളെ അവർ സ്വീകരിച്ചുവോ? പറയുക, നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക. ഈ ഗ്രന്ഥം എന്റെ കൂടെയുള്ളവർക്ക് ബഹുമതിക്ക് കാരണമാണ്. എന്റെ മുമ്പുള്ളവർക്കും ബഹുമതിക്ക് കാരണമാണ്. പക്ഷേ, അവരിൽ അധികമാളുകളും സത്യം അറിയുന്നില്ല. അതിനാൽ അവർ മുഖം തിരിച്ചുകളയുന്നു.' (അദ്ധ്യാ.21, അൽ അമ്പിയാഅ്: 25)

'ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം പുറത്ത് കൊണ്ടുവരും. എന്നിട്ട് 'നിങ്ങളുടെ തെളിവ് കൊണ്ട് വരിക' എന്ന് നാം പറയും. അപ്പോൾ, സത്യം അല്ലാഹുവിന് തന്നെയാണെന്ന് അവർ അറിയും. അവർ വ്യാജമായി നിർമിച്ചിരുന്ന വസ്തുക്കളെല്ലാം അവരിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യും. (അദ്ധ്യാ. 28, അൽസസ്: 76)

'അതല്ല നിങ്ങൾക്ക് വ്യക്തമായ വല്ല തെളിവുമുണ്ടോ?

എന്നാൽ നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങളുടെ ഗ്രന്ഥം കൊണ്ടുവരിക.' (അദ്ധ്യാ. 37, അസ്സാഫാത്ത്: 157–158)

**സ്വാതന്ത്ര്യവും വിമോചനവും സമകാലീന ലോക പശ്ചാത്തലത്തിൽ**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ തീവ്രതകളോടെയും പലവിധ അർഥ ധ്വനികളോടെയും ജനങ്ങളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന രണ്ട് മുദ്രാവാക്യങ്ങളാണ് സ്വാതന്ത്ര്യവും വിമോചനവും. സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെയും അതിന്റെ മൂല്യത്തെയും സംബന്ധിച്ച് മനുഷ്യൻ വമ്പിച്ച ശ്രദ്ധയും അവബോധവും നേടിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വിമോചനത്തിന് വേണ്ടി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും സമ്മർദം അനുഭവപ്പെടുകയാണ്. പക്ഷേ, എന്തിൽ നിന്നുള്ള വിമോചനം? അത് വൈദേശിക ഭരണത്തിന്റെ നുകത്തിൽ നിന്നുള്ള മോചനമാണോ? ഏകാധിപത്യത്തിൽ നിന്നും ഫാസിസത്തിൽ നിന്നും മതാധിഷ്ഠിത ഭരണകൂടത്തിൽ നിന്നും മറ്റു ആത്യന്തിക പ്രത്യയശാസ്ത്രങ്ങളുടെ ഭരണകൂടങ്ങളിൽ നിന്നുമുള്ള മോചനമാണോ? സമ്പന്ന രാഷ്ട്രങ്ങളുടെ സാമ്പത്തിക ദ്രംഷ്ടങ്ങളിൽ അകപ്പെട്ട ദരിദ്രരാജ്യങ്ങളുടെ മോചനമാണോ? അജ്ഞാനത്തിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നും ആഭിചാരത്തിൽ നിന്നുമുള്ള മോചനമാണോ?

ഈ വക തിന്മകളെയെല്ലാം ഇസ്‌ലാം ജയിച്ചടക്കി സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു. പക്ഷേ, അത് അരാജകത്വവും ക്രമരാഹിത്യവും ഒടുങ്ങാത്ത പകയും നിരപരാധികൾക്ക് യാതനയും സൃഷ്ടിച്ചുകൊണ്ടല്ല. ഇസ്‌ലാം നല്കുന്ന സന്ദേശമിതാണ്.

'അല്ലാഹു അരാജകത്വം ഇഷ്ടപ്പെടുന്നില്ല.' (അദ്ധ്യാ.2 അൽബക്കറ: 206)

മറ്റു മതങ്ങളെപ്പോലെ ആദാനപ്രദാനത്തിന്റെ പരസ്പര വിനിമയ ചൈതന്യം നിലനിർത്തിക്കൊണ്ട് ഇസ്‌ലാം സന്തുലനാത്മകമായ സ്വാതന്ത്ര്യത്തിന് ഊന്നൽ നൽകുന്നു. സമൂഹത്തിന്റെ പരിപ്രേക്ഷ്യത്തിന്റെ കേവല സ്വാതന്ത്ര്യ (Absolute Freedom) സങ്കല്പം പൊള്ളയും വിചിത്രവും അയഥാർഥവുമാണ്.

ചിലപ്പോൾ സ്വാതന്ത്ര്യം എന്ന സങ്കൽപം തെറ്റായി ധരിക്കുകയും തെറ്റായി പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്നു. ആശയ പ്രചാരണ സ്വാതന്ത്ര്യം എന്ന ഈ മനോജ്ഞമായ ആദർശത്തിന്റെ സൗന്ദര്യം ഭർത്സനവും അധിക്ഷേപവും അപമാനിക്കലും മത നിന്ദയുമായി രൂപാന്തരപ്പെടുന്നു.

**കവിത**

# രണ്ടു ചിത്രങ്ങൾ

കെ. പി. എ പുന്നോൽ

പടക്കുതിര പോൽ പിട പിട-
ഞ്ഞോടിക്കിതച്ചെത്തി പട
ക്കളത്തിലേക്ക് ത്സടുതിയിൽ
മാന്യയായൊരു ശ്രീമതി
അലമുറയിട്ടാകാംക്ഷയാൽ
ചോദിച്ചുഹ്ദിൻ പടയാളികളോടഹോ
'എവിടെയാണെജമാനൻ
എവിടെയാണെന്നാത്മഗുരു
പറയൂ ശീഘ്രം സഹോദരാ'
'മരണത്തിൻ മധുനുകർന്നു
വാഴ്ത്തപ്പെട്ടല്ലോ ശഹീദായ് നിൻ
ഓമന പുത്രൻ, പുരുഷൻ
പ്രിയനാം വന്ദ്യപിതാവതും'
'ചോദിച്ചില്ല ഞാനെൻ കുടുംബ
വിരഹവൃത്താന്തമശേഷം
ചൊല്ലുമോ നീവേഗം സഖാവേ
എൻ ഗുരുവിൻ സ്ഥിതിവിശേഷം'
'ജീവിച്ചിരിപ്പുണ്ടാ പുണ്യാത്മൻ
പോറലൊട്ടുമില്ലാതെ സംതൃപ്തനായ്.'
മൊഴിഞ്ഞു പെട്ടെന്നാവിശ്വാസിനി
നുരഞ്ഞുപൊങ്ങുമാഹ്ളാദത്തിൻത്തള്ളലാൽ
'എന്നാലാർതന്നെ മരിച്ചാലു
മില്ലെനിക്ക് ദുഃഖമൊട്ടും
എന്നാത്മഗുരു ജീവിച്ചിരിക്കയാൽ'
ചിറകടിച്ചെത്തിയെൻ ഹൃത്തടത്തിൽ
കോഴിമൂന്ന് വട്ടം കൂകും മുമ്പ്
ഗുരുവിനെ തള്ളിപ്പറഞ്ഞൊരു
ശിഷ്യൻ തൻ കറുത്ത ചിത്രം.

# ഇസ്‌ലാമും മനുഷ്യാവകാശങ്ങളും

സ്വാതന്ത്ര്യം സമത്വം സഹോദര്യം എന്നീ ഇസ്‌ലാമികാശയങ്ങൾ തന്നെയാണ് മനുഷ്യാവകാശ പ്രഖ്യാപനത്തിലൂടെ വിളംബരപ്പെടുത്തിയിരിക്കുന്നത്.

സർ സഫറുല്ലാഹ് ഖാൻ

**ജീ**വിതം സ്ഫോടനാത്മകമാണ്. മനുഷ്യനും മനുഷ്യസമുദായവും അപ്രകാരം തന്നെ. ഘർഷണമാണ് സ്ഫോടനാത്മകതയുടെ ഒരു മുഖ്യലക്ഷണം. സാമൂഹ്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പറയുമ്പോൾ വിയോജിപ്പ് എന്നും പലപ്പോഴും തർക്കം എന്നും ഇതിന്ന് അർഥം നൽകപ്പെടുന്നു. വിയോജിപ്പ്- അല്ലെങ്കിൽ വിയോജിക്കാനുള്ള അവകാശം- ആണ് എല്ലാ അറിവിന്റേയുംഅന്വേഷണത്തിന്റെയും പരിശോധനയുടെയും പര്യേവേഷണത്തിന്റേയും ഗവേഷണത്തിന്റെയും സർവോപരി പുരോഗതിയുടെയും അടിത്തറ. അതിനാൽ ഭിന്നാഭിപ്രായം പ്രകടിപ്പിക്കാനും ചോദ്യം ചെയ്യാനും വിയോജിക്കാനും ആവശ്യമെങ്കിൽ പ്രതിഷേധിക്കാൻ പോലുമുള്ള ഈ അവകാശത്തെ പരിരക്ഷിക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കെ തന്നെ നമ്മുടെ അഭിപ്രായം അത് മതപരമോതത്ത്വചിന്താപരമോശാസ്ത്രീയമോ സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ഏതായിരുന്നാലും ശരിഗുണ പ്രദമായ രീതിയിലാണ് നശീകരണ പരമായിട്ടല്ല സ്വാധീനം ചെലുത്തുന്നത് എന്ന് ഉറപ്പ് വരുത്താനും നാം യത്നിക്കേണ്ടതുണ്ട്. അഭിപ്രായ ഭിന്നത മൂർച്ചിക്കുന്നു എന്ന് വരുമ്പോൾ അതിനെ ഒതുക്കുകയും അംഗീകൃത മാർഗങ്ങളിലൂടെ തീരുമാനം കണ്ടെത്തുകയോ നീക്കുപോക്കുകളുണ്ടാക്കുകയോ ചെയ്യുകയും വേണം. എന്നുവെച്ചാൽ നാമെല്ലാം പൂർണ മനസ്സാലെ ആവശ്യമെങ്കിൽ ഇഷ്ടമില്ലാതെ തന്നെയും എന്നല്ല നിർബന്ധമായിട്ടു പോലും നിയമ വാഴ്ചക്ക് കീഴ്പ്പെടാൻ തയ്യാറാവുകയും വേണം.

നിയമം എന്ന പദത്തിന്റെ നിയമശാസ്ത്ര പരമായ അർഥത്തിൽ മനുഷ്യാവകാശ പ്രഖ്യാപനം (*Declaration of Human Rights)* ഒരു നിയമം ആയി കഴിഞ്ഞിട്ടില്ല. എങ്കിലും നൂറ്റാണ്ടുകാലത്തെ യാതനകൾക്കും വേദനകൾക്കുമിടയിൽ സ്വാതന്ത്ര്യത്തിന്റയും നീതിയുടെയും സമത്വത്തിന്റെയും ലക്ഷ്യത്തിലേക്ക്, ചരിത്രത്തിന്റെ ഇടനാഴിയിലൂടെ മനുഷ്യൻ വെട്ടിത്തെളിയിച്ച ദീർഘവും ദുർഗമവും ക്ലേശകരവുമായ പാതയിൽ മിന്നിത്തിളങ്ങുന്ന ഒരു നാഴികയെന്നോണം അത് വിരാജിക്കുകയാണ്. എല്ലാ കാലഘട്ടങ്ങളിലും വിവിധ രംഗങ്ങളിലായി ഫലങ്ങൾ വ്യത്യസ്തങ്ങളാണെന്നിരിക്കിലും മനുഷ്യൻ സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി പൊരുതി ക്കൊണ്ടിരുന്നിട്ടുണ്ട്.. ഈ സമരങ്ങളോരോന്നും ഒരോന്നിലും സമാർജിച്ച നേട്ടങ്ങളും കാലാന്തരത്തിൽ മനുഷ്യതാൽപര്യങ്ങളെ കൂടുതൽ കൂടുതൽ മുന്നോട്ടു നയിക്കുകയും മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ രൂപവത്ക്കരണത്തിനാവശ്യമായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രഖ്യാപനമാവട്ടെ ഇതേ ലക്ഷ്യത്തിലൂന്നിക്കൊണ്ടുള്ള മഹത്തായ മറ്റു ചരിത്ര രേഖകളുടെയും തിട്ടൂരങ്ങളുടെയും കൂട്ടത്തിൽ നിൽക്കാൻ അർഹത നേടുകയും ചെയ്തിരിക്കുന്നു.

എഴുതപ്പെട്ട ഭരണഘടനകളിൽ ചിലത് വിശിഷ്യാ പുതുതായി സ്വതന്ത്രമാർജിച്ച രാജ്യങ്ങളിൽ ഭരണഘടനകളിൽ ചിലത് മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ഖണ്ഡികകളിൽ പലതിന്റെയും സാരാംശങ്ങൾ സ്ഥിരം വകുപ്പുകളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റു ചില ഭരണഘടനകൾ അവയിൽ ചിലതിനെ ഭരണനയങ്ങളുടെ നിർദേശക തത്ത്വങ്ങളായി ചുണ്ടിക്കാണിച്ചിട്ടുണ്ട്. ആദ്യത്തേതിൽ ബന്ധപ്പെട്ട വകുപ്പുകൾ വിചാരണക്ക് വിധേയമാക്കാവുന്നതും തന്മൂലം കോടതി നടപടികൾ മുഖേന ബലത്തിൽ വരുത്താവുന്നതും ആയിത്തീർന്നിരിക്കയാണ്. അത്രത്തോളം നല്ലത്. എന്നാലിതും ഒരു തുടക്കം മാത്രമേ ആവുന്നുള്ളു. ഇക്കാര്യത്തിലെന്നല്ല മറ്റു പല കാര്യങ്ങളിലും തന്നെ നമുക്ക് ഇനിയും പലതും സാധിക്കേണ്ടതുണ്ട്.

ഈ മനുഷ്യാവകാശങ്ങൾ കോടതി നടപടികളിലൂടെ ബലത്തിൽ

വരുത്താൻ കഴിയുന്ന തരത്തിലുള്ള നിയമപരമായ അംഗീകാരത്തോടുകൂടിയ തായിരിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകത കൂടി വിപുലമായി അംഗീകരിക്കപ്പെടുന്നതിന് വേണ്ടി തന്നെയായിരിക്കണം. ഈ ഘട്ടത്തിൽ നമ്മുടെ സുപ്രധാന യത്നം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തേണ്ട മുഖ്യ ഉപാധി ഒരോ സ്റ്റേറ്റിന്റെയും ദേശീയ നിയമ നിർമാണ സഭകൾ തന്നെയാണ്. ഭരണഘടനാ പരവും നിയമപരവുമായ മാർഗത്തിൽ ദേശീയനീതിന്യായ സംവിധാനങ്ങൾ വഴി ബലത്തിൽ വരുത്താവുന്ന തരത്തിൽ മനുഷ്യാവകാശങ്ങൾക്ക് ഒരോ ഗവൺമെന്റും നിയമസാധുകത്വം നൽകേണ്ടിയിരിക്കുന്നു. എന്തെങ്കിലും കോടതി നടപടികൾ അനാശ്യാസകരമായ തരത്തിൽ വിഘ്നപ്പെടാതിരിക്കുകയും യാതൊരു അലട്ടും തടസ്സവും കൂടാതെ ഒടുക്കം വരെ അത് നടത്തിക്കൊണ്ട് പോകാമെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്ന സ്റ്റേറ്റുകളിൽ മാത്രമേ ഈ നടപടികൾ ഫലപ്രദമായിതീരുകയുള്ളു. മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കപ്പെടുന്നതിനും സ്വാതന്ത്ര്യവും നീതിയും സമത്വവും ഉറപ്പ്വരുത്തുന്നതിനും സ്വതന്ത്ര ജുഡീഷ്യറി അനുപേക്ഷണീയമാണെന്ന് സാരം.

ഈ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് വേണ്ടി സ്വതന്ത്രവും അനധീനവുമായ ജുഡീഷ്യറിയുടെ പിന്തുണയോടുകൂടിയ ദേശീയാടിസ്ഥാനത്തിലുള്ള നിയമനിർമാണ പ്രവർത്തനം വളരെയേറേ മുന്നോട്ടു പോകേണ്ടതുണ്ട്. റീജനൽ ട്രിബ്യൂണുകളിലും ഒടുക്കം അന്താരാഷ്ട്ര ട്രിബ്യൂണലുകളിലും അപ്പീലുകൾ ബോധിപ്പിക്കാനുള്ള നടപടികൾ, ദേശീയ തലത്തിൽ പരിഹാരം കാണാനുള്ള യാതൊരു ഉപാധിയും ഇല്ലാത്ത പരിസ്ഥിതികളിൽ മാത്രമായിരിക്കണം. ദേശീയ തലത്തിൽ യാതൊരു പരിഹാരവും കാണാൻ സാദ്ധ്യമാവാതെ വരുമ്പോൾ മാത്രമല്ലാതെ റീജ്യനൽ ട്രിബ്യൂ ണലുകളിലോ അന്തർദേശീയ ടിബ്യൂണുകളിലോ പ്രശ്നം കൊണ്ടു പോകാൻ പാടുള്ളതല്ലെന്ന ഉപാധിനിശ്ചയിക്കാത്തപക്ഷം ദേശീയവും പ്രാന്തീയവും അന്തർദേശീയവുമായ ട്രിബ്യൂണുകളുടെ സുഗമ്യമായ പ്രവർത്തനം വിഷമപൂർണവും ബുദ്ധിമുട്ടു പിടിച്ചതുമായിതീർന്നേക്കും.

മനുഷ്യാവകാശങ്ങൾ ഉൾക്കൊള്ളുന്നനിയമ നിർമാണപരമായ ഉപാധികളെ സംബന്ധിച്ചിടത്തോളം, ഈ അവകാശപ്രഖ്യാപനം ഒരു കരട് ബിൽ (*Draft Bill*) അല്ലെന്നും ആ നിലയിൽ അതിനെ ഉപയോഗപ്പെടുത്താനാവില്ലെന്നും ഓർക്കേണ്ടതുണ്ട്. പ്രഖ്യാപനത്തിലെ ചിലഖണ്ഡികകൾ വ്യക്തവും വസ്തുനിഷ്ഠവുമായ നിയമങ്ങൾ ഉൾക്കൊള്ളുന്നതും ചില പദപ്രയോഗങ്ങളിൽ അൽപ്പസ്വൽപ്പം വ്യത്യാസം വരുത്തി ക്കൊണ്ടുതന്നെ ഒരു ഡ്രാഫ്ട് ബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതുമാണെങ്കിലും, മറ്റുള്ളവ ഭരണപരമായ നടപടികളിലൂടെ നേടിയെടുക്കേണ്ട ചില ലക്ഷ്യങ്ങളെ അഥവാ ആദർശങ്ങളെചൂണ്ടിക്കാണിക്കുന്നവ മാത്രമാണ്. അതാകട്ടെ നിയമപരമായ അധികാരങ്ങളുടെ പിന്തുണയോടുകൂടി ഭരണപരമായ നടപടികളിലൂടെ ഘട്ടം ഘട്ടമായി മാത്രം നടപ്പിൽ വരുത്തേണ്ടതുമത്രേ. ഓരോ പ്രദേശത്തും രാജ്യത്തും ഇക്കാര്യത്തിലുള്ള തിടുക്കവും ഉത്സാഹവും അവിടങ്ങളിലെ സാമൂഹ്യ സാമ്പത്തിക വസ്തുതകളെ ആശ്രയിച്ചിരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഏകീകരണം വേണമെന്ന് നിർബന്ധിക്കുന്നത് യുക്തമല്ല. പ്രഖ്യാപനത്തിലെ ഒരോ ഖണ്ഡികയും അക്ഷരാർഥത്തിൽ തന്നെ വഴങ്ങിക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നതും ബുദ്ധിപൂർവകമല്ല. ഇവയിൽ സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളെ സംബന്ധിക്കുന്ന ചില ഖണ്ഡികകൾ, ചില പ്രദേശങ്ങളിലെ ഭരണരീതികൾക്കും പ്രത്യേക സമ്പ്രദായങ്ങൾക്കും തത്ത്വത്തിൽ മാത്രം സ്വീകാര്യമായവയെന്നും വരാം. നിയമനിർമാണത്തിന്റെ മൂശയിൽ വെക്കുന്നതിന് മുമ്പായി, അവയുടെ പ്രവർത്തന ക്രമത്തെയും അർഥവ്യാപ്തിയേയും പ്രയോഗ രീതികളേയും സംബന്ധിച്ചിടത്തോളം ചില ഭേദഗതികളും ചില പരിധിനിർണയങ്ങളും വിശദീകരണങ്ങളും ആവശ്യമെന്ന് വരും. എന്നാൽ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുമെന്ന് കാണുന്ന പക്ഷം സാമൂഹ്യ സാംസ്കാരിക സ്ഥിത്യന്തരങ്ങൾക്കനുരോധമായി ചില നീക്കു പോക്കുകൾ നടത്തുന്നത് ദോഷകരമായിരിക്കില്ല. മറിച്ച് ഗുണകരമായിരിക്കുകയേ ഉള്ളൂ.

ഇത് മനുഷ്യന്റെ യുഗമാണ്. പ്രപഞ്ചത്തിൽ തനിക്കുള്ള സ്ഥാനത്തെക്കുറിച്ച് മനുഷ്യൻ ഇന്ന് ബോധവാനാണ്. തന്റെ വ്യക്തിത്വവും അന്തസ്സും അംഗീകരിക്കപ്പെടണമെന്ന് അവന് നിർബന്ധമുണ്ട്. സഹജീവികളും സമുദായവും ഭരണകൂടങ്ങളും തന്നോടെത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും പകരം അങ്ങോട്ട് തനിക്കുള്ള കടപ്പാടെന്താണെന്നും അവൻ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. ഈ പ്രക്രിയക്ക് ഉത്തേജനം നൽകുകയും അതിനെ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ട താവശ്യമാണ്. പ്രസ്തുത ബോധം അതില്ലാത്തിടത്ത് ഉണർത്തി വിടുകയും ഉള്ളേടങ്ങളിൽ ഉയർത്തുകയും വേണം. അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിശേഷാധികാരങ്ങളും നേടിയെടു ക്കുന്നതിനുള്ള മുഖ്യഉപാധിയെന്ന നിലയിൽ അവന്റെ കടമകളെയും കടപ്പാടുകളെയും ഊന്നിപ്പറയേണ്ടതാവശ്യമായിരിക്കുന്നു. എന്തെന്നാൽ അവ ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്. നമ്മിൽ ഒരോരുത്തരും മറ്റുള്ള വരോട് പുലർത്തുന്ന കടമകളുടെയും കടപ്പാടുകളുടെയും അളവനുസരിച്ചായിരിക്കും നമ്മുടെ അന്തസ്സും സ്വാതന്ത്ര്യവും സമതയും പുലരുന്നൊരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുക.

സമാധാനത്തിനുള്ള സകല പരിശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നിട്ടും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തര

രാർധത്തിൽ രണ്ട് മഹായുദ്ധങ്ങളുടെ അതിഭയാനകമായ അനുഭവങ്ങളിലൂടെ കടന്ന് ഒരു അണുയുദ്ധത്തിന്റെ ഭീകരമായ കരിനിഴലിൽ കഴിയേണ്ടി വന്നിട്ടുള്ള മനുഷ്യൻ സ്വന്തം സഹോദരനിൽ നിന്നു തന്നെയുള്ള വിവേചനങ്ങൾക്കും അസഹിഷ്ണുതക്കും കൊടും ക്രൂരതകൾക്കും ഇരയായി തീർന്നു കൊണ്ടിരിക്കാൻ എന്താണ് കാരണം? പ്രകൃതി നിയമമനുസരിച്ച് മനുഷ്യൻ അനുദിനമെന്നോണം അധികരിച്ചു വരുന്ന അറിവും പ്രകൃതി ശക്തികളുടെ മേൽ അവന് കൈവന്നിട്ടുള്ള വർധമാനമായ നേട്ടങ്ങളും നമ്മിൽ ഒരോരുത്തർക്കും പൂർവോപരി സമ്പന്നവും സുഖസമൃദ്ധവുമായ ജീവിതത്തിലേക്കുള്ള വഴി തുറന്നിട്ടിരിക്കുന്നതിനെതുടർന്ന് ദ്യുർമോഹം സ്വാർഥത, ചൂഷണം, പരാക്രമം തുടങ്ങിയവ-ഇതൊക്കെയാണ് തങ്ങളുടെ പ്രഭാവത്തിനും പുരോഗതിക്കുമുള്ള അടിസ്ഥനങ്ങളെന്നാണല്ലോ ഈ ആയുധങ്ങളെടുത്ത് ഉപയോഗിക്കുന്നവർ തെറ്റായിട്ടാണെങ്കിലും കരുതി വന്നിട്ടുള്ളത്!. -ദുസ്സാധീനങ്ങൾക്കൊന്നും സ്ഥാനമില്ലാത്ത ഒരു പുതിയ യുഗം സൃഷ്ടിക്കപ്പെടുമെന്ന്പലരും കരുതിയിരുന്നതാണ്. സാർവത്രികമായ ക്ഷേമാഭിവൃദ്ധി ചിലർ മറ്റു ചിലരുടെ മേൽ നടത്തുന്ന ചൂഷണവും മേധാവിത്വവും കൊണ്ടല്ല മറിച്ച് കൂട്ടായ പ്രവർത്തനവും പരസ്പര സഹകരണവും കൊണ്ടാണ് കൈവരിക്കുകയെന്ന സത്യം നിത്യേന തെളിഞ്ഞുവരികയും എല്ലാ രംഗങ്ങളിലുമുള്ള അനുഭവങ്ങളിലൂടെ വീണ്ടും സ്ഥിരീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണെന്നത് നിർവിവാദ മാണ്. ലോകത്തിലുള്ള എല്ലാ കോണുകളിലുമുള്ള ആളുകളെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്നതിനായിരിക്കണം നമ്മുടെ നിരന്തര ശ്രമം.

ഔദ്യോഗികവും ഭരണപരവും നിയമനിർമാണപരവും നീതി ന്യായനിർവഹണപരവുമായ എല്ലാ മാർഗങ്ങളിലൂടെയും, പരസ്പര ബാദ്ധ്യതയെക്കുറിച്ചുള്ള നമ്മുടെ ബാദ്ധ്യതകളെക്കുറിച്ചുള്ള ധാർമികവും ആത്മീയവുമായ നിലവാരത്തിൽ തന്നെ ആഴത്തിലുറപ്പിക്കാൻ ഒറ്റക്കും കൂട്ടായും നാം അനവരതം പരിശ്രമിച്ച് കൊണ്ടിരിക്കേണ്ടതുണ്ട്.

ഇസ്‌ലാം ഈ ധാരണയെ മുസ്‌ലിംകളിലും മനുഷ്യ സമുദായത്തിലൊട്ടാകെ ഉത്തേജിപ്പിക്കാനും ഊന്നിയുറപ്പിക്കാനുമാണ് ശ്രമിക്കുന്നത്. നാം ഓരോരുത്തരും നമ്മുടെ കടമകളും ബാദ്ധ്യതകളും വേണ്ടവിധം നിറവേറ്റിക്കൊണ്ട് എല്ലാവർക്കും വേണ്ടി സ്വാതന്ത്ര്യവും നീതിയും സമത്വവും പരിരക്ഷിക്കുന്നതിന് സഹായിക്കുകയും മനുഷ്യ ക്ഷേമവും സാമൂഹികവും സാമ്പത്തികവും ധാർമികവും ആദ്ധ്യാത്മികവുമായ എല്ലാ രംഗങ്ങളിലും പുരോഗതിയും വളർത്തുന്നതിന് വേണ്ടി കടമകളെയും കടപ്പാടുകളെയും കുറിച്ച് ഊന്നിപ്പറയുകയും ചെയ്യുന്നു. വിസ്ഫോടകമായ ഈ ലോകത്തിലെ പരിവർത്തനാത്മകവും വികസ്വരവുമായ എല്ലാപരിതസ്ഥിതികളിലും വ്യക്തിപരവും കുടുംബപരവും ദേശീയവും അന്തർദേശീയവുമായ ജീവിത മണ്ഡലങ്ങളിലെല്ലാം നന്മ വിളയാടുന്ന ഒരു സാമൂഹ്യ ജീവിത ക്രമം കെട്ടിപടുക്കാൻ ഇസ്‌ലാം ശ്രമിക്കുന്നു. ഈ ഉദ്ദേശ്യാർഥം അത് ചില വിശ്വാസങ്ങളെയുടെയും കർത്തവ്യങ്ങളുടെയും കടമകളുടെയും ബാദ്ധ്യ തകളുടെയും ഉദ്ബോധനങ്ങളുടെയും അനുവാദങ്ങളുടെയും ഒരു ചട്ടക്കൂട് ഒരുക്കിത്തന്നിരിക്കയാണ്. എല്ലാ രംഗങ്ങളിലും എല്ലാ നിലവാരത്തിലുമുള്ള മാർഗദർശനങ്ങളും അത് നമുക്ക് പ്രദാനം ചെയ്തിട്ടുമുണ്ട്.

ദിവ്യമായ അടയാളങ്ങളിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് സത്യവിശ്വാസത്തെ ഉൽപാദിപ്പിക്കുക യും ഉറപ്പിക്കുകയും ചെയ്യുക, ജനങ്ങളുടെ ധാർമികവും ഭൗതികവുമായ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുക, അവർക്ക് മതനിയമങ്ങൾ പഠിപ്പിക്കുകയും മാർഗദർശനം നൽകുകയും ചെയ്യുക, മത നിയമങ്ങളിലടങ്ങിയ തത്ത്വരഹസ്യങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ചു കൊടുക്കുക തുടങ്ങിയവയാണ് ഒരു പ്രവാചകന്റെ കർത്തവ്യങ്ങളായി വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുള്ളത്. (63:3)(തുടരും)

## എല്ലാ പ്രവാചകന്മാരെയും സത്യപ്പെടുത്തിയ നബി

ഹദ്റത്ത് അഹ്മദ് (അ)

എല്ലാ മനുഷ്യരിലും വെച്ച് പരിപൂർണനും പ്രവാചകന്മാരിൽ വെച്ച് സമ്പൂർണനും ആയ അദ്ദേഹം (മുഹമ്മദ് മുസ്തഫ (സ)) പരിപൂർണാനുഗ്രഹങ്ങളോടുകൂടി വന്നു. അത് കൊണ്ടുണ്ടായ ആത്മീയ വിപ്ലവം മൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചു കിടക്കുന്ന ഒരുലോകത്തെ അവിടുന്ന് പുനരുജ്ജീവിപ്പിച്ചു. ആ അനുഗൃഹീത പ്രവാചകൻ ഖാതമുൽ അംബിയാ ഈമാമുൽ അസ്ഫിയാ, ഖാതമുൽ മുർസലീൻ, ഫ്ഖറുന്നബിയ്യീൻ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ ഈ പ്രിയങ്കരനായ നബിയിൽ ലോകാരംഭം മുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും ചൊരിയേണമേ! ഈ മഹാനായ പ്രവാചകൻ ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ ലോകത്ത് ഇതിന് മുമ്പ് അവതീർണ്ണരായ യൂനുസ്, അയ്യൂബ്, മസീഹുബ്നു മർയം, മലാക്കി, യഹ്‌യാ, സക്കരിയ്യാ എന്നീ പ്രവാചകന്മാരുടെ സത്യത്തിന്, അവരൊക്കെ ദൈവത്തിന്റെ പ്രിയപ്പെട്ട ദൈവസാമീപ്യം പ്രാപിച്ച പ്രവാചകന്മാരായിരുന്നിട്ടും നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല. ഇവരൊക്കെ സത്യ പ്രവാചകന്മാരായി അറിയപ്പെടുന്നത് ഹദ്റത്ത് റസൂൽ തിരുമേനി(സ) യുടെ മഹത്തായ ഔദാര്യം കൊണ്ടായിരുന്നു. (*ഇത്മാമുൽ ഹുജ്ജത്-36*)

# ഉമ്മത്തീ നബി

ഹദ്റത്ത് അഹ്മദി(അ)ന്റെ നുബുവ്വത്ത് വാദത്തിന്റെ വിവിധ വശങ്ങളെ പറ്റി.

എൻ. അബ്ദുർറഹീം

**1901** നവംബർ 5ന് ഹദ്റത്ത് അഹ്മദ് (അ) ഇക് ഗലത്തീകാ ഇസാല (ഒരു തെറ്റിദ്ധാരണ നീക്കൽ) എന്ന പേരിൽ ഒരു ലഘു കൃതി പുറത്തിറക്കി. ഇത് തന്റെ യഥാർഥമായ ദിവ്യപദവിയെയും വാദങ്ങളെയും വ്യക്തമാക്കുന്ന നിർണായകവും അതിപ്രധാനവുമായ ഒരു പ്രഖ്യാപനമായിരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) നബിയാണോ എന്ന് അമൃത്സറിൽ വെച്ച് ഒരു എതിരാളി ചോദിച്ചതിന് ആ ശിഷ്യൻ നിഷേധ രൂപത്തിൽ മറുപടി നൽകിയതായി അറിഞ്ഞപ്പോൾ ആണ് ഈ വിശദീകരണം ആവശ്യമായി വന്നത്. നിഷേധപരമായ പ്രസ്തുത മറുപടി ശരിയല്ലെന്നും അല്ലാഹു ഒരു പ്രവാചകനെന്ന നിലയിൽ തന്നെക്കുറിച്ച് നബി എന്ന പദവി ഉപയോഗിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചു കൊണ്ട് തന്റെ നബി വാദം അസന്ദിഗ്ധമായി തന്റെ വിശദീകരണക്കുറിപ്പിൽ അവിടുന്ന് പ്രഖ്യാപിക്കുകയുണ്ടായി.

മുഹമ്മദ് നബി (സ) തിരുമേനിക്ക് ശേഷം പുതിയ ശരീഅത്തോടു കൂടിയ ഒരു നബിയും വരികയില്ലെന്നും നബി തിരുമേനി(സ)യുടെ പിന്തുടർച്ചയില്ലാതെ ആർക്കും തന്നെ സ്വതന്ത്രമായ നിലയിൽ ഈ മഹോന്നത പദവി പ്രാപ്യമല്ലെന്നും ഉള്ളത് ഖണ്ഡിതമായ ഒരു സത്യമാണെങ്കിലും ആ മഹാത്മാവിനെ പരിപൂർണമായി പിന്തുടരുന്ന ഒരു ഉമ്മത്തീ നബിയ്ക്ക് ദൈവാനുഗ്രഹത്താൽ നബിയുടെ പ്രതിബിംബമായി തീരാനും സത്യവാനാകുന്ന നബിയുടെ പദവിയാകുന്ന അനുഗ്രഹത്തിന് പാത്രീഭൂതനാവാനും കഴിയും.

വിശുദ്ധ ഖുർആനിലെ ഉദ്ഘാടനാദ്ധ്യായമായ ഫാത്തിഹായിലെ ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്തല്ലദീന അൻഅംത്ത അലൈഹിം (നീ ഞങ്ങളെ ചൊവ്വായ വഴിയിൽ വഴി നടത്തേണമേ നീ ഏവരിൽ അനുഗ്രഹം ചൊരിഞ്ഞുവോ അവരുടെ മാർഗത്തിൽ) എന്ന പ്രാർഥനയിൽ വിശുദ്ധ ഖുർആൻ 4-ാം അദ്ധ്യായം 70-ാം സൂക്തത്തിൽ പറഞ്ഞ നബിത്വം അടക്കമുള്ള എല്ലാ അനുഗ്രഹങ്ങളും പ്രാപ്യമാണെന്ന് വ്യക്തമാക്കു ന്നുണ്ട്. 'അല്ലാഹുവിനെയും അവന്റെ ശ്രേഷ്ഠ റസൂലിനെയും അനുസരിച്ചവരാരോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ, സിദ്ദീഖുമാർ, ശുഹദാക്കന്മാർ, സാലിഹീങ്ങൾ എന്നിവരുടെ കൂടെയായിരിക്കും. ഇവരത്രെ ഉത്തമരായ കൂട്ടുകാർ' (4:70) എന്ന് ഖുർആൻ പറയുന്നു.

ഖുർആൻ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതിനാൽതന്നെ അല്ലാഹു നബിയാണെന്ന് അഭിസംബോധന ചെയ്തിട്ടുള്ള നിലക്ക് താൻ തിരുനബിയോട് അതുല്യമായ തരത്തിൽ അനുസരണബദ്ധതയുള്ള ഒരു ഉമ്മത്തീ നബി തന്നെയാണെന്നും എന്നാൽ പുതിയ ഒരു ശരീഅത്തോടുകൂടിയോ സ്വതന്ത്രനായോ വന്ന ഒരു നബി അല്ലെന്നും അവിടുന്ന് വ്യക്തമാക്കി. ഇപ്രകാരം വ്യക്തമാക്കുന്നത് വരെ താൻ തിരുനബി(സ)യുടെ ഉമ്മത്തി എന്ന നിലയിൽ ഒരു മുഹദ്ദിസാണെന്നാണ് തന്നെക്കുറിച്ച് കരുതിപോന്നിരുന്നത്.

1901 നവംബർ 5 ന് പ്രസിദ്ധീകരിച്ച ഇക് ഗലത്തികാ ഇസാല എന്ന ലഘു കൃതിയിൽ ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു:

ഞാൻ പ്രവാചകനും (നബി) ദൈവദൂതനും (റസൂൽ) അല്ലെന്ന് എവിടെയെല്ലാം നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ഞാൻ ഒരു പുതിയ ശരീഅത്തോടെയുള്ള പ്രവാചകനോ സ്വതന്ത്ര പ്രവാചകനോ അല്ലെന്ന അർഥത്തിൽ മാത്രമാകുന്നു. അപ്രകാരം പറഞ്ഞിട്ടുള്ളത്. എന്നാൽ മഹാനായ, ധന്യാത്മാവായ എന്റെ യജമാനൻ മുഖേന ആത്മീയമായി അനുഗൃഹീതമായ നിലയിലും അവിടത്തെ നാമം ആർജിക്കയാലും ധാരാളം പരോക്ഷ ജ്ഞാനങ്ങൾ എനിക്ക് അനുഗ്രഹിച്ച രുളപ്പെട്ടിരിക്കുന്നു എന്ന അർഥത്തിൽ ഞാൻ നിശ്ചയമായും ഒരു നബിയാകുന്നു. എന്നാൽ ഞാൻ വീണ്ടും ആവർത്തിച്ചു പറയട്ടെ ഞാൻ ഒരു പുതിയ ശരീഅത്ത് കൊണ്ടു വന്നിട്ടില്ല. പരിചയപ്പെടുത്തിയിട്ടുമില്ല. പുതിയ ശരീഅത്തോടു കൂടിയല്ലാത്ത പ്രവാചകനാണെന്നുള്ളത് ഞാൻ ഒരിക്കലും നിഷേധിച്ചിട്ടുമില്ല. മറിച്ച് ഇതേ അർഥത്തിൽ ദൈവം എന്നെ നബി (പ്രവാചകൻ) എന്നും റസൂൽ

(ദൈവദൂതൻ) എന്നും വിളിച്ചിരിക്കുന്നതാകയാൽ ഈ നിർവചന പ്രകാരം നബിയെന്നും റസൂലെന്നും വിളിച്ചു കൊള്ളുന്നതിനെ ഞാൻ ഇപ്പോഴും നിഷേധിക്കുന്നില്ല.(പു. 23)

താൻ തിരുനബി(സ)യുടെ യഥാർഥവും പരിപൂർണവുമായ പ്രതിബിംബമായിരിക്കുന്നതിനാൽ നുബുവ്വത്തിന്റെ സീൽ പൊട്ടുന്ന പ്രശ്നം ഉദിക്കുന്നില്ല എന്ന് അദ്ദേഹം അവകാശപ്പെട്ടു.

പ്രവാചകത്വത്തെ സംബന്ധിച്ച് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യുടെ അവബോധത്തിൽ ഉണ്ടായിട്ടുള്ള ക്രമോൽഗതമാറ്റത്തെയാണ് 'ഇക് ഗലത്തീ കാ ഇസാല' എന്ന ലഘു പത്രിക വെളിപ്പെടുത്തിയത്. അത്കൊണ്ട് തന്നെ ഈ വ്യതിയാനത്തിന്റെ പ്രാധാന്യം ഇവിടെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ പത്ത് കൊല്ലക്കാലം നബിയാണെന്നുള്ള വാദം തനിക്കില്ലെന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) തറപ്പിച്ചുപറയുകയുകയായിരുന്നു. എന്നാൽ നബിതന്നെയാണെന്നാണ് 'ഇക് ഗലത്തീ കാ ഇസാല' എന്ന കൃതിയിൽ വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നത്. നബിത്വം സംബന്ധിച്ചുള്ള അവിടുത്തെ ധാരണ തന്നെ തനിക്കുണ്ടായ പുതിയ ആത്മീയ ജ്ഞാനത്തിന്റെയും വെളി പാടിന്റെയും അടിസ്ഥാനത്തിൽ മാറ്റി പറയേണ്ടി വന്നു എന്ന ലളിത സത്യമാണിതിന് കാരണമെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നബിയുടെ നിർവചനപരമായ ഈ മാറ്റം ശരിക്കും മനസ്സിലാക്കാത്ത പക്ഷം ഒരു പുതിയ വാദമായി തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഹദ്റത്ത് അഹ്മദി (അ)ന്റെ ശിഷ്യഗണത്തിൽ ഒരു വിഭാഗം തെറ്റിദ്ധാരണയിൽ പെട്ട് വഴി പിരിയാൻ കാരണം ഇത് തന്നെയാണ്.

1899 ലെ 'അൽഹക്ക' മിൽ (പു 3 ലക്കം 23) പ്രസിദ്ധപ്പെടുത്തിയ ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു കത്ത് (നവാബ് മുഹമ്മദലി ഖാന് അയച്ച കത്ത് 7-8-1899) പ്രസ്താവിച്ചത്, ഇസ്‌ലാമിക സാങ്കേതിക ശബ്ദ പ്രകാരം നബിയെന്നും റസൂലെന്നും പറഞ്ഞാൽ പുതിയ ശരീഅത്ത് കൊണ്ടു വരുന്ന ആളോ, പൂർവ പ്രവാചകന്റെ അനുസരണത്തിന് വിധേയനല്ലാത്ത സ്വതന്ത്രനെന്ന നിലയിൽ ദൈവവുമായി ബന്ധ പ്പെട്ടിരിക്കുന്ന ആളോ ആണ് എന്നായിരുന്നു. എന്നാൽ 'ഇക് ഗലത്തീകാഇസാല'യിൽ അവിടുന്ന് ഖണ്ഡിതമായി പ്രസ്താവിച്ചത് പ്രവാചകൻ ശരീഅത്ത് കൊണ്ട് വന്നിരിക്കണമെന്നില്ലെന്നും അടിക്കടിയായി ധാരാളം അത്യുജ്ജ്വലമായ പ്രവചനങ്ങൾ വെളിപ്പെടുത്തുന്ന ആൾ ദിവ്യമായ സാങ്കേതിക ഭാഷയിൽ നബിയെന്ന് പറയപ്പെടുമെന്നുമത്രെ (ചശ്മെ മഅരിഫ, പു. 325, അൽ വസിയത്ത് പുറം12, ലക്ചർ സിയാൽകോട്ട് പു. 17,18 തുടങ്ങിയ ഗ്രന്ഥങ്ങൾ നോക്കുക.)

തന്റെ ധാരണയിൽ ഉണ്ടായ ഈ മാറ്റം ദൈവീക ബോധമനുസരിച്ചുള്ളതാണെന്ന് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു,: ആദ്യകാലങ്ങളിൽ ഈസബ്നു മറിയമുമായി യാതൊരു താരതമ്യവുമില്ലെന്നാണ് ഞാൻ വിശ്വസിച്ചു പോന്നത്. അദ്ദേഹം നബിയായിരുന്നു. ദൈവത്തിന്റെ വരിഷ്ഠദാ സരിൽ ഒരാളും. എനിക്ക് ഔന്നത്യം സൂചിപ്പിക്കുന്നതായി എന്തെങ്കിലും വെളിപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഭാഗികം (ജുസ്‌യീ) ആയ ഔന്നത്യം മാത്രമാണെന്നാണ് ഞാൻ കരുതിയത്. എന്നാൽ പിന്നീട് ദൈവത്തിൽ നിന്നുള്ള വെളിപാടുകൾ മഴപോലെ എന്നിൽ ഇറങ്ങിയപ്പോൾ അവിശ്വാസത്തിൽ അവൻ എന്നെനിലയുറക്കാൻ വിട്ടില്ല. എനിക്ക് വ്യക്തമായ തരത്തിൽ നബി എന്ന പദവി നൽകുകയും ചെയ്തു,. എന്നാൽ അത് ഒരു വശത്തിലൂടെ നബിയും മറു വശത്തിലൂടെ ഉമ്മത്തിയും ആയിരുന്നു. (ഹഖീക്കത്തുൽ വഹീ. പു. 149).

ഒരു നബി അഥവാ ഒരു പ്രവാചകൻ ഒരു പുതിയ ശരീഅത്ത് കൊണ്ടുവരികയോ, നേരിട്ടോ സ്വതന്ത്ര നിലയിലോ പ്രവാചകപദവി പ്രാപിച്ച ആളായിരിക്കുകയോ വേണമെന്നായിരുന്നു ഹദ്റത്ത് അഹ്മദ്(അ) ഇതിന് മുമ്പ് കരുതിപ്പോന്നിരുന്നത്.

വമാ അർസൽനാ മിൻ റസൂലിൻ, ഇല്ലാ ലിയുതാഅ ബിഇദി നില്ലാഹ്!

അല്ലാഹുവിന്റെ അനു മതിയോടെ അനുസരിക്കപ്പെടുന്നതിന് വേണ്ടിയല്ലാതെ ഒരു ദൂതനെയും ഞാൻ അയച്ചിട്ടില്ല(4:64) എന്ന ഖുർആൻ വാക്യം ഇക്കാര്യത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ സ്വാധീനിച്ചിരുന്നു. താനാണെങ്കിൽ തിരുനബി(സ)യെ പരിപൂർണമായി അനുസരിക്കുന്നതിൽ നിർവൃതികൊള്ളുന്ന തിരുമേനി (സ) യുടെ ഒരു ഭക്തദാസൻ! അത്കൊണ്ട്തന്നെ താൻ നബിയാണെന്നതിനെ അവിടുന്ന് നിഷേധിച്ചു. ദൈവത്തിന്റെ ഒരു പ്രവാചകനായ ഈസബ്നു മറിയമിന് (യേശുവിന്) മേലെ തനിക്ക് യാതൊരു ഔന്നത്യവുമില്ലെന്ന് ആത്മാർഥമായി വിശ്വസിക്കുകയും ചെയ്തു. എന്നാൽ ദൈവത്തിൽ നിന്ന് എണ്ണ മറ്റ വെളിപാടുകൾ ഉണ്ടാ യപ്പോൾ അവിടുന്ന് തന്റെ ധാരണ തിരുത്തുകയും താനൊരു പ്രവാചകൻ അഥവാ, നബിയാണെന്ന് കരുതി തുടങ്ങുകയും അതിൽ വിശ്വാസം ഉറപ്പിക്കുകയും യേശുവിനുമേൽ തനിക്കുള്ള ഔന്നത്യത്തെ പ്രഖ്യാ പിക്കുവാൻ മടികാണിക്കാതിരിക്കുകയും ചെയ്തു. ഇത് അവിടുത്തെ പ്രവർത്തന ശൈലിയിലോ ദൗത്യ നിർവഹണത്തിലോ യാതൊരു മാറ്റവും വരുത്തിയതുമില്ല. തനിക്ക് ദൈവത്തിൽ നിന്ന് ലഭിച്ച സ്ഥാനത്തെകുറിച്ചുള്ള അറിവിലുണ്ടായിട്ടുള്ള പുതുമ എന്തായാലും തുടക്കത്തിൽതന്നെ ഏൽപ്പിച്ച ദൗത്യം ആ മഹാത്മാവിന് നല്ല നിശ്ചയമുണ്ടായിരുന്നു. ദൈവം എന്ത് കൽപ്പിച്ചുവോ അത് അപ്പടി അവിടുന്ന് നടപ്പാക്കിപ്പോന്നു. അവിടുന്ന് ഒരു പ്രവാചകൻ അഥവാ ഒരു നബിയായിരുന്നതിനാൽ തുടക്കം മുതൽക്കേ ഒരു നബിയുടെ ചുമതല തന്നെ നിർവഹിച്ചു പോരു കയാ യിരുന്നു.

നുബുവ്വത്തിന് സ്വന്തമായ ഒരു നിർവചനം നൽകുകയോ സ്വന്തമായ ഒരു വിശ്വാസം മെനെഞ്ഞടുക്കുകയോ ചെയ്യാതെ പൊതുവായധാരണയിൽ തന്നെ ഉറച്ചു നിന്നു. ബറാഹീനെ അഹ്മദിയ്യ രചിക്കുന്ന കാലത്ത് ഈസാ നബി(അ) ജീവിച്ചിരിക്കുന്നു എന്ന ധാരണ തന്നെ അവിടുന്ന് പുലർത്തി പ്പോന്നിരുന്നുവല്ലോ. അടിക്കടിയായ വെളിപാടു കളിലൂടെ ദൈവം ആ ധാരണ പിശക് തിരുത്തിയപ്പോൾ മാത്രമേ അവിടുന്ന് ആ വിഷയത്തിൽ ചിന്തിച്ചു തുടങ്ങുകയും തന്റെ വിശ്വാസാഭിപ്രായം മാറ്റുകയും ചെയ്തുള്ളൂ.

ഹദ്റത്ത് അഹ്മദ് (അ) വീണ്ടും പറയുന്നു:'എന്റെ വാദങ്ങളിൽ നബിയെന്ന വാക്കുണ്ടെന്ന് കേട്ട അനേകർ തെറ്റിദ്ധരിക്കുകയും മുൻ കാലങ്ങ ളെന്ന പോലെ നബി മാർക്ക് നേരിട്ട് ലഭിച്ചു പോന്ന നുബുവ്വത്താണ് താൻ വാദിച്ചിട്ടുള്ളതെന്ന് കരുതുകയും ചെയ്യുന്നു. എന്നാൽ അവർ തെറ്റിദ്ധരിച്ചിരിക്കുകയത്രേ. എനിക്ക് അങ്ങനെയുള്ള വാദമല്ല ഉള്ളത്. അല്ലാഹുവിന്റെ പ്രത്യേക നിശ്ചയ പ്രകാരം യുക്തിജ്ഞാന മനുസരിച്ച് തിരുമേനി(സ)യുടെ ആത്മീയ പദവിയുടെ പരിപൂർത്തി സ്ഥാപിക്കുന്നതിനായി അവിടുത്തെ ബർക്കത്ത് കൊണ്ട് നുബൂവ്വത്തിന്റെ സ്ഥാനത്തോളം എന്നെ എത്തിച്ചിരിക്കയാണ്. ആകയാൽ ഞാൻ ഒരു നബി മാത്രമാണെന്ന് പറയാവതല്ല. ഒരു വശത്ത് നബിയും മറ്റൊരു വശത്ത് ഉമ്മത്തിയും അത്രെ.. എനിക്കുള്ള എല്ലാ ഓരോ പരിപൂർണതയും നബി (സ)യോടുള്ള പിന്തുടർച്ച മൂലവും അവിടുന്ന് മുഖേനയും സിദ്ധിച്ചതാകുന്നു' (ഹഖീക്കത്തുൽ വഹ്യ്-1907 പു . 149-150)

നുബുവ്വത്തിനെ സംബന്ധിച്ച് തന്റെ പൂർവ ധാരണയിൽ വാഗ്ദത്ത മസീഹ് മാറ്റം വരുത്തിയിട്ടുണ്ടെന്നത് അനിഷേധ്യമാണ്. 'തിരിയാ ഖുൽ ഖുലൂബ്' എന്ന ഗ്രന്ഥം എഴുതിക്കഴിഞ്ഞതിനും(1900) റിവ്യൂ ഒന്നാം വാല്യം പ്രസിദ്ധം ചെയ്യുന്നതിനും (1902) ഇടയിലാണ് ഇത് സംഭവിച്ചത്. മസീഹ് നബിയായിരുന്നുവെന്നും എന്നാൽ താൻ നബിയല്ലാത്ത മസീഹ് ആയതിനാൽ ഈസാമസീഹിനോളം ഔന്നത്യമുള്ളയാളെല്ലെന്നും ആണ് അത്വരെ കരുതിയിരുന്നത്. ഈസാ നബിക്ക് (അ) മേൽ തനിക്കുള്ള മഹത്വം സൂചിപ്പിക്കുന്ന വെളിപാടുകൾക്ക് ആ മഹത്വം 'ജുസ്യി' യായ അതായത് ഭാഗികമായ മഹത്വം മാത്രമായി വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിൽ നിന്നുള്ള വഹ്യിൽ അവിടുന്ന് നബിയെന്ന നിലയിൽ തന്നെ സംബോധന ചെയ്യപ്പെടുകയും തെറ്റായ ധാരണ അകറ്റുന്ന ദിവ്യബോധനങ്ങൾ ലഭിക്കുകയും ചെയ്തപ്പോൾ തന്നെ അത്വരെയുള്ള വിശ്വാസം മാറ്റി താൻ നബി തന്നെയെന്ന് മാത്രമല്ല ഈസാ നബിയെക്കാളും ഉയർന്ന സ്ഥാനമുള്ള ആളുമാണെന്ന് വെട്ടി തുറന്ന് പ്രഖ്യാപിക്കാൻ മടിച്ചില്ല. ഈസബ്നു മറിയം കാ ദിക്റ് കോ ഛോഡോ ഉസ്സെ ബഹ്തർ ഗുലാമെ അഹ്മദ് ഹയ് (ഇബ്നു മറിയമിന്റെ കാര്യം വിട്ടുകളയുക. അദ്ദേഹത്തേക്കാൾ ശ്രേഷ്ഠനത്രെ അഹ്മദിന്റെ ദാസൻ) (ദുർറെ സമീൻ)

ഈ സാഹചര്യത്തിലാണ് അമൃത്സറിൽ വെച്ച് ഒരു എതിരാളിയുടെ ചോദ്യത്തിന് തന്റെ ഉറച്ച ശിഷ്യനായിരുന്ന ശേഖ് ഗുലാം അഹ്മദ് സാഹിബ് നൽകിയ മറുപടിയിൽ ശേഖ് ഗുലാം അഹ്മദ് സാഹിബ് ഹദ്റത്ത് അഹ്മദ് (അ) നബി അല്ലെന്ന് നിഷേധിച്ചു പറഞ്ഞപ്പോൾ ആ തെറ്റിദ്ധാരണ നീക്കുന്നതിന് ഒരു പ്രഖ്യാപന മടങ്ങിയ ഇക് ഗലത്തീ കാ ഇസാലാ എന്ന ചെറു കൃതി പ്രസിദ്ധപ്പെടുത്തിയത്. അതിൽ ഹദ് റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി: 'എന്റെ വാദങ്ങളെയും അതിന് പിൻബലമായുള്ള ന്യായയു ക്തികളെയും കുറിച്ച് അപൂർണവും ഉപരിപ്ലവവുമായ അറിവ് മാത്രമുള്ളവരും എന്റെ ലിഖിതങ്ങൾ ശ്രദ്ധാ പൂർവം വായിക്കാൻ സമയമി ല്ലാത്തവരും തങ്ങളുടെ അറിവുകൾ പൂർണമാകുവോളം എന്റെ സാമീ പ്യസമ്പർക്കത്തിൽ കഴിച്ചുകൂട്ടിയിട്ടില്ലാത്തവരും ആയ എന്റെ ജമാഅത്തിലെ ചില അംഗങ്ങൾ ചിലപ്പോൾ ഏതെങ്കിലും ഒരു എതി രാളിയുടെ ആക്ഷേപം കേട്ട് യാഥാർഥ്യവുമായി പൊരുത്തപ്പെടാത്ത മറുപടി പറയാൻ ഇടയാവുന്നു. തന്നിമിത്തം അവർ നേർ വഴിയിലായിരിക്കെ തന്നെ വലുതായ എളിമയിലായിത്തീരുന്നു. അടുത്ത് മാത്രമാണ് ഒരു അഹ്മദി, ഒരു നബി (പ്രവാചകൻ)യും റസൂലുമാ (ദൈവദൂതൻ) മാണെന്ന് വാദിച്ചിട്ടുള്ള ഒരാൾക്കാണ് താൻ ബൈഅത്ത് ചെയ്തിട്ടുള്ളതെന്ന ഒരാക്ഷേപത്തെ അഭിമുഖീകരിക്കേണ്ടി വന്നത്. ഞാൻ അപ്രകാരം ഒരു വാദവും പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമായി നിഷേധിച്ചു പറഞ്ഞുകൊണ്ട് അദ്ദേഹം തൽക്കാലം ആ ആക്ഷേപത്തെ മറികടന്നു. എന്നാൽ ഈ പ്രത്യുത്തരം ഒട്ടും ശരിയായിരുന്നില്ല. ദൈവം എനിക്കിറക്കിയ പാവനവും പരിശുദ്ധവുമായ വെളിപാടുകളിൽ നബിയെന്നും റസൂൽ എന്നുമുള്ള വാക്കുകൾ അടങ്ങിയിട്ടുണ്ടെന്നതാണ് യാഥാർഥ്യം. ഈ വാക്കുകൾ ഒന്നോ രണ്ടോ വട്ടമല്ല നൂറുകണക്കിന് ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ഈ വെളിപാടുകളുള്ളപ്പോൾ അത്തരം വാക്കുകളൊന്നും ഇല്ലാത്തത് പോലെ അപ്രകാരമുള്ള മറുപടി നൽകുന്നത് ശരിയായിരിക്കുന്നതെങ്ങനെ? ഇത്തരം വാക്കുകൾ മുമ്പത്തേക്കാൾ അധികമായും അടിക്കടിയായും കൂടുതൽ സ്ഫുടതരമായും ഇപ്പോൾ വെളിപാടുകളിൽ കാണപ്പെടുന്നുണ്ട്. 22 കൊല്ലം മുമ്പ് പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ്യായിൽ തന്നെ അത്തരം വാക്കുകൾ കാണാവുന്നതാണ്.' (ഇക് ഗലത്തീ കാ ഇസാലാ)

ഈ പ്രഖ്യാപനത്തിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) നബി തന്നെയാണെന്ന് ഉറപ്പിച്ചു പറഞ്ഞതിനെ പരിഗണിച്ച് എതിരാളികൾ ശക്തിമത്തായ പുതിയ ആക്ഷേപ

ങ്ങൾ ഉന്നയിച്ചു തുടങ്ങി. അഹ്മദി യ്യാ ജമാഅത്തിനും അതിന്റെ വന്ദ്യ സ്ഥാപകർക്കുമെതിരെ ആഗോള വ്യാപകമായ എതിർപ്പുകൾക്കു വേണ്ടി ശത്രുക്കൾ ഇതിൽ പുതിയ അടിസ്ഥാനം കൂടി കണ്ടെത്തു കയും തിരുനബി(സ)യെ പറ്റി ഖാത്തമുന്നബിയ്യീൻ എന്ന് ഖുർ ആനിൽ പറഞ്ഞിട്ടുള്ളതിന് എതി രാണിതെന്ന് ഘോഷിക്കുകയും ചെയ്തു. ഖാത്തമുന്നബിയ്യീന് ശേഷം നബി വരുന്നതെങ്ങനെ യെന്ന് ചോദിച്ചതിന് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം മറുപടി നൽകി. 'വിശുദ്ധ നബി(സ) ഖാത്ത മുന്നബിയ്യീനായിരിക്കെ അദ്ദേഹ ത്തിന് ശേഷം പുതിയ ഒരു പ്രവാ ചകൻ വരുന്നതെങ്ങനെയെന്ന് ആരെങ്കിലും ചോദിക്കുകയാണെ ങ്കിൽ അതിനുള്ള ഉത്തരം ഇതാണ്. തീർച്ചയായും ഈസാ നബിയുടെ പുനരാഗമനത്തിൽ നിങ്ങൾ വിശ്വ സിക്കുന്ന അർഥത്തിലും അദ്ദേഹ ത്തിന്റെ പ്രവാചകത്വത്തിലും അദ്ദേ ഹത്തിന് 40 വർഷക്കാലം വെളിപാ ടുകൾ തുടരുന്നതിലും- തിരുനബി (സ) യുടെ പ്രവാചകത്വകാലയ ളവിനെക്കാൾ കൂടിയതാണി തെ ന്നോർക്കണം - നിങ്ങൾ വിശ്വസി ക്കുന്നത് പോലെ പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല. അത്തരമൊരു വിശ്വാസം ഗുരുതരമായ ഒരു കുറ്റം തന്നെയാണെന്നതിൽ സംശയമില്ല.'വലാകിൻ റസൂലു ല്ലാഹി വ ഖാത്തമുന്നബിയ്യീൻ' (എങ്കിലും അദ്ദേഹം ഖാത്തമുന്ന ബിയ്യീനും അല്ലാഹുവിന്റെ ദൂതനു മാകുന്നു.) എന്ന ഖുർആൻ വാക്യ വും ലാ നബിയ്യ ബഅ്ദീ (എനിക്ക് ശേഷം നബിയില്ല) എന്ന ഹദീസും അത്തരം തെറ്റായ സിദ്ധാന്തത്തിന്റെ പ്രത്യക്ഷമായ അസത്യത്തെ തെളി യിച്ചു കാട്ടുന്ന പ്രബലമായ സാക്ഷ്യ മാകുന്നു.ഞാൻ അത്തരം വിശ്വാസ ങ്ങൾക്ക് തികച്ചും എതിരായിരിക്കു ന്നതിന് പുറമെ വലാകിൻ റസൂലു ല്ലാഹ് വഖാത്തമുന്നബിയ്യീൻ (അദ്ദേ ഹം അല്ലാഹുവിന്റെ ദൂതനും പ്രവാ ചകന്മാരുടെ മുദ്രയുമാകുന്നു.)

എന്ന ഖുർആൻ വാക്യത്തിൽ സുദൃ ഢമായ വിശ്വാസം പുലർത്തുകയും ചെയ്യുന്നു. ഈ വാക്യങ്ങളിൽ നമ്മു ടെ എതിരാളികളുടെ ശ്രദ്ധയിൽ പെടാതെപോയ ഒരു വലിയ പ്രവ ചനം അടങ്ങിയിരിക്കുന്നു. അത് ഇതാകുന്നു. തിരുനബി (സ)യുടെ ആവിർഭാവത്തിന് ശേഷം ലോകാ വസാനം വരെ പ്രവചന ശേഷിയു ടെ ദിവ്യമായ വരദാനം തട യപ്പെട്ടി രിക്കുന്നു. എന്നതത്രേ. അത് ഹിന്ദു വോ ജൂതനോ ക്രിസ്ത്യാനിയോ നാമമാത്ര മുസ്‌ലിമോ ആയിട്ടുള്ള യാതൊരാൾക്കും തന്റെ പേരിൽ നബി എന്ന സ്ഥാനപ്പേർ സ്വീകരി ക്കുന്നതിനെ ന്യായീകരിക്കുന്നതിന് സാധിക്കുന്നതല്ല. ഈ അത്യുന്നത മായ പദവിക്ക് 'സിറാത്തെ സിദ്ദീഖ്' (സിദ്ദീഖിന്റെ പാത) ഒഴിച്ചുള്ള മറ്റെല്ലാ സമീപനങ്ങളും മാർഗങ്ങ ളും തിരുനബി(സ)യോടുള്ള പ്രേമാ തിരേകത്താൽ പൂർണമായ ആത്മ സംഹൃതിക്ക് തുല്യമായിട്ടുള്ള താണ് -ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ വാതി ലിലൂടെ ദൈവത്തെ സമീപിക്കു വാൻ ശ്രമിക്കുന്നവർ പ്രവാച കത്വത്തിന്റെ കുപ്പായം - അതു പക്ഷേ തിരുനബി(സ)യുടെ പ്രവാച കത്വത്തിന്റെ അംശം തന്നെയാ കുന്നു-അണിഞ്ഞ ആളായിരി ക്കണം. അത്തരം ഒരാളുടെ പ്രവാച കത്വം തന്നത്താൻ നിലനിൽക്കു ന്നതോ സ്വന്തം വ്യക്തിത്വത്തിൽ നിന്ന് നേടിയെടുത്തതോ അല്ല. മറിച്ച്, എല്ലാ ഔദാര്യങ്ങളുടെയും നന്മകളുടെയും പ്രഭവ കേന്ദ്രമായ തിരുനബി(സ)യിൽ നിന്ന് ആവാഹിച്ചെടുത്തിട്ടുള്ള താകുന്നു. ആകയാൽ അത്തരമൊരാൾ സ്വ ന്തം ഔന്നത്യവും സ്ഥാനവു മുയർ ത്താനല്ല നേരേമറിച്ച് തിരുനബി (സ) യുടെ മഹത്വവത്ക്കരണത്തിനാ യിട്ടാണ് നബിയായിരിക്കുന്നത്. അത്കൊണ്ടാണ് അദ്ദേഹം സ്വർഗ ത്തിൽ മുഹമ്മദും അഹ്മദും ആയി അറിയപ്പെടുമാറായിരിക്കുന്നത്. മുഹമ്മദിന്റെ പ്രവാചകത്വം മറ്റാരി ലുമല്ലാതെ മുഹമ്മദിലേക്ക് തന്നെ തിരിച്ചുവരുന്നു എന്ന് പറയാം. എന്നു വച്ചാൽ ഈ പദവി അവകാ

ശപ്പെടുന്ന ഒരാൾ തിരുനബി(സ) യുടെ എല്ലാ ഗുണങ്ങളും തന്നിൽ പ്രതിഫലിപ്പിക്കുകയും അവിടേക്കു ള്ള കടപ്പാടിനെ അംഗീകരിക്കു കയും ചെയ്തുകൊണ്ട് അവിടു ത്തെ നിഴ ലെന്നോണം പ്രവർത്തി ക്കുന്നതായിരിക്കും. ചുരുക്കത്തിൽ എന്റെ പ്രവാചകത്വം എന്റെ സ്വത്വം മുഖേ നയല്ല മറിച്ച് ഞാൻ മുഹമ്മദും അഹ്മദും ആയിരിക്കുന്നത് മുഖേന യാകുന്നു. ഞാൻ ഈ പദവിയിൽ അനുഗൃഹീതനായിരിക്കുന്നത് ഞാൻ തിരുനബി(സ)യിൽ പൂർണ മായും ആഹുതി ചെയ്തിട്ടുള്ളത് കൊണ്ടത്രേ. ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) എന്ന പ്രയോഗത്തിന്റെ പൊരുളിനെ ഇത് ഒരുതരത്തിലും ബാധിക്കുന്നില്ല. എന്നാൽ ഈസാ മസീഹിനെ പോ ലെയുള്ള ഒരു സ്വതന്ത്ര പ്രവാചക ന്റെ ആവിർഭാവം ഇപ്രകാരമുള്ള തല്ല. നബി എന്ന ശബ്ദത്തിന്റെ അർ ഥം ദൈവത്തിൽ നിന്നും പരോക്ഷ ജ്ഞാനം ലഭിച്ചയാൾ എന്നത്രെ. ഈ നിർവചനം ആരിൽ യോജിക്കു ന്നുവോ അയാൾ നബിയായിരി ക്കും. നബി ആവശ്യ മായും ഒരു റസൂൽ(ദൈവദൂതൻ) ആണ്. അല്ലാത്ത പക്ഷം പരിശു ദ്ധമായ പരോക്ഷജ്ഞാനമയാൾക്ക് അനുഗ്രഹിച്ചരുളപ്പെടുന്നതല്ല.... ദൈവത്തിൽ നിന്ന് പരോക്ഷ ജ്ഞാനം ലഭിച്ചതായി പ്രഖ്യാപി ക്കുന്ന ആൾ പ്രവാചകത്വത്തിന് അവകാശിയല്ലെങ്കിൽ മറ്റെന്ത് പേരാണ് നിങ്ങൾ അയാൾക്ക് നൽകുക? മുഹദ്ദസ് എന്ന പദ ത്തിന്റെ ഉള്ളടക്കം അത്തരം ഒരാ ളുടെ അത്മീയസ്ഥാനത്തെ പൂർ ണമായും ഉൾക്കൊള്ളുന്നുവെന്ന തിന് യാതൊരു നിഘണ്ടുവും പിന്തുണ നൽകുന്നില്ല. 'തഹ്ദീസ്' എന്ന അറബി പദം പരോക്ഷ ജ്ഞാ നങ്ങളുടെ രഹസ്യജ്ഞാനം ആർജി ക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിനുള്ള ശബ്ദമായി ഒരു നിഘണ്ടുവിലും വിവരിക്കപ്പെട്ടി ട്ടില്ല. എന്നാൽ'നുബൂവ്വത്ത്'എന്നത് അത്തരത്തിൽ പരോക്ഷജ്ഞാനം ലഭിക്കൽ ആയി വിവരിക്കുന്നു

മുണ്ട്. നബിയെന്ന പദം അറബിയിലും അബ്രാനിയിലും പൊതുവായിട്ടുള്ളതാണ്. ഹിബ്രുവിലും അത് നബി എന്നാണ് ഉച്ചരിക്കപ്പെടുക.'

ഹദ്റത്ത് അഹ്മദ്(അ) ഇക് ഗലത്തീ കാ ഇസാല എന്ന കൃതി ഇപ്രകാരമാണ് ഉപസംഹരിക്കുന്നത്.

'ഞാനിത്രയും പറഞ്ഞിട്ടുള്ളതിന്റെ ആകെസ്സാരം എന്തെന്നാൽ അറിവു കെട്ട എന്റെ എതിരാളികൾ ഞാനൊരു സ്വതന്ത്ര നബിയാണെന്ന് അഥവാ സ്വതന്ത്രറസൂലാണെന്ന് വാദിച്ചതായി ആരോപിക്കുന്നത് ശരിയായില്ല എന്നത്രെ. ഞാൻ അത്തരമൊരു വാദം പുറപ്പെടുവിച്ചിട്ടില്ല. അവർ നബി എന്നതി നും റസൂൽ എന്നതിനും കൽപ്പിക്കുന്ന അർഥത്തിൽ ഞാൻ പ്രവാചകനോ ദൈവദൂതനോ ആണെന്ന് വാദിക്കുന്നില്ല. എന്നാൽ മുകളിൽ വിവരിച്ച അർഥത്തിൽ ഞാൻ ഒരു നബിയും റസൂലും തന്നെ. ഞാൻ അവർ പറയുന്ന തരത്തിലുള്ള നുബുവ്വത്തും റിസാലത്തും വാദിച്ചതായി എന്നെക്കുറിച്ച്കുത്സിത ബുദ്ധ്യാ ആരോപിക്കുന്നവർ കള്ളം പറയുകയാകുന്നു. അത് അവിശുദ്ധമായ വിചാരത്താൽ പ്രചോദിതമാകുന്നു. എന്നെ ബുറൂസി (പ്രതിച്ഛായ) ആയ രൂപത്തിൽ നബിയും റസൂലും ആക്കിയിരിക്കുന്നു. ഇതേ അടിസ്ഥാനത്തിൽ ദൈവം അടിക്കടി എന്റെ പേര് നബിയുല്ലാഹ് എന്നും വെച്ചിരിക്കുന്നു. എന്നാൽ ബുറൂസി (പ്രതിച്ഛായ) രൂപത്തിൽ മാത്രം. എന്റെ വ്യക്തിത്വം മദ്ധ്യത്തിലെവിടെയും ഇല്ല. മുഹമ്മദ് മുസ്തഫാ(സ) തന്നെയാണ് എന്നിൽ പ്രതിഭാസിക്കുന്നത്. അത്കൊണ്ടാണ് ഞാൻ മുഹമ്മദ് എന്നും അഹ്മദ് എന്നും വിളിക്കപ്പെട്ടിരിക്കുന്നത്. നുബുവ്വത്തും റിസാലത്തും അന്യരുടെ ആരുടെയെങ്കിലും അടുക്കലേക്ക് പോയില്ല. മുഹമ്മദിന്റെ(സ) നുബൂവ്വത്ത് മുഹമ്മദി ന്റെ അടുക്കൽ തന്നെ നിലനിൽക്കുന്നു.'

തന്റെ പദവി'മുഹദിസ്''എന്ന സ്ഥാനത്തേക്കാൾ ഉയർന്നതാണെന്ന് വ്യക്തമാക്കിയ വാഗ്ദത്ത മസീഹ് (അ)നുബുവ്വത്തിന് പുതിയ നിർവ ചനം നൽകി. 1901 ന് ശേഷമുള്ള ഗ്രന്ഥങ്ങളിൽ ഇത് കാണപ്പെടുന്നു. വാഗ്ദത്ത മസീഹ് നബി എന്ന ശബ്ദത്തിന് പിന്നീട് നൽകിയ ഖണ്ഡിതമായ നിർവവചനങ്ങൾ ഇതാണ്.

1. 'ദൈവത്തിന്റെ ഭാഷണം ഖണ്ഡിതവും ദൃഢവുമായ രീതിയിൽ ധാരാളമായി ഇറങ്ങിക്കൊണ്ടിരിക്കുന്നത് ആരിലാണോ അയാളാണ് എന്റെ പക്കൽ നബി. അതുകൊണ്ട് അല്ലാഹു എന്റെ പേർ നബിയെന്ന് വെച്ചു.പക്ഷേ ശരീഅത്ത് ഇല്ലാതെ' (തജല്ലിയാത്തെ ഇലാഹിയ്യ)

2) 'ആ നേരിട്ടുള്ള സംസാരം അവസ്ഥയിലും ആധികൃത്തിലും പരിപൂർണതയുടെ പരമോന്നത സ്ഥാനത്തെക്കുറിക്കുകയും അതിന്റെ യാതൊരു അപാകതയും കുറവും അവശേഷിക്കാതിരിക്കുകയും തുറന്ന നിലയിൽ പരോക്ഷ ജ്ഞാനം ഉൾക്കൊണ്ടിരിക്കുകയും ആണെങ്കിൽ ഇതുതന്നെയാണ് വാക്യാന്തരേണ നുബൂവ്വത്ത് എന്ന പേരിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്' (അൽവസിയ്യത്ത്)

3)'വഹ്യ് മുഖേന അല്ലാഹുവിൽ നിന്ന് നേരിട്ട് ജ്ഞാനം ലഭിക്കുന്ന ആൾ, ദൈവവുമായി നേരിട്ട് സംസാരിക്കുന്നതിന് അനുഗ്രഹിക്കപ്പെട്ട ആൾ എന്നിങ്ങനെ മാത്രമാണ് നബിയുടെ അർഥം. ശരീഅത്ത് കൊണ്ട് വരുന്നത് നിർബന്ധമില്ല. ഒരു ഉമ്മത്തിയെ അപ്രകാരം പ്രവാചകനായി കരുതുന്നതിന് എന്തെങ്കിലും നിബന്ധന അനുപേക്ഷണീയമായിരിക്കുന്നില്ല. ആ ഉമ്മത്തി താൻ അനുസരിക്കുന്ന നബിയിൽ നിന്നും അനുഗ്രഹങ്ങൾ തേടുന്ന ആളായിരിക്കുമ്പോൾ പ്രത്യേകിച്ചും.' (സമീമ ബറാഹീൻ അഹ്മദീയ്യ. പു. 138)

4) 'ദൈവത്തിൽ നിന്ന് പരോക്ഷമായ കാര്യങ്ങളിൽ അധിഷ്ഠിതമായ ശക്തിമത്തായ പ്രവചനങ്ങൾ അടങ്ങിയ ഭാഷണം ജനങ്ങളിൽ എത്തിക്കുന്ന ആൾ ഇസ്ലാമിക സാങ്കേതിക വീക്ഷണ പ്രകാരം നബിയെന്ന് പറയപ്പെടുന്നു.' (ഹുജ്ജത്തുല്ലാഹ് പു.6.)

പുതിയ ശരീഅത്ത് കൊണ്ട് വരുന്ന ആളോ മുൻ ശരീഅത്ത് റദ്ദ് ചെയ്യുന്ന ആളോ ആണ് നബിയെന്നും ആ ആൾ മറ്റൊരു നബിയുടെ പിന്തുടർച്ചക്കാരനോ അനുസാരിയോ അല്ലാത്ത നിലയിൽ നേരിട്ട് ദൈവത്തിൽ നിന്ന് നിയോഗിക്കപ്പെടുന്ന ആളായിരിക്കുമെന്നുമായിരുന്നു നബിയെക്കുറിച്ചുള്ള പൂർവധാരണ. ആകയാൽ താൻ നബിയാണെന്ന് വാദിക്കുമ്പോൾ ഇസ്ലാമിക ശരീഅത്തിന് ശേഷം പുതിയ ശരീഅത്ത് കൊണ്ട്വന്ന ആളോ മുഹമ്മദ് നബി(സ) തിരുമേനിയുടെ പിന്തുടർച്ചയും അനുസരണവുമായി ബന്ധമില്ലാത്ത സ്വതന്ത്രനായ നബിയോ ആണെന്ന് ധരിക്കാനിടയുണ്ടെന്നതിനാലാണ് ആ മഹാത്മാവ് താൻ നബിയല്ലെന്ന് നിഷേധിച്ചുപോന്നത്. എന്നാൽ മുഹമ്മദ് നബി (സ)യുടെ പ്രാദുർഭാവത്തിന് ശേഷം ഒരു പുതിയ തരത്തിലുള്ള ശിഷ്യ പ്രവാചകന്റെ- ഉമ്മത്തീ നബിയുടെ- തസ്തിക കൂടി സൃഷ്ടിക്കപ്പെട്ടിരിക്കയാണെന്നും ആ അടിസ്ഥാനത്തിൽ ഇസ്ലാം ശരീഅത്തിന്റെ ഇഖാമത്തിനായുള്ള ഉമ്മത്തീ നബിയും തിരുനബി(സ)യുടെ പ്രതിച്ഛായയും പ്രതീകവുമായ ശിഷ്യ പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കയാണെന്നും ദിവ്യ ബോധനത്തിലൂടെ വ്യക്തമാക്കപ്പെട്ടപ്പോൾ, അപ്രകാരം പ്രഖ്യാപിക്കാനും ഘോഷിക്കാനും അവിടുന്ന് ലവലേശവും മടിക്കുകയുണ്ടായില്ല. അക്കാര്യത്തിൽ മുഴുവൻ ലോകത്തിന്റെയും എതിർപ്പുകളെ ഒറ്റക്ക് നേരിടാനുള്ള നെഞ്ഞൂക്കും നിശ്ചയദാർഢ്യവും പ്രദർശിപ്പിക്കാൻ അദ്ദേഹം തയ്യാറായി. താൻ നബിയും റസൂലുമാണെന്ന് എവിടെയെല്ലാം പറയുന്നുവോ അവിടെയെല്ലാം അതോടൊപ്പം തന്നെ തനിക്കീ പദവി ലഭിച്ചത് തന്റെ ഗുരുവര്യനായ മുഹമ്മദ് നബി (സ) തിരുമേനിയോടുള അനുസരണം വഴി സിദ്ധിച്ച അനുഗ്രഹത്തിലൂടെ ആണെന്നും കൂടി

ശേഷം പേജ് 38

# ഒരു സത്യാന്വേഷിയോട്

1901 മാർച്ച് മാസത്തിൽ വസീർ സിങ്ങ് എന്ന ഒരു സത്യാന്വേഷി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അടുക്കൽ വരികയുണ്ടായി. ആത്മീയ അനുഭൂതി അന്വേഷിച്ച് അലയുന്ന ഒരുവനാണ് താനെന്നും അതിനായി പലരുടെയും അടുക്കൽ ചെന്നെങ്കിലും സ്ഥായിയായ യഥാർഥ അനുഭൂതി കരസ്ഥമായില്ലെന്നും, അങ്ങനെ ചിന്താകുലനായി അലഞ്ഞ സമയത്താണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലോകമതസമ്മേളനത്തിൽ അവതരിപ്പിച്ച ഉപന്യാസം ശ്രവിക്കാനിടയായതെന്നും അദ്ദേഹം പറഞ്ഞു. അത് കേട്ടപ്പോൾ അതിന്റെ രചയിതാവിൽ നിശ്ചയമായും പ്രകാശം ഉണ്ടെന്ന് ആത്മാവ് അനുഭവിച്ചറിഞ്ഞ് ജീവിതത്തെ പാകപ്പെടുത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി താങ്കളുടെ സന്നിധിയിൽ എത്തിയിരിക്കുകയാണെന്ന് അറിയിച്ചു. സദുദ്ദേശ്യത്തോടു കൂടി സന്നിഹിതനായ ആ സത്യാന്വേഷിക്കായി ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയ സദുപദേശങ്ങളിൽ നിന്നുള്ള പ്രസക്തഭാഗങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

ഹദ്റത്ത് അഹ്മദ് (അ)

**ഇസ്ലാമിന്റെ യാഥാർഥ്യം**

മനുഷ്യൻ ഒരിക്കലും തന്നെ പുറംതോടിലും തൊലിയിലും മാത്രമായി ഒതുങ്ങരുത്. വെറും പുറം തോടിൽ മാത്രം സംതൃപ്തനാകുന്നത് മനുഷ്യൻ ഇഷ്ടപ്പെടുന്നില്ല. പ്രത്യുത മുന്നോട്ടുള്ള ഗമനമാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. പ്രകൃതിദത്തമായി മനുഷ്യൻ അന്വേഷിക്കുന്ന ഈയൊരു സത്തയിലേക്കും ആത്മാവിലേക്കും അവനെ എത്തിക്കുവാനാണ് ഇസ്ലാം ആഗ്രഹിക്കുന്നത്. ഇസ്ലാം എന്ന പേരു കേൾക്കുമ്പോൾ തന്നെ ആത്മാവിൽ ഒരാനന്ദമുണ്ടാകുന്നു. മറ്റേതൊരു മതത്തിനും ഈ സവിശേഷതയില്ല....... മനുഷ്യാത്മാവിൽ ഉടലെടുക്കുന്ന ദാഹത്തിന്റെയും വിശപ്പിന്റെയും സംതൃപ്തിക്കും സമാധാനത്തിനുമായിട്ടാണ് ഇസ്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കാരണം ഈ നാമം ശ്രവിക്കുന്നവർ, ഈ മതത്തെ സത്യഹൃദയത്തോടു കൂടി വിശ്വസിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നവർ ദൈവജ്ഞാനിയാണെന്ന് മനസ്സിലാക്കണം. എന്നാൽ എല്ലാം തന്നെ പെട്ടെന്നായിത്തീരണം എന്നാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. ദൈവികജ്ഞാനത്തിന്റെ ഉന്നത നിലവാരത്തിലേക്ക് പൊടുന്നനെ എത്തിപ്പെടണം എന്ന് അവൻ ആഗ്രഹിക്കുന്നു. ഇതൊരിക്കലും സംഭവ്യമല്ല. ലോകത്ത് എല്ലാം തന്നെ ക്രമാനുഗതമായിട്ടാണ് നടക്കുന്നത്. ഉൽക്കണ്ഠയും താമസവുമില്ലാതെ മനുഷ്യൻ യാതൊരു ജ്ഞാനവും വിദ്യയും കരസ്ഥമാക്കുന്നില്ല എന്നത് നോക്കുക. ക്രമാനുഗതമായി ഓരോ ഘട്ടവും തരണം ചെയ്യേണ്ടത് അനിവാര്യമാകുന്നു.......

**സമുദ്ധാരണത്തിനായി സഹനം നിബന്ധനയാകുന്നു**

ഭൗതീകവും ജഢികവുമായ ജീവിത വിഭവങ്ങൾക്കായി 6 മാസത്തോളം കാത്തിരിക്കേണ്ടിവരുന്നു. അതില്ലാതെ മനുഷ്യന് അല്പകാലം പോലും ജീവിച്ചിരിക്കാൻ സാധ്യമല്ല. എന്നാൽ ഭൗതീക ജീവിതവിഭവങ്ങളിലധിഷ്ഠിതമായ ജീവിതം എന്നെന്നേക്കുമുള്ളതല്ല. അത് നശ്വരമാണ്. അപ്പോൾ

ആത്മീയ ജീവിതത്തിന്റെ പോഷണവും, അനശ്വരവുമായ ആത്മീയ വിഭവം രണ്ട് നാല് ദിവസം കൊണ്ട് എങ്ങനെയാണ് കരസ്ഥമാകുക. ആഗ്രഹിക്കുന്നത് ഉടൻ നടപ്പിലാക്കാൻ കഴിവുള്ളവനാണ് അല്ലാഹു. അസാധ്യമായി അവന് ഒന്നും തന്നെയില്ല എന്നതാണ് നമ്മുടെ വിശ്വാസവും.......തന്റെ കഴിവിലും ശക്തിയിലും സമാനതയില്ലാത്തവനും പങ്കാളികളില്ലാത്തവനുമായ ദൈവത്തെയാണ് ഇസ്‌ലാം സമർപിക്കുന്നത്. എന്നാൽ എല്ലാം തന്നെ ക്രമാനുഗതവും ഉത്തരോത്തരവുമായിട്ടാണ് അവൻ നടപ്പിൽ വരുത്തുന്നത്. അതിനാൽ സഹനവും സദുദ്ദേശ്യവും കരസ്ഥമാക്കുന്നില്ലെങ്കിൽ വിജയം ദുഷ്കരമാകുന്നു....... ദൈവസഹവാസത്തിന് യോഗ്യമാകുന്നതിന് മുമ്പ് മനുഷ്യഹൃദയം പിശാചിന്റെ സിംഹാസനവും ഭരണയന്ത്രവുമാകുന്നു. മറ്റൊരു ഭരണത്തിനായി ആ പൈശാചിക ഭരണത്തിന്റെ നശീകരണം അനിവാര്യമാകുന്നു. സത്യാന്വേഷണത്തിനായി പുറപ്പെടുന്നയാൾ സദ്ഭാവന കൈക്കൊള്ളുന്നില്ലെങ്കിൽ ദൗർഭാഗ്യം തന്നെ. ഒരു കുശവനെ നോക്കുക. മൺപാത്രങ്ങൾ ഉണ്ടാക്കുന്നതിനായി എന്തെല്ലാം ചെയ്യേണ്ടി വരുന്നു. അലക്കുകാരനെ നോക്കുക. അഴുക്കും മാലിന്യങ്ങളും പുരണ്ട വസ്ത്രങ്ങൾ വൃത്തിയാക്കാൻ എത്ര പരിശ്രമിക്കേണ്ടി വരുന്നു..... വളരെ നിസാരമായ കാര്യങ്ങൾക്കായി ഇത്രയധികം സഹനം അനിവാര്യമാണെന്നിരിക്കെ, തന്റെ ജീവിതത്തിന്റെ സമുദ്ധാരണവും, ഹൃദയത്തിലെ അഴുക്കുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും ആഗ്രഹിക്കുന്നവർ ഒരുത്തിലൂടെ എല്ലാം അകലുകയും ഹൃദയം പരിശുദ്ധമാകുകയും ചെയ്യണം എന്നാഗ്രഹിക്കുന്ന വ്യക്തി എത്ര വിഢ്ഢിയാകുന്നു. സമുദ്ധാരണത്തിനായി സഹനം അനിവാര്യമാണെന്നത് ഓർത്തുകൊള്ളുക.

രണ്ടാമതായി മനസ്സുകളെ ശുദ്ധീകരിക്കുന്ന വ്യക്തിയുടെ സഹവാസത്തിൽ കഴിയാത്തതുവരെ സ്വഭാവത്തിന്റെയും മനസിന്റെയും ശുചീകരണം സാധ്യമാകുകയില്ല. മാലിന്യം ദൂരപ്പെടുമ്പോൾ ആദ്യ കവാടം തുറക്കപ്പെടുന്നു. ഏതെല്ലാം മാലിന്യങ്ങളുമായി താദാത്മ്യം ഉണ്ടായിരുന്നുവോ അതെല്ലാം തന്നെ ഉള്ളിൽ തങ്ങുന്നു. ഏതെങ്കിലും ഔഷധഗുണമുള്ള സഹവാസം ലഭിക്കുമ്പോൾ സാവധാനത്തിൽ ആ ആന്തരീകമാലിന്യം അകലാൻ തുടങ്ങുന്നു. കാരണം വിശുദ്ധഖുർആന്റെ സാങ്കേതിക ഭാഷയിൽ റൂഹുൽ ഖുദുസ് എന്ന് പറയപ്പെടുന്ന പരിശുദ്ധാത്മാവുമായി താദാത്മ്യം സംജാതമാക്കത്തതുവരെ ബന്ധം സ്ഥാപിതമാകുന്നതല്ല. ഈ ബന്ധം എപ്പോഴാണ് സ്ഥാപിതമാകുക എന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാലും ഈ മാർഗത്തിൽ സ്വയം തങ്ങളെ മണ്ണാക്കി തീർക്കുക. അങ്ങേയറ്റം സഹനത്തോടും സ്ഥിരതയോടും കൂടി ഈ മാർഗത്തിൽ മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുക. അല്ലാഹു അവന്റെ യഥാർഥ പരിശ്രമത്തെ പാഴാക്കുന്നതല്ല. അവസാനം അവൻ അന്വേഷിക്കുന്ന പ്രകാശവും വെളിച്ചവും അവന് നൽകുന്നു....

**ദൈവവിശ്വാസം അനിവാര്യം**

ചുരുക്കത്തിൽ സഹനത്തോടൊപ്പം സന്മാർഗത്തിനായുള്ള പരിശ്രമവും ഉണ്ടെങ്കിൽ അല്ലാഹു
അതിനെ പാഴാക്കി കളയുന്നതല്ല. യഥാർഥ ഉദ്ദേശ്യം അല്ലാഹുവിനോടുള്ള സ്നേഹം തന്നെയാകുന്നു. എന്നാൽ സ്നേഹം എന്നത് രണ്ടാമത്തെ നിലയാകുന്നു. പ്രഥമമായി അനിവാര്യമായിട്ടുള്ളത് അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള ദൃഢവിശ്വാസം ഉണ്ടാക്കിയെടുക്കലാണ്. അതിനു ശേഷം ആത്മാവിൽ സ്വയം ഒരു ആകർഷണം ഉടലെടുക്കുന്നു. അത് സ്വയം തന്നെ അല്ലാഹുവിലേക്ക് വലിച്ചടുപ്പിക്കുന്നു. ദൈവജ്ഞാനവും ഉൾക്കാഴ്ചയും വർധിക്കുന്നതിനനുസരിച്ച് ആനന്ദവും സന്തോഷവും വർധിക്കുന്നു. ദൈവജ്ഞാനമില്ലാതെ ഒരിക്കലും ആനന്ദം ലഭിക്കുകയില്ല. താല്പര്യത്തിന്റെയും ഉൽസാഹത്തിന്റെയും യഥാർഥ ഉറവിടം ദൈവജ്ഞാനം തന്നെയാകുന്നു....

**ദൈവജ്ഞാനം**

ഒരു വസ്തുവിനെകുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കാത്തതുവരെ കേവലം അതിന്റെ സൗന്ദര്യം സ്നേഹം ജനിപ്പിക്കുന്നതല്ല. ജ്ഞാനമില്ലാതെ സ്നേഹം അസാധ്യമാണെന്ന് അറിഞ്ഞുകൊള്ളുക. സ്നേഹഭാജനത്തെ സംബന്ധിച്ചുള്ള ജ്ഞാനമില്ലാത്ത സ്നേഹം കേവലം ഭാവന മാത്രമാകുന്നു......

**സഹനം, സദ്ഭാവന, ദുആ**

ചുരുക്കത്തിൽ സ്നേഹവർധനവിനുള്ള യഥാർഥ ഹേതു ജ്ഞാനമാണെന്നത് മനസിലാക്കുക. ആനന്ദവും സന്തോഷവും ആഗ്രഹിക്കുന്ന മനുഷ്യൻ ആദ്യം ദൈവസ്നേഹം കരസ്ഥമാക്കേണ്ടത് അനിവാര്യമാകുന്നു. എന്നാൽ അതിന്റെ യഥാർഥ അടിത്തറ സഹനവും സദ്ഭാവനയുമാകുന്നു. അസാധാരണമായ സഹനമില്ലാതെ ഒന്നും സംഭവ്യമല്ല. മനുഷ്യൻ സത്യാന്വേഷണത്തിനായികൊണ്ട് തളർത്തിക്കളയാത്ത സഹനത്തോടു കൂടി അല്ലാഹുവിന്റെ മാർഗത്തിൽ പരിശ്രമവും പ്രയത്നവും നടത്തുമ്പോൾ അല്ലാഹു തന്റെ അനുഗ്രഹത്താലും കാരുണ്യത്താലും, ആരാണ് നമ്മിലായികൊണ്ട് പരിശ്രമവും പ്രയത്നവും ചെയ്യുന്നത് അവസാനം നാമവരെ എന്റെ മാർഗത്തിലേക്ക് നയിക്കുന്നു, അവർക്ക് മേൽ എന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു (29.70) എന്ന തന്റെ വാഗ്ദാനമനുസരിച്ച് അവനുമേൽ സന്മാർഗത്തിന്റെ വാതായനങ്ങൾ തുറക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നതാണ് എന്നത് പരമാർഥമാണ്....

**ദൈവാന്വേഷണത്തിന്റെ മര്യാദകൾ**

ദൈവാന്വേഷണത്തിന്റെ പ്രഥമ നിബന്ധന സത്യസന്ധമായ അന്വേഷണമാണ്. രണ്ടാമതായി സഹനത്തോടു കൂടി അതിൽ മുഴുകുകയാണ് വേണ്ടത്. ആയുസ് വർധിക്കുന്നതിനനുസരിച്ച് അനുഭവവും വർധിക്കുന്നു.... സത്യസന്ധതയും സ്ഥിരതയും കാണിക്കുകയാണെ

ങ്കിൽ താൽക്കാലിക ആവേശത്തിനും സത്യാന്വേഷണ ത്വരയ്ക്കും ശേഷം വാസ്തവവും യഥാർഥവുമായ അന്വേഷണവും ആഗ്രഹവും ഉടലെടുക്കുകയും അത് നിത്യേന അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. പ്രസ്തുത മാർഗത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടെയും വിപത്തുകളുടെയും പർവതങ്ങളെ പോലും അവർ നിസാരമായി ഗണിച്ചുകൊണ്ട് മുന്നോട്ട് തന്നെ ഗമിക്കുന്നു. അതിനാൽ ആവേശത്തിന്റെയും സഹനത്തിന്റെയും സമയത്ത് സഹനം കൈക്കൊള്ളുകയും അവസാന ആയുസ് വരെ അതിനെ നില നിർത്തുകയും ചെയ്യേണ്ടതാണ് എന്ന് മനസ്സിലാക്കുന്നവൻ വലിയ ഭാഗ്യവാനാകുന്നു....

അന്വേഷകന് എല്ലാ വിദ്വേഷത്തെയും വിശ്വാസത്തെയും ഉപേക്ഷിക്കേണ്ടി വരുന്നതാണ്. തുടർന്ന് സത്യവിശ്വാസത്തിന്റെ അന്വേഷണത്തിൽ വ്യാപൃതനാകുക. അപ്പോഴാണ് ഉത്തമമായത് കരസ്ഥമാകുക. അതിനുവേണ്ടിയുള്ള അടിസ്ഥാന ശില ദൈവമായിരിക്കണം. അപ്പോൾ അവസാന ശിലയും ദൈവമായി ത്തീരുന്നതാണ്. ധൃതി ന ല്ലതല്ല. ഇത് പൊതുവിൽ നിർഭാഗ്യവാന്മാരുടെ പിന്തള്ളപ്പെടലിന് ഹേതുവാകുന്നു...

താങ്കൾ ദൈവാന്വേഷിയാണ്. ആദ്യം വിശ്വാസത്തെ ശരിയാക്കുക എന്നതാണ് താങ്കൾക്കുള്ള ഉത്തമ മാർഗം. തന്മൂലം താങ്കൾ അന്വേഷിക്കുകയും പരതുകയും ചെയ്യുന്ന ദൈവം എന്താണെന്ന് താങ്കൾക്ക് മനസ്സിലാകുന്നതാണ്. അങ്ങനെ താങ്കളുടെ ദൈവജ്ഞാനത്തിൽ വർധനവുണ്ടാകുകയും അതിലുള്ള ആകർഷണ ശക്തി അല്ലാഹുവുമായി ഒരു സ്നേഹം ജനിപ്പിക്കുന്നതിനുള്ള ഹേതുവായി തീരുകയും ചെയ്യുന്നതാണ്.....

**ദൈവപ്രകാശം അനിവാര്യം**

ആകാശത്ത് നിന്ന് ദൈവീക പ്രകാശം ഇറങ്ങാത്തതുവരെ ആരിലും അത് പ്രകാശിക്കുന്നതല്ല എന്നതാണ് നമ്മുടെ മതം. അനുഗ്രഹം ആകാശത്തു നിന്ന് വരുന്നു എന്നതാണ് സത്യം. ദൈവം സ്വയം തന്റെ പ്രകാശം തന്നെ അന്വേഷിക്കുന്നവരിൽ പ്രകടിപ്പിക്കാത്തതുവരെ അതിന്റെ വേഗത ഒരു കീടത്തിന്റേത് പോലെയാകുന്നു. അങ്ങനെയാണാകേണ്ടതും. കാരണം അയാൾ നാനാ തരത്തിലുള്ള അന്ധകാരങ്ങളിലും ഇരുട്ടിലും മാർഗതടസ്സങ്ങളിലും പെട്ടലയുന്നവനാകുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രകാശം അവനിൽ ഇറങ്ങുമ്പോൾ അയാളുടെ ഹൃദയവും ബുദ്ധിയും പ്രകാശിതമാവുകയും അയാൾ പ്രകാശമായിക്കൊണ്ട് മിന്നലിന്റെ വേഗതയിൽ ദൈവത്തിങ്കലേക്ക് കുതിക്കുന്നു...

**എന്താണ് മതം**

ഒരു മനുഷ്യൻ തനിക്ക് വേണ്ടി സ്വീകരിക്കുന്ന മാർഗമാണ് മതം. എല്ലാവർക്കും മതം അനിവാര്യമാകുന്നു. ദൈവത്തിൽ വിശ്വസിക്കാത്ത മതമില്ലാത്ത ഒരുവനും ഒരു മാർഗം സ്വീകരിക്കേണ്ടിവരുന്നതാണ്. അത് തന്നെയാണ് മതം. എന്നാൽ ഏതൊരു മാർഗത്തെയാണോ സ്വീകരിച്ചിരിക്കുന്നത് ആ മാർഗത്തിലൂടെ സഞ്ചരിച്ചുകൊണ്ട് യഥാർഥ സ്ഥൈര്യവും ശാശ്വതമായ സുഖവും സന്തോഷവും അവസാനമില്ലാത്ത സംതൃപ്തിയും ലഭിക്കുന്നുണ്ടോ എന്നതാണ് ചിന്താർഹമായ വസ്തുത.

മതം ഒരു സാധാരണ വാക്കാകുന്നു. സഞ്ചരിക്കാനുള്ള പാത അതായത് മാർഗം എന്നതാണതിന്റെ വിവക്ഷ. ഇത് ദീനിനുവേണ്ടി സവിശേഷമല്ല. എല്ലാ തരത്തലുള്ള ഭൗമീക, സഹജ, വൈദ്യ, ഗോള ശാസ്ത്ര വിജ്ഞാനങ്ങളുടെയും വിദ്യകളുടെയും നിപുണർക്ക് ഒരു മതമുണ്ട്. ഇതിൽ നിന്നാർക്കും മോചനമില്ല. മനുഷ്യർക്ക് അനിവാര്യമായതാണിത്... ചുരുക്കത്തിൽ മനുഷ്യാത്മാവിന് ശരീരം ആവശ്യമാണെന്നത് പോലെ, അർഥത്തിന് വാക്കുകളും രീതികളും ആവശ്യമാണെന്നത് പോലെ മനുഷ്യനും മതം അനിവാര്യമാകുന്നു....

**ഇസ്ലാം പ്രകൃതി മതം**

ഇസ്ലാം എന്താണ്? ഇസ്ലാമിന്റെ പേര് തന്നെ പ്രകൃതം എന്നാണ് അല്ലാഹു വെച്ചിരിക്കുന്നത്. പ്രകൃതി മതം ഇസ്ലാമാകുന്നു. എന്നാൽ മനുഷ്യൻ സഹനത്തോടും സ്ഥൈര്യത്തോടും കൂടി ഏതെങ്കിലും വിശുദ്ധസഹവാസത്തിൽ കഴിയുമ്പോഴാണ് ഇക്കാര്യങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കുക. സ്ഥിരതയിൽ ധാരാളം അനുഗ്രഹങ്ങളുണ്ട്. തേനീച്ചയെ തന്നെ നോക്കുക. സ്ഥിരതയോടും പരിശ്രമത്തോടും കൂടി അവ തങ്ങളുടെ ജോലിയിൽ മുഴുകുമ്പോൾ തേൻ പോലുള്ള അമൂല്യവും ഗുണപ്രദവുമായ വസ്തു തയ്യാറാകുന്നു. അതേ പോലെ അല്ലാഹുവിന്റെ അന്വേഷണത്തിൽ സ്ഥിരതയോടു കൂടി നില കൊള്ളുന്നവർ അവനെ പ്രാപിക്കുന്നു. പ്രാപിക്കുക മാത്രമല്ല മറിച്ച്, അവർ അവനെ ദർശിക്കുകയും ചെയ്യുന്നു എന്നതാണ് എന്റെ വിശ്വാസം....

ദൃഢജ്ഞാനത്തിന്റെ നിലവാരം വരെ എത്തുന്ന വിശ്വാസം അല്ലാഹുവിന്റെ അസ്തിത്വത്തിൽ സംജാതമായിത്തീരുമ്പോൾ, താൻ ദൈവത്തെ ദർശിച്ചു എന്ന് മനുഷ്യന് അനുഭവപ്പെടുമ്പോൾ, അവന്റെ സവിശേഷ ഗുണങ്ങളുടെ അറിവ് കരസ്ഥമാകുമ്പോൾ പാപങ്ങളോട് വെറുപ്പ് ഉടലെടുക്കുന്നു. മുമ്പ് പാപങ്ങളിലേക്ക് ചാഞ്ഞിരുന്ന പ്രകൃതം അവിടെ നിന്ന് പിന്മാറുകയും അതിനെ വെറുക്കുകയും ചെയ്യുന്നു. ഇതാണ് തൗബ, അഥവാ പശ്ചാത്താപം.....

**യഥാർഥ ദൈവീകജ്ഞാനത്തിന്റെ തായ്‌വേര്**

ദൈവമാർഗത്തിൽ വീണ്ടും വീണ്ടും പരീക്ഷിക്കപ്പെടുകയും വിപത്തുകളുടെയും പ്രയാസങ്ങളുടെയും കയത്തിൽ അകപ്പെടുകയും ചെയ്യുമ്പോൾ ഒരിക്കലും പരിഭ്രമിക്കാതെ മുന്നോട്ട് തന്നെ ഗമിക്കുക എന്നതാണ് യഥാർഥ ദൈവീക ജ്ഞാനത്തിന്റെ അടിത്തറ. അതിന് ശേഷം ദൈവീകജ്ഞാനത്തിന്റെ തിരിച്ചറിവ് അവന് ലഭ്യമാകുന്നു. ഇത് തന്നെയാണ് യഥാർഥ അനുഗ്രഹവും ആശ്വാസവും. അന്നേരം ഹൃദയത്തിൽ ആർദ്രത ഉടലെടുക്കു

ന്നു. അത് ക്ഷണികമായിരിക്കില്ല പ്രത്യുത, സന്തോഷത്താലും ആനന്ദത്താലും ഭരിതമായിരിക്കും. ആത്മാവ് ഒരു ശുദ്ധജല അരുവിയെ പോലെ അല്ലാഹുവിലേക്ക് ഒഴുകുന്നു. അതായത് സമുദ്രത്തിന് മുമ്പേ ഒരു മരുപ്പച്ച ഉണ്ടാകുന്നു. അതും സമുദ്രമായി കാണപ്പെടുന്നു. മരുപ്പച്ചയെ ഒരു ചതിയായി ധരിച്ച് മുന്നോട്ട് ഗമിക്കാതിരിക്കുന്നവർ പരാജിതനും നിഷ്ഫലനുമായി തീരുന്നു. എന്നാൽ ധൈര്യം കൈവിടാതെ മുന്നോട്ട് ഗമിക്കുന്നയാൾ ഉദ്ദിഷ്ടലക്ഷ്യത്തിലെത്തുന്നു. മനുഷ്യാത്മാവിൽ അല്ലാഹു വിവിധ അവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആർദ്രത എന്നത് അതിൽ ഒരവസ്ഥയാകുന്നു. ചിലർ വെറും കവിതാലാപനത്തിലോ അല്ലെങ്കിൽ സ്വരമാധുരിമയിലോ തന്നെ പ്രഭാവിതരാകുന്നു. ചിലർ അതിൽ തൃപ്തിപ്പെടാതെ മുന്നോട്ട് ഗമിച്ച് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നു. സത്യം ലഭിക്കുന്നിടത്ത് നിന്ന് അതിനെ കരസ്ഥമാക്കുക എന്നതാണ് സത്യാന്വേഷിക്കുള്ള നിബന്ധന എന്നത് ഓർത്തുകൊള്ളുക. അവനെ നയിക്കുന്ന ഒരു പ്രകാശമാണിത്....

**നമ്മുടെ ക്ഷണം ദൈവാന്വേഷണത്തിലേക്ക്**

നാം ക്ഷണിക്കുന്നത് അല്ലെങ്കിൽ സത്യാന്വേഷിയോട് നമുക്ക് പറയാൻ കഴിയുന്നത് ദൈവത്തെ അന്വേഷിക്കുക എന്നതാണ്.... സത്യാന്വേഷണത്തിലേക്ക് പദമൂന്നുന്നവരുടെ ഉദ്ദേശ്യലക്ഷ്യം ദൈവാന്വേഷണം ആയിരിക്കണം എന്നതാണ് നമ്മുടെ ഉപദേശം. പിന്നീട് ദൈവീകജ്ഞാനത്തിന്റെയും യാഥാർഥ്യത്തിന്റെയും അരുവി പൊട്ടിപ്പുറപ്പെടുന്നു. അപ്പോൾ ഏകനായ സത്യദൈവത്തിൽ യഥാർഥ വിശ്വാസം ജനിക്കുന്നു.

**ഹൃദയത്തെ പരിശുദ്ധവും അന്യൂനവുമാക്കുക**

യാഥാർഥ്യത്തിന്റെയും ദൈവീകജ്ഞാനത്തിന്റെയും ബന്ധം അറിവുമായിട്ടാകുന്നു എന്നത് ഓർത്തുകൊള്ളുക. ദൈവീകജ്ഞാനം വിശാലമാകുന്നതിനനുസരിച്ച് യാഥാർഥ്യവും വെളിപ്പെടുന്നതാണ്. അതിനാൽ അന്വേഷണ സമയത്ത് ഹൃദയത്തെ തികച്ചും പരിശുദ്ധവും അന്യൂനവുമാക്കേണ്ടതാണ്. ഹൃദയം എത്രത്തോളം വിദ്വേഷത്തിൽ നിന്നും സ്വാർഥതയിൽ നിന്നും പരിശുദ്ധമാകുന്നുവോ അത്രത്തോളം വേഗത്തിൽ യഥാർഥ ഉദ്ദേശ്യം മനസ്സിലാകുന്നു. പ്രകാശത്തിലും അന്ധകാരത്തിലുമുള്ള വ്യതിരിക്തത അക്ഷരജ്ഞാനമില്ലാത്തവനു പോലും അറിവുള്ളതാണ്. സത്യവും യഥാർഥവുമായ വസ്തുത ഒന്നായിരിക്കും.

**സംക്ഷിപ്തം**

ചുരുക്കത്തിൽ എന്റെ മുഴുവൻ ഭാഷണത്തിന്റെയും സംക്ഷിപ്തം രണ്ട് വാക്കുകളിൽ ഇപ്രകാരമാകുന്നു, രണ്ട് ബിന്ദുവിലേക്കുള്ള നേർവര ഒന്നാകുന്നു. ഇതാണ് ചിന്താർഹമായ വസ്തുത.

(മൽഫൂസാത്ത് വാള്യം 1, പേജ് 457-469)

(സമ്പാ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം)


## ഉടൻ പുറത്തിറങ്ങുന്നു

# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

ഗ്രന്ഥ കർത്താ **ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

**(ഖലീഫത്തുൽ മസീഹ് നാലാമൻ)**

വിവ: എ. എം മുഹമ്മദ് സലീം

**പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

**യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.**

**മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!**

# ഏകദൈവവിശ്വാസം എല്ലാ മതങ്ങളുടെയും അടിത്തറ

ഏ.ക്യു. മഹ്ദി

ആർഷഭാരതം. ഋഷിമാരുടെയും അവതാരപുരുഷന്മാരുടെയും നാടാണിത്. വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ ഭാഗങ്ങളിൽ അവതരിപ്പിക്കപ്പെട്ട ഈ ആത്മീയപുരുഷന്മാർ ഏകദൈവത്വത്തെ പ്രഘോഷിക്കയും ധർമസംരക്ഷണത്തിനായി അക്ഷീണം യത്നിക്കുകയും ചെയ്തുപോന്നു. അങ്ങനെ വിഭിന്ന സംസ്കാര പാരമ്പര്യങ്ങൾ പുലർത്തിവന്ന സമൂഹങ്ങളാണ് ഭൂമിയിൽ പിൽക്കാലത്ത് വിവിധ സമുദായങ്ങളായി പരിണമിച്ചത്.

ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ തുടങ്ങിയവർ ഭാരതത്തിൽ ജന്മമെടുത്ത പ്രവാചകന്മാർ ആയിരുന്നു. എന്നാൽ, വർത്തമാന കാലത്ത്, ഇന്നത്തെ മുസ്ലിം സമൂഹത്തിലെ നല്ലൊരു ഭാഗവും, ക്രിസ്തു മതവിശ്വാസികളൊന്നാകെയും മേൽസൂചിപ്പിച്ച മഹാത്മാക്കളെ പ്രവാചകന്മാരായി അംഗീകരിക്കുന്നില്ല എന്ന അതീവ ഖേദകരമായ ഒരവസ്ഥ നിലവിലുണ്ട്.

മുസ്ലിം സമൂഹത്താൽ തെറ്റിദ്ധരിക്കപ്പെടുന്ന ഈ അവസ്ഥയ്ക്കെതിരേ ഈ വിഷയത്തിലുള്ള യഥാർഥ ഇസ്ലാംമത വിശ്വാസമെന്തെന്നതിനെപ്പറ്റി നമുക്കൽപ്പം ചിന്തിക്കാം.

ഇസ്ലാം മതവിശ്വാസികളുടെ വേദഗ്രന്ഥമായ പരിശുദ്ധ ഖുർആൻ കഴിഞ്ഞാൽ ലോകമുസ്ലിം ജനത അംഗീകരിക്കുന്ന ഒന്നാണ് 'ഹദീസ്' അഥവാ നബിവചനങ്ങൾ. പ്രവാചകന്റെ കാലത്തുതന്നെ മുഹമ്മദ്നബി (സ) യുടെ വചനങ്ങൾ ഹദീസിന്റെ രൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിരുന്നു. ആ നബിവചനങ്ങളിലൊന്നിൽ ഇന്ത്യയിൽ 'കാഹിന' (കണ്ണൻ) എന്നു പേരുള്ള ഒരു പ്രവാചകൻ അവതരിച്ചിരുന്നു എന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. 'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുല്ലൗനി ഇസ്മുഹൂ കാഹിന' എന്നതാണ് അറബിഭാഷയിലെ ആ നബിവചനം. 'ഇന്ത്യയിൽ കാർവർണത്തോടുകൂടിയ ഒരു പ്രവാചകനുണ്ടായിരുന്നു എന്നാണതിന്റെ വാക്യാർഥ്യം. ശ്രീകൃഷ്ണൻ ഇന്ത്യയിൽ അവതരിച്ച ഒരു പ്രവാചകനാണെന്ന കാര്യത്തിൽ മുഹമ്മദ് നബി(സ) യുടെ ആധികാരികമായ സാക്ഷീകരണം കൂടി ലഭിച്ചതോടെ, മുസ്ലിം ലോകത്ത് ഇത് തർക്കാതീതമായ ഒരു വിഷയമായിത്തീരേണ്ടതാണ്. നിർഭാഗ്യവശാൽ പൊതുവെ ഇന്നത്തെ മുസ്ലിം ഭൂരിപക്ഷവും വിശ്വസിക്കുന്നത് ശ്രീകൃഷ്ണൻ ഒരു പ്രവാചകനേ ആയിരുന്നില്ല എന്നാണ്. ശ്രീരാമനെപറ്റിയും തത്തുല്യമായ വിശ്വാസം തന്നെയാണ് അവർ പുലർത്തുന്നത്. കൃഷ്ണൻ എന്ന പേരിൽതന്നെ കാർവർണം അടങ്ങിയിരിക്കുന്നതിനാൽ, മുഹമ്മദ്നബി(സ) യുടെ വചനങ്ങളിലും വർണനകളിലുംകൂടി സംശയാതീതമായി ശ്രീകൃഷ്ണന്റെ പ്രവാചകത്വം തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അദ്ദേഹം ഒരു പ്രവാചകനേ ആയിരുന്നില്ല എന്ന വിശ്വാസമാണ് ഭൂരിപക്ഷം മുസ്ലിം ജനതയ്ക്കും ഇന്നു നിലവിലുള്ളത്.

ഹിന്ദുമതമെന്നത് പല വിശ്വാസങ്ങളുടെയും വ്യത്യസ്ത സമ്പ്രദായങ്ങളുടെയും ഒരു സംക്ഷിപ്തരൂപമാണ്; അതായത് അത് ഒരു അതിപുരാതന സംസ്കാരം. പരമ്പരാഗത ദൈവികമതങ്ങളിൽ ഉൽഘോഷിക്കപ്പെട്ടതുപോലെ വെളിപാടുകളെക്കുറിച്ച് ഹിന്ദുമതത്തിൽ നിന്ന് തെളിവുകൾ ലഭിക്കുക സാധ്യമല്ല. ഇതിനു മുഖ്യകാരണം, വെളിപാട് സങ്കൽപ്പങ്ങൾ മുഴുവൻ വേദാദ്ധ്യാപനങ്ങളിൽ മാത്രം പരിമിതമാണെന്ന ഹൈന്ദവ വിശ്വാസമാണ്. മനുഷ്യന് അദ്ധ്യാപനങ്ങൾ നൽകാനായി ദൈവം തന്നെ മനുഷ്യരൂപത്തിൽ അവതരിക്കുമെന്നാണ് ഹിന്ദുമതവിശ്വാസം. ദൈവം തന്റെ സന്ദേശം പ്രേഷണം ചെയ്യാൻ ഒരു ദൂതനെ അയക്കുന്നില്ല എന്ന പ്രബലവിശ്വാസത്തിൽ ഹൈന്ദവജനത ഉറച്ചു നിൽക്കുമ്പോൾ, അങ്ങനെയുള്ള ഒരു ദൈവരൂപമാണ് ശ്രീകൃഷ്ണൻ എന്ന് അവർ കരുതുകയും ചെയ്യുന്നു.

നിലവിലുള്ള എല്ലാ മതവിശ്വാസങ്ങളിലെയും ഈശ്വരനെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾക്ക് ഇന്ന് വ്യത്യസ്തമായ വിഭിന്നതകൾ നിലനിൽക്കുന്നുണ്ട്. ഏകദൈവ വിശ്വാസമാണ് ഏതു മതത്തിന്റെയും അടിത്തറ എന്നു കരുതാൻ ശ്രമിച്ചാൽപോലും, എല്ലാ മതസ്ഥരാലും അംഗീകരിക്കപ്പെടാവുന്ന ഒരു പൊതുതത്ത്വമായി ഇന്ന് ഇതിനെ കാണാനാവില്ല. കാരണം, ഇസ്ലാം മത വിശ്വാസത്തിലൊ

ഴികെ മറ്റ് മതവിഭാഗങ്ങളിൽ ഭൂരിപക്ഷത്തിനും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏകദൈവ വിശ്വാസത്തിനതീതമായ ചില മൗലിക ധാരണകളും സങ്കൽപ്പങ്ങളുമാണ് നിലവിലുള്ളത്. അവയാകട്ടെ ബഹുദൈവാരാധനയ്ക്ക് തത്തുല്യമായ ചിന്താധാരയ്ക്ക് സമാനത നൽകുന്നവയുമാണ്.

ഏകദൈവ വിശ്വാസം എന്നതിന് വ്യാപകമായ ഒരു അർഥവ്യാപ്തി നൽകിയാൽ, ഈശ്വരൻ ഒന്നേയുള്ളൂ എന്ന മൗലിക സത്യത്തിലേയ്ക്ക് നാം എത്തിച്ചേരേണ്ടി വരുന്നു. അരൂപിയും, പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുകയും ചെയ്യുന്ന സർവലോകപരിപാലകനായ പരമേശ്വരന് (ദൈവം, അല്ലാഹു, യഹോവ) പങ്കുകാരനോ പകരക്കാരനോ ഇല്ല എന്നു സാരം. മഹത്തായ ഈ ദൈവസങ്കൽപ്പം അല്പംകൂടി വിശദീകരിച്ചാൽ, ഈശ്വരനു രൂപകൽപ്പന നൽകാനാവില്ല എന്ന യാഥാർഥ്യത്തിൽ നാമെത്തിച്ചേരും.

ഇന്ത്യയിൽ ഇപ്പോഴുള്ള മൂന്നു പ്രബലവിശ്വാസങ്ങളാണ് ഹിന്ദു, ഇസ്‌ലാം, ക്രൈസ്തവ മതങ്ങൾ. ഇവയിൽ ഹൈന്ദവ സംസ്കാരമാണ് ഏറെ പൗരാണികം. സഹസ്രാബ്ദങ്ങളുടെ പഴക്കവും പാരമ്പര്യവും ഹിന്ദുമതത്തിനുണ്ട്. അതിനു ശേഷമാണ് ക്രിസ്തുമതത്തിന്റെ ഉദ്ഭവം. ക്രിസ്തുമതത്തിന് 600 വർഷങ്ങൾ കഴിഞ്ഞാണ് ഇസ്‌ലാം മതത്തിന്റെ ആരംഭഘട്ടം.

ഈ ഓരോ മതസിദ്ധാന്തവും ഏകദൈവവിശ്വാസത്തെയാണ് ഘോഷിക്കുന്നത്. അതെങ്ങനെയെന്ന് നമുക്കല്പം ശ്രദ്ധിക്കാം.

ഹൈന്ദവ വേദഗ്രന്ഥങ്ങൾ പറയുന്നതെന്താണ്? ഭഗവാൻ ശ്രീകൃഷ്ണൻ ('ഭഗവാൻ' എന്നിവിടെ സൂചിപ്പിച്ചത്, ദൈവം എന്ന അർഥത്തിലല്ല, ശ്രീകൃഷ്ണൻ ദൈവമല്ല, ദൈവത്തിന്റെ ഒരു വിശിഷ്ട അവതാര പുരുഷൻ അഥവാ *PROPHET* ആയിരുന്നു.) ഭഗവത് ഗീതയിൽ അർജുനനോട് ഉപദേശിക്കുകകയാണ്,

ഈശ്വര : സർവഭൂതാനാം
ഹൃർദ്ദേശേർജുന തിഷ്ഠതി
ഭ്രാമയൻ സർവഭൂതാനി
യന്ത്രാരുഡാനി മായയാ
തമേവ ശരണം ഗച്ഛ
സർവഭാവേന ഭാരത
തത്പ്രസാദാൽപരാം ശാന്തിം
പ്രാപ്സ്യസി ശാശ്വതം.

ഹേ അർജുന! യന്ത്രപ്പാവകളെപ്പോലെ സകല സൃഷ്ടിവർഗങ്ങളെയും മായ കൊണ്ടു ഭ്രമിപ്പിക്കുന്നവനായ (കർമങ്ങൾ ചെയ്യിക്കുന്നവനായ) ഈശ്വരൻ എല്ലാ സൃഷ്ടികളുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. ഹേ ഭരത! എല്ലാ ഭാവം കൊണ്ടും അവനെ നീ ശരണം പ്രാപിച്ചാലും. അവന്റെ പ്രസാദം കൊണ്ട് ഉൽകൃഷ്ടമായ ശാന്തിയേയും നിത്യമായ പരമപദത്തെയും നീ പ്രാപിക്കും.

(ഭഗവത്ഗീത 18 : 61, 62)

അതെ, ഏകദൈവമായ സർവേശ്വരന്റെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കുന്നവന് നിത്യശാന്തിയും മോക്ഷവും ലഭ്യമാകും എന്ന് ശ്രീകൃഷ്ണഭഗവാൻ ഗീതയിൽ അരുൾ ചെയ്യുന്നു. ദൈവത്തിന്റെ ഒരു ഇഷ്ടദാസനേ തീർച്ചയായും ഇങ്ങനെ പറയാനാവൂ.

പ്രപഞ്ചനാഥനായ സർവേശ്വരനെപ്പറ്റി ഗോകുലകൃഷ്ണൻ ഇപ്രകാരംകൂടി പറഞ്ഞിട്ടുണ്ട്.

ഗതിഭർത്താപ്രഭു സാക്ഷി
നിവാസ : ശരണം സുഹൃദ്
പ്രഭവ പ്രളയസ്ഥാനം
നിധാനം ബീജ മവ്യയം

അവൻ പ്രാപ്യസ്ഥാനിയും ഭരിക്കുന്നവനും എല്ലാം നടത്തുന്നവനും എല്ലാം അറിയുന്നവനും സകലത്തിന്റെയും ഇരിപ്പിടവും പരമമായ ആശ്രയവും ഹിതകാരിയും സൃഷ്ടികർത്താവും സംഹാരകനും നാശമില്ലാത്ത ബീജവുമത്രെ.

(ഭഗവത്ഗീത 9:18)

ക്ഷേത്രങ്ങളിൽ നിന്ന് നാം സാധാരണ കേൾക്കാറുള്ള ഒരു മന്ത്രോച്ചാരണമുണ്ട്,

'ഓം ഗുരുർബ്രഹ്മാ ഗുരുർ വിഷ്ണു:
ഗുരുർ ദേവോ മഹേശ്വര:
ഗുരുഃ സാക്ഷാത് പരംബ്രഹ്മ
തസ്മൈ ശ്രീ ഗുരവേ നമഃ'

ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ആത്മീയഗുരുക്കളാണ്. എന്നാൽ, യഥാർഥത്തിലുള്ള നമ്മുടെ സാക്ഷാൽ യജമാനനും ഗുരുവും പരബ്രഹ്മമായ പരമേശ്വരനാണ്. ആ ഏകദൈവത്തിന്റെ തിരുസവിധത്തിൽ ഞാനിതാ നമ്രശിരസ്കനായി പ്രണമിക്കുന്നു.

'ഏകം സദ് വിപ്രാ ബഹുധാ വദന്തി'

ആ ഏകദൈവത്തിന്റെ നാമങ്ങൾ അസംഖ്യമാണെങ്കിലും അവൻ ഏകനാണ്, ഒരേ സത്തയുടെ ഉടയവനാണ്.

ശ്രീ ശങ്കരാചാര്യ സ്വാമികൾ, താൻ ചെയ്തുപോയ മൂന്ന് അപരാധങ്ങളെ (തൃദോഷങ്ങളെ)പ്പറ്റി ദൈവസന്നിധിയിൽ വിലപിക്കുന്നതു നോക്കുക.

'രൂപം രൂപ വിവർജിതസ്വഭവതോ
ധ്യാനേനയത് കൽപ്പിതം'

ഹേ ഭഗവാൻ! രൂപമില്ലാത്ത അങ്ങയ്ക്ക് രൂപം കൽപ്പിച്ചുകൊണ്ട് ഞാൻ ധ്യാനിച്ചു.

'സ്തുത്യാ നിർവചനീയതാഖില ഗുരോർ
ദുരീകൃതായന്മയാ'

ഹേ ലോകഗുരോ! അനിർവചനീയനായ അങ്ങയെ ഞാൻ കേവലം വാക്കുകൾകൊണ്ടു സ്തുതിച്ചു.

'വ്യാപ്തിത്വം ച നിരാകൃതം ഭഗവതോ
യത് തീർഥയാത്രാദിന'

തീർഥയാത്രകളും മറ്റും ചെയ്തുകൊണ്ട് അങ്ങയുടെ സർവ്യാപിത്വത്തെ നിരാകരിക്കുകയും ചെയ്തു.

'യക്ഷന്തവ്യം ജഗദീശ തദ്വികലതാം
ദോഷത്രയം മത്കൃതം.'

ഞാൻ ചെയ്തുപോയ ഈ മൂന്ന് അപരാധങ്ങളും ഹേ ജഗദീശ്വര! അങ്ങ് സദയം ക്ഷമിക്കണേ.

അദ്വൈതസിദ്ധാന്തത്തിന്റെ ആചാര്യനായ ആദിശങ്കരനും അവസാനമായി ഏകനായ, സർവവ്യാപിയായ, അരൂപനായ ദൈവത്തിലാണ്

ശരണം പ്രാപിച്ചത്.

ശ്രീകൃഷ്ണനും ശ്രീരാമനും ദൈവത്തിന്റെ ഇഷ്ടദാസന്മാരും ആർഷഭാരതത്തെ ധാർമികാപചയ ത്തിൽ നിന്ന് മോചിപ്പിക്കാൻ പരമേ ശ്വരനാൽ നിയുക്തരായ സത്യപ്രവാ ചകന്മാരും ആയിരുന്നു. പിൽക്കാ ലത്ത് അനുയായികൾ അവരെ ദൈവമായി പൂജിക്കാൻ തുടങ്ങുക യാണുണ്ടായത്. ഈ രണ്ടു മഹാത്മാ ക്കളും തങ്ങൾ ദൈവമാണെന്നോ, തങ്ങളുടെ പ്രതിഷ്ഠകൾ സ്ഥാപിക്ക ണമെന്നോ പഠിപ്പിക്കുകയുണ്ടായില്ല. മറിച്ച്, തങ്ങൾ കേവലം മനുഷ്യർ മാത്രമാണ് എന്നാണ് അവർ വാദി ച്ചത്.

ശ്രീരാമൻ യുദ്ധകാണ്ഡത്തിൽ ഇപ്രകാരം പറയുന്നുണ്ട്.

'ആത്മാനം മാനുഷം മന്യേരാമം ദശരഥാത്മജം' ദശരഥപുത്രനായ ഒരു മനുഷ്യനാണെന്നല്ലാതെ ഞാനെന്നെ കരുതുന്നില്ല. (യുദ്ധ കാണ്ഡം (117:11)

ചുരുക്കിപ്പറഞ്ഞാൽ, വിവിധ മതാചാര്യന്മാരും ആത്മീയോദ്ധാര കരും ബഹുദൈവാരാധകരോ ബിംബങ്ങളെ വണങ്ങുന്നവരോ ആയിരുന്നില്ല. അവർ സ്വയം ഏക ദൈവസവിധത്തിൽ സർവവും സമർപ്പിച്ച സന്മാർഗികളായ സത്യ പ്രവാചകന്മാരായിരുന്നു.

ക്രിസ്തീയവിശ്വാസം നോക്കാം. ക്രൈസ്തവ വേദഗ്രന്ഥമായ ബൈബിളിന്റെ പഴയ നിയമത്തിലും പുതിയ നിയമത്തിലും ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറതന്നെ അചഞ്ചലമായ ഏകദൈവത്തിൽ അധിഷ്ഠിതമാണ് എന്നു മനസ്സിലാ ക്കിത്തരുന്നു.

പഴയ നിയമത്തിൽ ഇങ്ങനെ പറ യുന്നു.

''യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻതന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ ഹൃദയത്തോടും പൂർണമനസ്സോടും, പൂർണശക്തിയോടും സ്നേഹിക്ക ണം.'' (ആവർത്തനപുസ്തകം 6:4,5)

മറ്റൊരു പരാമർശനം ഇതാ.

''യിസ്രായേലിന്റെ ദൈവമായ യഹോവേ........നിന്നെപ്പോലെ മീതെ സ്വർഗത്തിലും താഴെ ഭൂമിയിലും യാതൊരു ദൈവവുമില്ല.''

(രാജാക്കന്മാർ 8:23)

ഇനി ബൈബിൾ പുതിയ നിയമ ത്തിലെ ഒരദ്ധ്യാപനം ശ്രദ്ധിക്കാം.

"ഏക സത്യദൈവമായ നിന്നെ യും നീ അയച്ചിരിക്കുന്ന യേശുക്രി സ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു.'' (യോഹ ന്നാൻ 17:3)

''ലോകത്തിൽ വിഗ്രഹം ഏതു മില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്ക ന്മാരും ഉണ്ട് എന്നു പറയുന്നുവ ല്ലൊ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരു ള്ളവർ ഉണ്ടെന്നുവരികിലും പിതാ വായ ഏകദൈവമേ നമുക്കുള്ളൂ. അവൻ സകലത്തിനും കാരണഭൂ തനും നാം അവനായി ജീവിക്കേ ണ്ടതും ആകുന്നു.'' (കൊരിന്ത്യർ 8:4-6).

ഇനി ഇസ്‌ലാം മതം എന്തു പറ യുന്നുവെന്നു നോക്കാം. ദൈവ കൽപ്പനയനുസരിച്ച് മുഹമ്മദുന ബി(സ) യും താൻ ഒരു മനുഷ്യൻ മാത്രമാണെന്നു ഉറപ്പിച്ചു പറയുക യുണ്ടായി.

ഇസ്ലാമികാദ്ധ്യാപനങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധവും പരി പൂർണവുമായ മഹത്വത്തെക്കുറിച്ച് വിശദമായും വ്യക്തമായും പ്രതിപാ ദിച്ചിട്ടുണ്ട്. ഒരു ഇസ്‌ലാംമത വിശ്വാ സിയുടെ ദൈവവുമായുള്ള ബന്ധ ത്തിന്റെ അന്തസത്ത, അടിപതറാത്ത ഏകദൈവ വിശ്വാസമാണ്. അല്ലാ ഹുവിന്റെ ഏകത്വത്തെ പ്രകീർത്തി ച്ചുകൊണ്ട് ഖുർആൻ ഇപ്രകാരം പറ യുന്നു.

"നീ മുഴുലോകത്തും പ്രഖ്യാപി ക്കുക, ദൈവത്തിന്റെ മഹത്വപൂർണ മായ സത്ത ഏകമാണ്. (അവൻ ആദിയും അന്തവും ഇല്ലാത്തവ നാണ്). അവൻ ആരുടെയും ആശ്രി തനല്ല. എന്നാൽ, സകലലോകവും അവന്റെ ആശ്രയത്വത്തിലാണ്. അവൻ ജന്യനല്ല, അവനാരെയും ജനിപ്പിച്ചിട്ടുമില്ല. അതുല്യനത്രേ അവൻ.''

മറ്റൊരിടത്തു ഖുർആൻ പറയു ന്നു.

"അല്ലാഹുവിനെ മാത്രം ആരാധി ക്കുകയും ദൈവത്തിനു പങ്കാളി കളെ സൃഷ്ടിക്കുന്ന പ്രവർത്തിക ളിൽനിന്നും അകന്നു നിൽക്കു കയും ചെയ്യുവിൻ എന്ന് ഉപദേശി ക്കുവാനായി നാം ഓരോ സമുദായ ത്തിലും പ്രവാചകന്മാരെ നിയോഗി ച്ചിരുന്നു.''

ഖുർആൻ പറയുന്ന ഇതുകൂടി കേൾക്കുക.

"അല്ലയോ ജനങ്ങളേ! നിങ്ങളെ നാം ആൺപെൺ വ്യത്യാസത്തിൽ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. അന്യോന്യം തിരിച്ചറിയുന്നതിനു വേണ്ടിമാത്രമാണ്, നിങ്ങളെ വിവിധ ഗോത്രങ്ങളും വംശങ്ങളുമാക്കിയിരി ക്കുന്നത്. തീർച്ചയായും ദൈവദൃ ഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ആദ രണീയൻ ഏറ്റവും ദൈവഭക്തിയു ള്ളവനാണ്. തീർച്ചയായും അല്ലാഹു വളരെയധികം അറിവുള്ളവനും ബോധവാനുമത്രെ.'' (49:14)

ഇനിയെങ്കിലും നമുക്ക് മനസ്സു തുറന്ന ഒരു പുനർചിന്തനത്തിനൊ രുങ്ങാം. ഈശ്വരൻ സർവവ്യാ പിയും അരൂപിയുമാണെങ്കിൽ ആ മഹത്ശക്തിക്ക് രൂപസങ്കൽപ്പം എങ്ങനെ സാധ്യമാകും. ഏകനാ ണെങ്കിൽ എങ്ങനെ സദൃശ്യരായ മറ്റു ദൈവങ്ങൾ ഉണ്ടാകും.......?

# മഹർ: ഇസ്‌ലാമിക വിവാഹത്തിന്റെ അന്യാദൃശമായ പ്രത്യേകത

വൈവാഹിക സമ്പ്രദായത്തിൽ മറ്റെങ്ങും കാണാത്ത ഒന്നാണ് ഇസ്‌ലാമിക വിവാഹത്തിലെ മഹർ വ്യവസ്ഥ. മഹർ മുസ്‌ലിം സ്ത്രീക്ക് സുരക്ഷയും സ്വാശ്രയ ബോധവും നൽകുന്നു.

കൗസർ എടപ്പകത്ത്

മുസ്‌ലിം വിവാഹത്തിൽ ഒഴിച്ചു കൂടാനാകാത്ത ഒരു ഘടകമാണ് മഹ്ർ. ഇസ്‌ലാമിക നിയമത്തിലെ സ്ത്രീശാക്തീകരണവുമായി നേരിട്ട് ബന്ധപ്പെട്ട ഏറ്റവും അവശ്യമായ ഉപാധിയാണ് മഹർ. അടിസ്ഥാന പരമായി മഹർ ഒരു വിവാഹ സമ്മാനമാണ്. നിതാന്ത സ്നേഹത്തിന്റെ പ്രതീകമായി വിവാഹാവസരത്തിൽ മുസ്‌ലിം വരനിൽ നിന്നും വധുവിന് ആദര പൂർവം ലഭിക്കുന്ന സമ്മാനമാണത്.[82]

മഹറിനെ സംബന്ധിച്ച് ഇസ്‌ലാമിക വിവാഹ സങ്കൽപ്പം വ്യാപകമായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിം വിവാഹത്തിലെ ഉടമ്പടി രൂപം ഒരു മനോഗ്രസ്തിപോലെ ബാധിച്ചവരാണ് ഇപ്രകാരം തെറ്റിദ്ധരിച്ചിരിക്കുന്നത്. സർവപരിചിതമായ സ്ത്രീധനമായി മഹറിനെ പലരും തെറ്റിദ്ധരിച്ചിരിക്കയാണ്. വാസ്തവമെന്തന്നാൽ മഹർ എന്നത് കേവലം പാരിതോഷികമോ സ്ത്രീധനമോ അല്ല. മഹറിന് അതിന്റേതായ അതുല്യസ്ഥാനമുണ്ട്[83]. മഹർ വിവാഹ സമയത്ത് മുഴുവനുമായോ അല്ലെങ്കിൽ മുഴുവൻ പിന്നീട് നൽകുന്നതോ, ഭാഗികമായി വിവാഹാവസരത്തിലും ബാക്കി പിന്നീടോ നൽകാവുന്നതാണ്. മഹർ വധുവിന്റെ ആവശ്യ മനുസരിച്ച് വിവാഹ സമയത്ത് തന്നെ മുഴുവൻ സംഖ്യയോ ഭാഗികമായോ നൽകാം. മുഴുവൻ മാറ്റി വെച്ചതോ ബാക്കി ഭാഗം മാറ്റി ച്ചതോ ആയ മഹർ വിവാഹ ബന്ധം വേർപ്പെടുത്തുന്ന സമയത്തോ ഭർത്താവ് മരണപ്പെട്ടാലോ കൊടുത്ത് തീർക്കാവുന്നതാണ്. മഹർ എന്നത് കൊടുത്ത് തീർക്കേണ്ട ഒരു സംഖ്യയെ സൂചിപ്പിക്കുന്ന സാങ്കേതിക പദമാണ്. ഖുർആൻ ഈ പദം ഉപയോഗിച്ചിട്ടില്ല. പകരം 'നിഹ്‌ല:' എന്നപദമാണ് ഉപയോഗിച്ചത്. ഇത് അർഥമാക്കുന്നത്, ഈ വിവാഹ മൂല്യം മറ്റെന്തിനെങ്കിലും പകരമായുള്ളതല്ല എന്നും മറിച്ച് അത് ഭാര്യക്ക് ഭർത്താവ് നൽകുന്ന പ്രത്യേക സമ്മാനമാണ് എന്നുമാണ്. അത് ഒന്നിനും പകരം നൽകുന്ന പ്രതിഫലമല്ല.[84] അത് നൽകൽ നിർബന്ധമാണ്. മഹർ നൽകുന്നത് സംബന്ധിച്ച് ഉദാഹരിക്കാൻ തേനിനെയാണ് വിശുദ്ധ ഖുർആൻ ഉപമിച്ചിരിക്കുന്നത്. അതായത് തേനീച്ച തേൻ പ്രദാനം ചെയ്യുന്നത് യാതൊരു പ്രതിഫലവും കാംക്ഷിച്ചു കൊണ്ടല്ല.[85]

മഹറിന്റെ സങ്കൽപ്പം ഇസ്‌ലാമിന് മുമ്പ് അറേബ്യയിൽ അവ്യക്തമായ രീതിയിൽ നിലനിന്നിരുന്നു. പ്രവാചകൻ അറേബ്യയിൽ നിലനി ന്നിരുന്ന വധൂധനം(*Bride price*) വിവാഹിതയാവുന്ന സ്ത്രീക്ക് ഭാവിയിൽ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന മഹർ ആയി രൂപാന്തരപ്പെടുത്തുകയായിരുന്നു. ഇവിടെ മഹർ വിവാഹിതയായ സ്ത്രീക്ക് പരിരക്ഷ നൽകുന്ന ഒന്നായി തീരുന്നു. ഇസ്‌ലാമിക ശരീഅത്തിൽ മഹർ നൽകിയിട്ടില്ലെങ്കിൽ ഭർത്താവിന്റെ മരണത്തിന് ശേഷം പോലും ഭാര്യക്ക് അതിന്മേൽ അവകാശവാദം ഉന്നയിക്കാവുന്നതാണ്. നിക്കാഹ് ഉടമ്പടിയിൽ വലിയ സംഖ്യ നിബന്ധനയാക്കി വെക്കുന്നത് ഏകപക്ഷീയമായ വിവാഹ മോചനത്തെ തടയുന്നതിന് വേണ്ടിയാണ്. ഇന്ത്യയിലെ മറ്റേതൊരു വൈവാഹിക നിയമ വ്യവസ്ഥയിലും ഇത്തരമൊരു സങ്കൽപ്പം നിർദേശിക്കപ്പെട്ടിട്ടില്ല. ഹിന്ദു നിയമമാകട്ടെ ഇംഗ്ലീഷ് നിയമ വ്യവസ്ഥയാകട്ടെ സ്ത്രീയുടെ സാമ്പത്തിക അവകാശങ്ങൾ ജീവനാംശം (*Maintenance*) നൽകൽ എന്ന സങ്കൽപ്പത്തിൽ ആശ്രയിച്ചുനിൽക്കു കയാണ്. ജീവനാംശം നൽകൽ ഒരു ആശ്രിതാവസ്ഥയാണ്. മഹർ എന്ന വിവാഹ നിബന്ധന സ്ത്രീയുടെ കാലാകാലമുള്ള പരാശ്രിതത്വത്തേക്കാൾ മഹത്തായ ഒരു തത്ത്വത്തിന്റെ (സ്ത്രീയോടുള്ള ആദരത്തിന്റെ അടയാളം) അടിസ്ഥാനത്തിലുള്ളതാണ്. മാത്രമല്ല എല്ലാ വൈവാഹിക നിയമത്തിന് കീഴിലും ജീവനാംശം നൽകൽ എന്നത് സ്ത്രീയുടെ ചാരിത്ര്യവുമായി ബന്ധപ്പെട്ടതും അതുവഴി അവളുടെ ലൈംഗികതയെ നിയന്ത്രിക്കാനുള്ള മാർഗമായി അത് തീരുകയും ചെയ്യുന്നു. ചാരിത്രവതിയായ ഒരു സ്ത്രീ ഒരിക്കലും വിവാഹബന്ധം തുടരുന്ന കാലത്തോ വിവാഹ ബന്ധംവേർ പ്പെടുത്തിയതിന് ശേഷമോ ജീവിക്കാനായി ജീവനാംശത്തെ ആശ്രയിക്കില്ല.[86] മഹറിന്റെ യഥാർഥത്തിലുള്ള സങ്കൽപ്പവും ദർശനവും സ്വഭാവവും അലഹബാദ് ഹൈക്കോടതി അതിന്റെ പ്രസിദ്ധമായ ഒരു വിധിയിൽ രേഖ

പ്പടുത്തിയതിങ്ങനെയാണ്.[87]

'മഹർ എന്നാൽ വിവാഹം കഴിക്കാമെന്ന പരിഗണനയിൽ ഭാര്യക്ക് ഭർത്താവ് വാഗ്ദാനം ചെയ്യുന്ന പണമോ സ്വത്തോ ആണ്. അത് സ്നേഹത്തിന്റെയും ആദരത്തിന്റേയും പ്രതീകമാണ്. അല്ലാതെ ദാമ്പത്യകാലത്ത് നടക്കുന്ന ലൈംഗിക വേഴ്ച്ചക്കുള്ള പ്രതിഫലമല്ല. മഹർ നൽകപ്പെടാതിരിക്കുന്നേടത്തോളം കാലം ഭാര്യക്ക് ഭർത്താവിനെ നിരാകരിക്കാം. പക്ഷേ ഒരു തവണ ദാമ്പത്യബന്ധം പുലർത്തിക്കഴിഞ്ഞാൽ അവളുടെ ഈ അവകാശം നഷ്ടപ്പെടുന്നു.'

മേൽപറഞ്ഞ അഭിപ്രായമാണ് ഫസലും ബി *V/s* കെ. കാദർ വാലി88 ബായി ത്വാഹിറാ *V/s*അലി ഹുസൈൻ ഫിസ്സാലി ചോട്ടിയാ കേസുകളിൽ സുപ്രിംകോടതി സ്വീകരിച്ചത്89. സുപ്രീം കോടതിയിൽ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ മഹറിനെ സംബന്ധിച്ച് അഭിപ്രായപ്പെട്ടത് *127 (3)(b) of Cr.P.C.* വകുപ്പിൽ പരാമർശിക്കപ്പെട്ടത് പ്രകാരം ആചാരപരമായോ വ്യക്തി നിയമത്തിന്റെ അടിസ്ഥാനത്തിലോ നൽകുന്ന തുകയാണെന്നാണ്. എന്തായിരുന്നാലും മുഹമ്മദ് അഹ്മദ് ഖാൻ *V/s* ഷാബാനു ബീഗം[90] കേസിൽ അത് റദ്ദാക്കപ്പെട്ടു. ത്വാഹിറ കേസിൽ മഹർ എന്നത് ഭർത്താവ് വിവാഹമോചന വേളയിൽ ഭാര്യക്ക് നൽകുന്ന ഒരു സംഖ്യയല്ല എന്ന് വിധിച്ചിരുന്നു.

മഹർ നൽകുകയോ നൽകാതിരിക്കുകയോ ചെയ്ത സ്ത്രീ-പുരുഷന്മാരിൽ നിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വസ്തുതാ പഠനം എന്ന നിലക്ക് 200 കേസുകൾ വിലയിരുത്തിയതിൽ നിന്നും വിവാഹമോചിതരായ 40 സ്ത്രീകൾക്ക് (20%) മാത്രമാണ് വാഗ്ദാനം ചെയ്ത മഹർ ലഭിച്ചത്. വിവാഹ സമയത്ത് അത് അവർക്ക് ലഭിച്ചിട്ടില്ലായിരുന്നു. ഇതിൽ മഹർ ലഭിച്ചുവെന്ന് പറഞ്ഞ 20% ത്തിൽ, 14% ത്തിനും അത് ലഭിച്ചത് വിവാഹമോചന വേളയിലാണ്. 17 %ന്ന് ലഭിച്ചത് വിവാഹ മോചനത്തിന്ന് ശേഷമാണ്. 160 വിവാഹ മോചിതർക്ക് (80%) മഹർ തന്നെ ലഭിച്ചിരുന്നില്ല. മിക്ക വിവാഹങ്ങളിലും മഹർ ഏതു വിധത്തിലുള്ളതാണെന്നോ മഹറിന്റെ സംഖ്യ എത്രയെന്നോ വിവാഹം കഴിഞ്ഞ സ്ത്രീ അറിഞ്ഞിരുന്നില്ല. ഭർത്താവിനൊപ്പം സഹജീവനം നടത്തുമ്പോൾ മഹറിനെ സംബന്ധിച്ച് അവകാശവാദ മുന്നയിക്കുന്നതിൽ വളരെ കുറഞ്ഞ ശ്രദ്ധയേ ചെലുത്താറുള്ളൂ. പണമായും ആഭരണമായും മഹർ ലഭിക്കുന്നവർക്ക് തന്നെ അവ വളരെ തുച്ഛമായ തോതിലേ ലഭിച്ചിരുന്നുള്ളൂ. ദീർഘകാലം സാമ്പത്തിക സ്വാശ്രയത്വത്തിന് അത് തികച്ചും അപര്യാപ്തമാണ്. എന്തായാലും 93 % പുരുഷന്മാർ പറഞ്ഞത് അവർ വാഗ്ദത്ത മഹർ നൽകിയെന്നാണ്. മൂന്നാമത്തെ ഗ്രൂപ്പ് പറഞ്ഞത് മഹറിനെ സംബന്ധിച്ച ഖുർആനിക നിയമവിധികൾ സമുദായം കണിശമായും പാലിക്കുന്നു എന്നാണ്. എന്നാൽ ഭൂരിപക്ഷം വരുന്ന നാലാം ഗ്രൂപ്പ്(68%)അഭിപ്രായപെട്ടത് മഹർ കൊടുക്കൽ കടലാസിൽ മാത്രം ഒതുങ്ങുന്നുവെന്നാണ്.

ലഭിച്ച വസ്തുതകൾ മൊത്തം വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. വിവാഹ സമയത്ത് നിശ്ചയിക്കുന്ന മഹർ കേവലം നാമമാത്രമാണ്. ഇത് ഏകപക്ഷീയമായ വിവാഹ മോചനത്തിൽ നിന്നും സ്ത്രീക്ക് യാതൊരു സംരക്ഷണവും നൽകുന്നില്ല. മിക്ക മുസ്‌ലിം കുടുംബങ്ങൾക്കും മഹർ ഒരു പ്രൗഢിയുടെ ചിഹ്നമാണെങ്കിലും ഇസ്‌ലാം വിഭാവന ചെയ്യുന്നത് പോലെ യാതൊരു സുരക്ഷാ കവചവുമാകുന്നില്ല. സ്ത്രീധനമെന്ന ബ്രാഹ്മണ സമ്പ്രദായംതാഴ്ന്ന ജാതിക്കാരിലും മുസ്‌ലിംകളിലും ഇഴഞ്ഞെത്തിയിരിക്കുന്നു.[92] ഇസ്‌ലാമിൽ സ്ത്രീധനത്തിന് യാതൊരു പഴുതുമില്ല. മറിച്ച് വധുവിന് സ്ത്രീധനം ലഭിക്കാനാണ് വ്യവസ്ഥയുള്ളത്. എന്നാൽ പഠനങ്ങൾ നൽകുന്ന സൂചന മറ്റൊന്നാണ്. സ്ത്രീധന സമ്പ്രദായം വളരെ വ്യാപകമായ തോതിലുണ്ട്. 87.3% ത്തോളം വിവാഹങ്ങളിലും സ്ത്രീധനം വിവാഹത്തിന് മുമ്പ്തന്നെ അവരുടെ സാമൂഹിക സാമ്പത്തിക നിലവാരം കണക്കിലെടുക്കാതെ നൽകപ്പെടുകയാണ് ചെയ്യുന്നത്.

സൂക്ഷ്മമായ പഠനങ്ങൾ സൂചിപ്പിക്കുന്നത് സ്വാതന്ത്ര്യ പൂർവ ഭാരതത്തിൽ മഹർ സാരവത്തായ ഒരു സംഖ്യയായിരുന്നു നിശ്ചയിച്ചിരുന്നത്. അത് ഏകപക്ഷീയമായതും ക്ഷണചഞ്ചലങ്ങളുമായ വിവാഹ മോചനത്തിന് ഒരു പ്രതിരോധമായി വർത്തിക്കുകയും ചെയ്തിരുന്നു. പക്ഷേ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഈ സ്ഥിതിക്ക് ഗണ്യമായ മാറ്റമുണ്ടായി. ഒരു പക്ഷേ വിഭജനാനന്തര ഇന്ത്യയിലെ മുസ്‌ലിംകളുടെ സാമ്പത്തികമായ അധഃസ്ഥിതാവസ്ഥയെ സൂചിപ്പിക്കുന്നതാവാം[93]. മഹർ നൽകുന്നത് ക്രമീകരിക്കാൻ മുസ്‌ലിംകൾക്ക് ധാർമികാടിസ്ഥാനത്തിലുള്ള ഒരു നിയമം ആശാസ്യകരമായിരിക്കും. മലേഷ്യയിൽ മഹർ നൽകുന്നത് സംബന്ധിച്ച് നിയമ നടപടി ക്രമങ്ങളുണ്ട്. മൊറോക്കോ, അൾജീരിയ, ലെബനോൻ ടുണീഷ്യ, യമൻ, സോമാലിയ, ഇറാഖ്, സുഡാൻ, ഈജിപ്ത്, ജോർഡാൻ, സിറിയ, പാകിസ്താൻ, ബംഗ്ലാദേശ് മുതലായ രാജ്യങ്ങൾ മഹറിന്റെ സ്വഭാവം നിർവചിക്കൽ, അതിന്റെ വിഷയ സാരം, അളവ് നിർണയിക്കുന്ന രീതി, നൽകുന്ന മഹറിന് വധുവിന്റെ സമ്മതത്തിന്റെ പ്രാധാന്യം, മഹറിനെ സംബന്ധിച്ച തർക്ക പരിഹാരം, മഹറിന്റെ വർധനവും ശോഷണവും, മറ്റു സുപ്രാധാനവുംപ്രായോഗികവുമായ പ്രശ്നങ്ങൾ മുതലായവ സംബന്ധിച്ച തത്ത്വങ്ങൾ പരിഷ്ക്കരണത്തിന് വിധേയമാക്കിയിട്ടുണ്ട്.

തുടരും

(വിവ. എ.എം.മുഹമ്മദ് സലിം)

82 M.Afzal Wani, "Muslim Womens' Right to Maher, An appraisal of the Statutory Rights in Muslim Countries", 43(3), Journal of Indian law Institute 388. 83 Supra note 74 at p.66. 84 Holy Quran IV: 4.,85 Dr.Mir Mustafa, Hussain, "Family Life In Islam", available at: http://the muslimworld.word express.com/category/women-in Islam (last accessed on 16 Sep.2011). 86 Flavia Agnes, "Law and Gender Inequality", in Flavia Agnes (ed), Women and Law in India 34-9, (Oxford, New York, 2004). 87 Abdul Kadir v. Salima (1886) 8 Allahabad 149 FB. 88 AIR 1980 SC 1730. 89 AIR 1979 SC 362. 90 AIR 1985 SC 945. 91 Supra note 86 at p.36. 92 Ibid.

# റസൂൽ തിരുമേനി (സ): ആക്ഷേപങ്ങളും മറുപടിയും

റസൂൽ തിരുമേനി(സ)യെക്കുറിച്ച് ശത്രുക്കൾ ഉന്നയിക്കുന്ന മുഖ്യമായ നാല് ആക്ഷേപങ്ങളും അതിനുള്ള മറുപടിയും

വി. പി. രോഷൻ അഹ്മദ്, കോഴിക്കോട്

മനുഷ്യ വംശത്തിന് മാർഗദർശനം നൽകാൻ ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ ഭൂമിയിൽ അവതരിച്ചിട്ടുണ്ട്. എന്നാൽ അതിൽ ഒരു പ്രവാചകനെ പോലും തങ്ങളുടെ ജനത തള്ളിപ്പറയാതിരിക്കുകയോ ആക്ഷേപിക്കാതിരിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി(സ)ക്ക് എതിരായും ആക്ഷേപങ്ങളും നിഷേധങ്ങളുമുണ്ടാവുകയും അദ്ദേഹം വമ്പിച്ച പീഡനങ്ങൾക്ക് വിധേയനാകുകയും ചെയ്തിട്ടുണ്ട്. മുഹമ്മദ് നബി (സ) യെക്കുറിച്ചുള്ള ആക്ഷേപങ്ങളിൽ മുഖ്യമായതിന്റെ ഉത്തരമാണ് താഴെ നൽകിയിരിക്കുന്നത്.

1-വിശുദ്ധ ഖുർആൻ മുഹമ്മദ് നബി(സ) സ്വയം പൂർവ ഗ്രന്ഥങ്ങളിൽ നിന്ന് പകർത്തിയെഴുതിയതാണെന്നതാണ് ഒന്നാമത്തെ ആക്ഷേപം.

2-ഇസ്ലാം ബലാൽക്കാരത്തിലൂടെയാണ് പ്രചരിപ്പിച്ചത് എന്നതാണ് രണ്ടാമത്തെ ആക്ഷേപം.

3-റസൂൽ തിരുമേനി (സ) സന്താനരഹിതനാണെന്നാണ് മറ്റൊരാക്ഷേപം.

4- റസൂൽ തിരുമേനി (സ) യുടെ വിവാഹ ജീവിതത്തെ സംബന്ധിച്ചുള്ളതാണ് വേറൊരാക്ഷേപം.

മുകളിൽ പറഞ്ഞ നാല് ആക്ഷേപങ്ങളാണ് എതിരാളികൾ മുഹമ്മദ് നബി(സ)ക്കെതിരായി പൊതുവേ ഉന്നയിക്കുന്നത്. ഈ ആക്ഷേപങ്ങൾക്ക് യഥാക്രമം മറുപടി പറയാൻ ശ്രമിക്കാം.

ഒന്നാമത്തെ ആക്ഷേപത്തിന് തെളിവായി ശത്രുക്കൾ ഉന്നയിച്ചിരുന്ന ചില കാര്യങ്ങൾ ഇപ്രകാരമാണ്. അതായത് റസൂൽ തിരുമേനി (സ) ചില ക്രിസ്ത്യാനികളിൽ നിന്ന് കാര്യങ്ങൾ പഠിക്കുകയും സ്വയം ചില തിരുത്തലുകൾ നടത്തുകയും ശേഷം സ്വന്തം അധ്യാപനമാണെന്ന് പ്രചരിപ്പിക്കുകയുമാണ് ചെയ്തതെന്നാണ് ആക്ഷേപം. ഇതിന് അടിസ്ഥാനമെന്നോണം, ജബ്ബാർ എന്ന് പേരുള്ള ക്രിസ്ത്യാനിയെ അവർ എടുത്ത് പറയാറുണ്ടായിരുന്നു. അദ്ദേഹം മക്കയിലെ ഇബ്നു ഹദ്റമി എന്ന ഉന്നതന്റെ അടിമയായിരുന്നു. അദ്ദേഹം ഒരു ക്രിസ്ത്യാനി യായതിനാലും ക്രിസ്തീയ അദ്ധ്യാപനങ്ങൾ ഇസ്ലാമിക അദ്ധ്യാപനങ്ങളുമായി സാമ്യതകൾ ഉള്ള കാരണത്താലും മക്കയിൽ ബഹുദൈവാരാധനയും ബിംബാരാധനയും നടമാടിയിരുന്ന കാരണത്താലും റസൂൽ തിരുമേനി(സ)യെ കാണാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ താൽപര്യത്തെ പരിഗണിച്ചുകൊണ്ട് റസൂൽ തിരുമേനി (സ) അദ്ദേഹത്തെ ചെന്നുകാണുകയും ഇസ്ലാമിക സന്ദേശം കേൾപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇത് കണ്ട ഖുറൈശികൾ റസൂൽ തിരുമേനി(സ)യെ അപകീർത്തിപ്പെടുത്താൻ വേണ്ടി ഇപ്രകാരം പറയാൻ തുടങ്ങി. മുഹമ്മദ് ജബ്ബാറിൽ നിന്നാണ് അറിവ് കരസ്ഥമാക്കുന്നത് എന്ന്. എന്നാൽ ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും സിദ്ധാന്തങ്ങൾ തമ്മിലുള്ള അന്തരവും ജബ്ബാറിന്റെ പാണ്ഡിത്യത്തിന്റെ അവസ്ഥയും ഈ ആക്ഷേപം പൂർണമായും നിരർഥകവും അടിസ്ഥാനരഹിതവുമാണെന്ന് വ്യക്തമാക്കുന്നു. ഖുറൈശികൾ ഇയൊരാരോപണം നടത്തുക വഴി ജനങ്ങളുടെ ശ്രദ്ധ തിരിച്ചു വിടുക മാത്രമാണ് ചെയ്യുന്നത്. അതിന്റെ ന്യായാന്യായങ്ങൾ അവർക്ക് പ്രശ്നമായിരുന്നില്ല. ഈ കാരണത്താൽ ഈ ആക്ഷേപം അവർ പെട്ടെന്ന് തന്നെ പ്രചരിപ്പിക്കാൻ തുടങ്ങി. വിശുദ്ധ ഖുർആൻ വളരെ യുക്തിപരമായ മറുപടിയാണ് ഈ ആക്ഷേപത്തിന് നൽകുന്നത്. 'ഒരു മനുഷ്യനാണ് അദ്ദേഹത്തിന് ഇത് പഠിപ്പിച്ചുകൊടുക്കുന്നതെന്ന് അവർ പറയുന്നതായി തീർച്ചയായും നാം അറിയുന്നുണ്ട്. (പക്ഷേ) ഏതൊരു മനുഷ്യനുമായി അവർ അതിനെ സംബന്ധിപ്പിക്കുന്നുവോ അയാളുടെ ഭാഷ അനറബിയാണ് ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയാണ്.'(അന്നഹ്ൽ 16:104)

ഹാ! എത്ര മനോഹരമായ മറുപടിയാണ് അവരുടെ ആക്ഷേപത്തിന് അല്ലാഹു നൽകിയത്? ഈ ആയത്തിന്റെ വിശദീകരണത്തിലേക്ക് അൽപ്പമൊന്നു നമുക്ക്

നോക്കാം. അതായത് ഇത്ര പരിശു ദ്ധവും വശ്യവചസ്സുമായ അറബി ഭാഷയിലുള്ള ഖുർആർ ഒരു അന റബിക്ക് എങ്ങനെ പഠിപ്പിക്കാൻ സാധിക്കും. എന്നാണ് അദൃശ്യ ങ്ങളറിയുന്ന അല്ലാഹുചോദിക്കു ന്നത്.

വസ്തുതാ പരമായ മറ്റൊരു ഉത്തരം, റസൂൽ തിരുമേനി(സ) യുടെ കാലഘട്ടത്തിൽ ഒരിക്കലും തന്നെ ബൈബിൾ അറബിഭാഷയി ലേക്ക് തർജമ ചെയ്യപ്പെട്ടിരുന്നില്ല. പഴയനിയമത്തിലെ ഏതെങ്കിലും സൂക്തങ്ങൾ നബി (സ) തിരുമേനി യെ കേൾപ്പിച്ചിരുന്നുവെങ്കിൽ തന്നെ അത് ഹീബ്രുവിലും ഗ്രീക്കി ലുമായിരിക്കണം. ആ കാരണ ത്താൽ തന്നെ ഈ രണ്ട് ഭാഷയു മറിയാത്ത റസൂൽ തിരുമേനി(സ)ക്ക് എങ്ങനെയാണ് ഇത് മനസ്സിലാ ക്കാൻ സാധിക്കുക? പിന്നെയെ ങ്ങനെയാണ് അത് റസൂൽ തിരുമേനി(സ) അറബിയിലേക്ക് പകർത്തി യെഴുതുക?

ചില ഹദീസുകളിൽ ജബ്ബാറി നോടൊപ്പം മറ്റു ചില ക്രിസ്ത്യാനി കളുടെയും പേരുകൾ രേഖപ്പെടു ത്തിയതായി കാണുന്നു. എന്നിരു ന്നാലും ഏറ്റവും രസകരമായ കാര്യം ശ്രദ്ധയിൽപ്പെടുന്നതെന്ത ന്നാൽ ഈ പറയപ്പെടുന്നവരെല്ലാം തന്നെ അടിമകളായിരുന്നു. ഈ ആക്ഷേപത്തിന്റെ പൊള്ളത്തരം ഇതിൽ നിന്നു തന്നെ വ്യക്തമാ കുന്നതാണ്.

ഇനി ഈ ആക്ഷേപത്തിന്റെ മറ്റൊരു വശത്തിന് കൂടി മറുപടി നൽകേണ്ടതുണ്ട്. അതായത് വിശു ദ്ധഖുർആൻ റസൂൽ തിരുമേനി (സ)സ്വയം രചിച്ചതാണെന്ന് ശത്രു ക്കളുടെ ആക്ഷേപത്തിൽ നിഴലി ക്കാറുണ്ട്. ഈ ആക്ഷേപവും വ്യാജ വും അടിസ്ഥാന രഹിതവുമാണ്. കാരണം നബി തിരുമേനി(സ)ക്ക് അറിവിന്റെ സ്രോതസുകളായ വായനയും എഴുത്തും അറിയില്ലാ യിരുന്നു. അതിനാൽ അവിടുന്ന് മറ്റു മത ഗ്രന്ഥങ്ങൾ വായിച്ചിട്ടില്ലാത്ത നിരക്ഷരനായിരുന്നു.

എതിരാളികളുടെ ഈ ആക്ഷേപ ത്തെ വെല്ലുവിളിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ വളരെ യുക്തി ഭദ്രമായ നിലയിൽ ശത്രുക്കളുടെ വാദ ത്തിന്റെ മുനയൊടിച്ചുകളയുന്നു:

'നമ്മുടെ ദാസന് നാം അവ തരിപ്പിച്ചത് സംബന്ധിച്ച് വല്ല വിധത്തിലും നിങ്ങൾ സംശയത്തി ലാണെങ്കിൽ ഇതിന് തുല്യമായതിൽ നിന്നൊരദ്ധ്യായം നിങ്ങൾ കൊണ്ട് വരിക. (അതിനായി) അല്ലാഹുവിന് പുറമെയുള്ള നിങ്ങളുടെ സാക്ഷിക ളെയും നിങ്ങൾ വിളിച്ചുകൊ ള്ളുക. നിങ്ങൾ സത്യവാദികളാ ണെങ്കിൽ.'(2:24)

ഈ തുറന്ന വെല്ലുവിളിക്ക് മറുപടിനൽകാൻ കഴിഞ്ഞ ആയിര ത്തി അഞ്ഞൂറു വർഷങ്ങളായി ഒരു ബുദ്ധിജീവിക്കും സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല!. ഇത് തന്നെ ഈ ആക്ഷേപത്തിന് മതിയായ മറുപടി യാകുന്നു.

രണ്ടാമത്തെ ആക്ഷേപം നോ ക്കാം. അതായത് ഇസ്ലാം മതം ബലാൽക്കാരത്താലും വാളിനാലു മാണ് പ്രചരിക്കപ്പെട്ടത് എന്നാണ് ആക്ഷേപം.

എന്നാൽ ഇസ്ലാമിന്റെ ഏറ്റവും വലിയ പ്രാമാണിക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ പറയുന്നു: വിശ്വാസത്തിൽ ബലാൽക്കാരമില്ല. ആർക്കു വേണമെങ്കിലും തങ്ങളുടെ ഇംഗിതമനുസരിച്ച് ഏത് വിശ്വാ സവും സ്വീകരിക്കാനുള്ള സ്വാത ന്ത്ര്യം വിശുദ്ധ ഖുർആൻ നൽകു ന്നു. ഈ സൂക്തത്തിന്റെ അടിസ്ഥാ നത്തിൽ ഒരു വിശ്വാസിക്ക് മറ്റു വിശ്വാസികളെ അവരുടെ വിശ്വാസ ത്തിനെതിരായി ബാലാൽക്കാരം പ്രയോഗിക്കുന്നതിനെ ഇസ്ലാം ശക്തിമത്തായ രീതിയിൽ തടഞ്ഞി രിക്കുന്നു. പിന്നെയെങ്ങനെയാണ് വാളാൽ പ്രചരിക്കപെട്ട മതമെന്ന് പറയാൻ സാധിക്കും?

വിശുദ്ധ ഖുർആനിൽ ഇതിന് ഉപോൽബലകമായ മറ്റൊരു സൂക്തം കൂടിയുണ്ട്. മുഹമ്മദ് നബി (സ)യെ അഭിസംബോധന ചെയ്ത് കൊണ്ട് അല്ലാഹു പറഞ്ഞത്:

'അതിനാൽ നീ ഉപദേശിക്കുക. നിശ്ചയമായും നീ ഒരു ഉപദേശ കൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവ നല്ല.'(89: 22,23)

നോക്കുക. മുഹമ്മദ് നബി (സ) യോടു പോലും അല്ലാഹു പറഞ്ഞി രിക്കുന്നത് ഉപദേശം നടത്തുവാൻ മാത്രമാണ്. മറ്റുമതസ്ഥർക്കെതിരിൽ അധികാരം നടത്തുവാനോ അധി കാരം കയ്യേൽക്കാൻ ശ്രമം നടത്താ നോ അല്ലാഹു റസൂൽ തിരുമേനി (സ)ക്ക് പോലും അനുവാദം നൽകിയിട്ടില്ല. അങ്ങനെ വരുമ്പോൾ ഇസ്ലാം എങ്ങനെ വാളാൽ പ്രചരിച്ച മതമാകും? മറിച്ച് മുൻ സൂക്തത്തിൽ പറഞ്ഞത് പോലെ സദുപദേശത്തിലൂടെയാണ് ഇസ് ലാംമത പ്രചാരണം നടത്തേണ്ടത് എന്നാണ് പറയപെട്ടിട്ടുള്ളത്.

13 വർഷക്കാലത്തെ അതികഠി നമായ പീഡനങ്ങൾ മുസ്ലിംകൾ വളരെ ക്ഷമയോടെയും സ്ഥൈര്യ ത്തോടെയും സഹിച്ചു. എന്നാൽ അല്ലാഹുവിന്റെ മതത്തെ ഉന്മൂലനം ചെയ്യാനുള്ള തയ്യാറെടുപ്പിലേക്ക് ശത്രുക്കൾ ഒരുങ്ങിയപ്പോൾ അവരെ അതിൽ നിന്ന് തടയുന്നതിനും ഇസ്ലാം മതത്തെനാശത്തിൽനിന്ന് രക്ഷിക്കുന്നതിനും വേണ്ടി മാത്ര മാണ് അല്ലാഹു യുദ്ധത്തിന് അനു മതി നൽകിയത്. അത് തികച്ചും പ്രതിരോധ യുദ്ധമായിരുന്നു. അല്ലാഹുവിന്റെ അനുമതി ലഭിച്ചത്. സമാധാനാന്തരീക്ഷം ലോകത്ത് സ്ഥാപിക്കുന്നതിന് വേണ്ടി മാത്രമായിരുന്നുവെന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് വ്യക്തമാവു ന്നത്.

ആക്ഷേപകർ ഈ ആക്ഷേപം ഉന്നയിക്കുന്നതിന് ഉപോൽ ബലക മായി ചില ആയത്തുകൾ നൽകാ റുണ്ട്. ഉദാഹരണത്തിനായി 'നി ങ്ങൾ അവിശ്വാസികളെ കണ്ട്മുട്ടു ന്നിടത്തുവെച്ച് വധിക്കുക.'

എന്നാൽ വിശുദ്ധ ഖുർആൻ നിഷ്പക്ഷമായി പാരായണം ചെയ്യുന്നതായാൽ ഇത്തരത്തിലുള്ള സൂക്തങ്ങളെല്ലാം യുദ്ധാവസര ത്തിൽ മാത്രം നടപ്പാക്കാൻ അവത രിച്ച കൽപ്പനകളാണെന്ന് കാണാം. ഈ ഖുർആൻ വചനങ്ങളിലെ

അറബി ഭാഷാ പ്രയോഗങ്ങൾ തന്നെ അത്തരത്തിലുള്ള അവസ്ഥയിൽ മാത്രം ബാധകമായതാണെന്നാണ് വ്യക്തമാകുന്നത്. ഈ യുദ്ധങ്ങൾ പോലും അനുവദിക്കപ്പെട്ടത് സ്വയം വിശ്വാസ സംരക്ഷണത്തിനും സമാധാനം പുനസ്ഥാപിക്കുന്നതിനും നാശത്തിൽ നിന്ന് തടയുന്നതിനും വേണ്ടിയാണെന്നും ഖുർആൻ വ്യക്തമാക്കുന്നു. രാഷ്ട്രീയ ദുഷ്ട ലാക്കോടെ ഇസ്‌ലാം മതത്തിന്റെ പേരിൽസംസാരിക്കുന്ന മതരാഷ്ട്ര വാദികളാണ് ഇത്തരം ആയത്തുകൾ സർവസമയത്തേക്കും സാർഥകമാണെന്ന് പറഞ്ഞ് ദുർവ്യാഖ്യാനം ചെയ്യുന്നത്. മുഹമ്മദ് നബി(സ)യെക്കാൾ ഹിറ്റ്ലറുടെ തത്ത്വശാസ്ത്രമാണ് അവരെ ബാധിച്ചിരിക്കുന്നത്.

മൂന്നാമത്തെ ആക്ഷേപം റസൂൽ തിരുമേനി (സ) സന്താനരഹിതനാണെന്നതാണ്. ഈ ആക്ഷേപം ഉന്നയിക്കപ്പെട്ടപ്പോൾ തന്നെ റസൂൽ തിരുമേനി(സ)ക്ക് ഇപ്രകാരം വെളിപാടുണ്ടായി:

'സത്യമായും ഞാൻ നിനക്ക് അളവറ്റ അനുഗ്രഹം നൽകിയിരിക്കുന്നു. അതിനാൽ നീ നിന്റെ നാഥന് വേണ്ടി നമസ്ക്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. നിശ്ചയമായും നിന്റെ ശത്രുവാണ് സന്താനരഹിതൻ.

മധുരതരമായ ഒരു പ്രതികാരം പോലെ ശത്രുക്കൾക്കുള്ള തിരിച്ചടി രൂപത്തിലാണ് ഈ പ്രവചനം പുലർന്നത്. ഒരു തുറന്ന പുസ്തകം പോലെ ആ ചരിത്ര സത്യം നിൽക്കുന്നു. റസൂൽ തിരുമേനി(സ)യുടെ ശത്രുക്കളുടെ മക്കളടക്കം മുഴുവൻ അറേബ്യയിലെയും ഗോത്രങ്ങളിലെ സന്താനപരമ്പര ഇസ്‌ലാം മതം സ്വീകരിക്കുകയും മുഹമ്മദ് നബി(സ)യുടെ പാരമ്പര്യം നിലനിർത്തുന്ന മക്കളായി തീരുകയും ശത്രുക്കളുടെ മതസംസ്ക്കാര പാരമ്പര്യം നിലനിർത്താൻ സന്തതികളില്ലാതാവുകയും ചെയ്തു.

അവസാനത്തെ ആക്ഷേപം റസൂൽ തിരുമേനി(സ)യുടെ ബഹുഭാര്യത്വത്തെ സംബന്ധിച്ചുള്ളതാണ് ഈ അടുത്തകാലത്ത് മുസ്‌ലിംകളുടെ വികാരത്തെവ്രണപ്പെടുത്തുന്ന തരത്തിൽ പ്രചരിക്കുന്ന ചലച്ചിത്രങ്ങളും മറ്റു കലാവിഷ്ക്കാരങ്ങളും എത്ര നീചമായാണ് റസൂൽ തിരുമേനി(സ) യുടെ വൈവാഹിക ജീവിതത്തെ സംബന്ധിച്ച് അസത്യം പ്രചരിപ്പിക്കുന്നത്. മുകളിൽ പറഞ്ഞ ആക്ഷേപങ്ങളെ പോലെ തന്നെ ഇതും ഒരു പൊള്ളയായ ആക്ഷേപം മാത്രമാണ്. റസൂൽ തിരുമേനി (സ)യുടെ ജീവിതത്തെക്കുറിച്ച് നിഷ്പക്ഷമായി പഠിക്കാൻ ശ്രമിച്ചാൽ അത് വ്യക്തമാകുന്നതാണ്. റസൂൽ തിരു മേനി(സ)ക്ക് 50 വയസ്സുള്ളപ്പോഴാണ് അവിടുത്തെ പ്രിയ പത്നി ഹദ്റത്ത് ഖദീജ വഫാത്താകുന്നത്. അതിന് ശേഷമാണ് റസൂലുള്ള മറ്റൊരു വിവാഹം കഴിക്കുന്നത്. അത് മുഖ്യമായും ഒരു ന്യായപ്രമാണ വാഹിയായ ഒരു പ്രവാചകന് ഉന്നതമായ ദാമ്പത്യ ജീവിതത്തിന്റെ മാതൃക ലോകത്തിന് വെളിപ്പെടുത്തി കൊടുക്കേണ്ടതുണ്ടായിരുന്നു. റസൂൽ തിരുമേനി (സ) ഇങ്ങനെ ബഹുപത്നിമാരെ സ്വീകരിച്ചതു കൊണ്ട് വിവിധങ്ങളായ ജീവിതാനുഭവങ്ങളും ജീവിത മാതൃകകളും ലോകത്തിന് ലഭിച്ചു. ദാമ്പത്യ സംബന്ധമായ കാര്യങ്ങളും ഗാർഹിക ജീവിത മാതൃകകളും പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾക്കാണ് കൂടുതൽ പഠിപ്പിക്കാൻ സാധിക്കുക. ഈ കാരണത്താലാണ് മുൻകഴിഞ്ഞ പ്രവാചക ന്മാർ ബഹു ഭാര്യാത്വം സ്വീകരിച്ചു പോന്നത്. ആയിശാ (റ) ഒഴികെ റസൂൽ തിരുമേനിയുടെ ഭാര്യമാരെല്ലാം വിധവകളായിരുന്നു. അത് ശാരീരികഭോഗങ്ങളെ തൃപ്തിപ്പെടുത്താനുള്ളതായിരുന്നില്ല എന്ന് വ്യക്തം. അപ്രകാരം ഗോത്രങ്ങളുമായി സമാധാനം നിലനിർത്താൻ വേണ്ടി കൂടിയാണ് അവിടുന്ന് ഒന്നിൽ കൂടുതൽ വിവാഹം കഴിച്ചത്. ഭാര്യമാരുമൊത്ത് റസൂൽ തിരുമേനി (സ) നയിച്ച അങ്ങേയറ്റം സാത്വികമായ പവിത്ര ജീവിതം ലോകത്തിന് മുമ്പിൽ വളരെ സുവ്യക്തമായി കിടക്കുന്നു. സൂക്ഷ്മമായും നിഷ്പക്ഷമായും വിമർശന പഠനം നടത്തിയാൽ പോലും സത്യാന്വേഷികൾക്ക് അവിടത്തെ ജീവിതത്തിന്റെ പരിശുദ്ധി കൂടുതൽ വ്യക്തമാവുന്നതാണ്.

## ആകാശത്തുനിന്ന് ആരും വരില്ല

വാഗ്ദത്ത മസീഹിന്റെ ആകാശത്തുനിന്നുള്ള ഇറക്കം വെറും വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചുകൊൾവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്ക് ആകാശത്തുനിന്ന് മർയമിന്റെ മകൻ യേശു (ഇബ്നുമറിയം) ഇറങ്ങിവരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനുശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതുമാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും കാരണം അന്നു കുരിശിന്റെ മേധാവി ത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും.

(തദ്കിറത്തുശ്ശഹാദത്തൈൻ പേജ്:67)

# ഭക്തിയുടെ അന്തസത്ത:
## ഇസ്‌ലാമിലും മറ്റ് മതങ്ങളിലും

പ്രൊഫ. ഇഫ്തിഖാർ അഹ്മദ് ബി. പഴയങ്ങാടി.

വിശ്വാസം, ഭക്തി ജീവിതം, അദ്ധ്യാത്മിക പരിസരം, സാഹോദര്യം തുടങ്ങിയ സമസ്ത മേഖലകളേയും സ്പർശിച്ചു കൊണ്ടാണ് ഇസ്‌ലാം അതിന്റെ മത ഭക്തിയെ പരിചയപ്പെടുത്തുന്നതും വികസിപ്പിച്ചെടുക്കുന്നതും. ഒരു മനുഷ്യൻ എങ്ങനെ നടക്കണം, ഇരിക്കണം, പെരുമാറണം എന്നി വയിൽ തുടങ്ങി സമസൃഷ്ടികളോട് അവൻ എത്തരത്തിൽ വർത്തിക്കണം ഐഹികലോകത്ത് അവന്റെ കടമകൾ എന്തൊക്കെയാണ് എന്നിങ്ങനെ മനുഷ്യ ജീവിതത്തെ സമഗ്രമായി പര്യാവരണം ചെയ്യുന്ന ഒരു ബൃഹദ് പദ്ധതിയായിരിക്കണം ഭക്ത ജീവിതത്തിന്റെ ആകെത്തുക. ദൈവം എന്ന ശക്തി, സ്രഷ്ടാവ് എന്നതിലുപരിയായി സൃഷ്ടികളുടെ ലൗകികവും ആത്മീയവുമായ ജീവിതത്തിന്റെ പൂർണതക്കായുള്ള സകല മാർഗ നിർദേശങ്ങളും ഒരുക്കിയിരിക്കുന്ന സ്നേഹ സ്വരൂപനായ ജഗന്നിയന്താവ് എന്ന തരത്തിൽ സജീവമായി ഇടപെടലുകൾ നടത്തി ക്കൊണ്ടിരിക്കുന്നു. ഈശ്വര ഭക്തിയെന്നാൽ എല്ലാം നിയന്ത്രിക്കുന്ന ഒരു അദൃശ്യ ശക്തി സാന്നിദ്ധ്യത്തെ അംഗീകരിച്ച് ആരാധിക്കുക എന്നുകൂടി അർഥം!

എന്നെ ആരാധിക്കാൻവേണ്ടിയല്ലാതെ ഞാൻ ജിന്നിനെയും ഇൻസിനെയും സൃഷ്ടിച്ചിട്ടില്ല. (51:57) എന്ന് വിശുദ്ധ ഖുർആൻ സംശയലേശമന്യേ പ്രഖ്യാപിക്കുന്നു. ഇതിൽ ഇൻസ് മനുഷ്യനാണെങ്കിൽ ജിന്ന് ഭൂമിയടക്കമുള്ള കോടാനുകോടി ഗോള വ്യവസ്ഥകളിൽകൂടിപരന്നു കിടക്കുന്ന ജീവജാലങ്ങളെ ദ്യോതിപ്പിക്കുന്നു. അറബിയടക്കമുള്ള മധ്യപൗരസ്ത്യ ഭാഷകളിൽ (ഇൻഡോ ജർമാനിക് ഭാഷാകുടുംബത്തിൽ ഉൾപ്പെട്ട) ദൈവത്തെ ഇലാഹ് അല്ലെങ്കിൽ ഇലാഹി എന്ന വാക്ക് കൊണ്ടാണ് സൂചിപ്പിക്കുന്നത്. ഈ വാക്കിന്റെ അർഥമാകട്ടെ ആരാധ്യൻ എന്നാണ്. ഇതിൽ നിന്നാണ് അല്ലാഹ് എന്ന വാക്കുണ്ടാകുന്നത്.The Worshipped(ആരാധ്യൻ) എന്നർഥം എല്ലാ സെമിറ്റിക്ക് മതസംഹിതകളുടെയും ദൈവസങ്കൽപ്പത്തിൽ അതു കൊണ്ട് തന്നെ ദൈവാസ്തിത്വ ത്തിന്റെ സ്വഭാവം (Uniqueness/Monotheism) അടിവരയിട്ടുറപ്പിക്കുക്കുന്നു.

ആരാധിക്കുക എന്ന വാക്കിന് ദേവാലയങ്ങളിൽ ചടഞ്ഞുകൂടി കേവലം മന്ത്രോച്ചാരണങ്ങളിലൂടെ ദൈവത്തെ സംപ്രീതനാക്കുക എന്ന അർഥം നൽകാൻ ഇസ്‌ലാം തയ്യാറാകുന്നില്ല. മറിച്ച് അത് ഒരു ജീവിതക്രമത്തിന്റെ വ്യാഖ്യാനമാണ് എന്ന് വിശദീകരിക്കുന്നു. ഒരു പുഞ്ചിരി പോലും മോക്ഷ ലബ്ധിക്ക് കാരണമാകുന്ന ദാനവും പുണ്യപ്രവർത്തിയുമാണെന്ന് പ്രവാചകൻ അനുയായികളെ ഓർമിപ്പിക്കുമ്പോൾ അതു ആരാധനയുടെ വിഭിന്ന ഭാവങ്ങളിലേക്ക് ചവിട്ടുപടിയായി ഒരു മുസ്‌ലിം തിരിച്ചറിഞ്ഞേ തീരൂ. മാനവ സേവ മാധവസേവ എന്ന സാർവത്രിക മത ദർശനങ്ങളുടെ അടിസ്ഥാന ശാസന, ഇവിടെ സമരസപ്പെടുന്നു.

എല്ലാ മതദർശനങ്ങളുമെന്ന പോൽ, ഇസ്‌ലാമും മനുഷ്യന്റെ മോക്ഷത്തെ അധികരിച്ചുള്ള ഭക്തിയെയാണ് മുന്നാമ്പുറത്തിലേക്ക് പിടിച്ചു വെക്കുന്നത്. കർക്കശമായ ഒരു ധാർമിക ജീവിതം സ്വായത്തമാക്കാൻ ഉദ്ഘോഷിക്കുമ്പോഴും മനുഷ്യ ദൗർബല്യങ്ങളെ അതിന്റെ എല്ലാ അർഥത്തിലും ഉൾക്കൊണ്ട് അനു രഞ്ജനത്തിലൂടെ മുന്നേറാൻ തക്ക ഭക്തിയാണ് സൃഷ്ടികർത്താവിന്റെ ശാസന. പാരശ്രയമില്ലാത്ത, ജനകനോ ജാതനോ അല്ലാത്ത ഏക ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം- അതാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ഭക്തിയുടെ ആധാരം. ഇതിൽ നിന്നും വ്യതിചലിക്കപ്പെടുന്നത് (ശിർക്ക് എന്നാണ് ഇതിന്റെ സാങ്കേതിക പദം)ആയതിനാൽ, പൊറുക്കപ്പെടാത്ത വ്യതിചലനമായി ഇസ്‌ലാം കാണുന്നു. മനുഷ്യസഹജമായ മറ്റേത് തെറ്റുകുറ്റങ്ങളെയും കാരുണ്യത്തിന്റെ തെളിനീരുറവ കൊണ്ട് ദൈവം കഴുകിക്കളയുന്നു. സമാധാനവും സഹിഷ്ണുതയും പരസ്പര സ്നേ ഹവുമില്ലാതെ ഒരു മുസ്‌ലിം പൂർണനാവില്ല. കാരുണ്യ സാഗരമായ ദൈവം, അതുകൊണ്ട് തന്നെ, കരുണയുടെ പ്രതിരൂപ മായ ഒരു പ്രവാചകനിലൂടെയാണ് മനുഷ്യകുലത്തോട് സംവദിക്കുന്നതും സന്ധിയിലേർപ്പെടുന്നതും. ആചാരാനുഷ്ഠാനങ്ങളിൽ ഒരു മുസ്‌ലിമിന് വ്യക്തമായ രൂപരേഖ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ രൂപരേഖയുടെ അടിസ്ഥാനശിലയെന്നത് ഭക്തി തന്നെയാണ്. ഭക്തിയെന്നു പറ

ഞ്ഞാൽ ദൈവത്തിനോടുള്ള ഭയഭക്തി. തഖ്‌വ എന്ന അറബി പദമാണ് ഇതിനായി വിശുദ്ധ ഗ്രന്ഥം ഉപയോഗിക്കുന്നത്. ദിവസവും അഞ്ച് നേരം പ്രാർഥന, വർഷത്തിൽ ഒരു മാസം (ഹിജ്റ കലണ്ടറിലെ റമദാൻ മാസം) നീണ്ടു നിൽക്കുന്ന വ്രതം, സമ്പാദ്യത്തിൽ ഒരു നിശ്ചിത അളവ് ദരിദ്രർക്ക് ലഭ്യമാകേണ്ട നിർബന്ധ ദാനധർമങ്ങൾ (സക്കാത്ത്) തുടങ്ങിയ നിബന്ധനകളിലൂടെ മാത്രമേ ഒരുവന്റെ ഭക്തി പൂർണമാകുകയുള്ളൂ.

ഈശ്വരനിൽ സമർപ്പിക്കപ്പെട്ട ഒരാൾക്ക് സ്വന്തം കടമകളിൽ നിന്നോ കുടുംബാവശ്യങ്ങളിൽ നിന്നോ സാമൂഹിക കർത്തവ്യങ്ങളിൽ നിന്നോ ഒഴിവുകഴിവുകൾ പറഞ്ഞ് മാറി നിൽക്കാൻ സാധ്യമല്ല എന്ന് ചുരുക്കം. രാജ്യസ്നേഹം മതഭക്തിയുടെ കാതലായ അംശമാണെന്ന് ഇസ്‌ലാം ഉറക്കെ വിളിച്ചു പറയുന്നത് ഒരു സോഷ്യലിസ്റ്റ് ചിന്താധാര ഈ മത ദർശനത്തിൽ രൂഢമൂലമായത് കൊണ്ടാണ്. അത് കൊണ്ട് തന്നെ, ഭക്തി, ഇസ്‌ലാമിൽ ഒരു ജീവിതത്തെ സമഗ്രമായി ചിട്ടപ്പെടുത്തുന്ന ഒന്നായി മാറുന്നു.

മോക്ഷ ലബ്ധിക്കായി വർഷം മുഴുവനും ഞാൻ നോമ്പനുഷ്ഠിച്ചു കൊള്ളട്ടെയോ, എന്ന്ചോദിച്ച അനുയായിയോട് മുഹമ്മദ് നബി (സ) പ്രതിവചിക്കുന്നത് അത് വെറും നിരർഥകമാണ് എന്ന രീതിയിലാണ്. ഇവിടെയാണ് ഇസ്‌ലാം മറ്റ് മത ദർശനങ്ങൾ മുന്നോട്ട് വെക്കുന്ന ഭക്തിയുമായി വ്യതിരിക്തമാകുന്നത്. ലൗകിക ജീവിതം പൂർണമായും വെടിഞ്ഞു കൊണ്ടുള്ള ഒരു അദ്ധ്യാത്മികതയെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. സന്യാസം, ബ്രഹ്മചര്യം, കന്യാസ്ത്രീത്വം തുടങ്ങിയ അനുഷ്ഠാനങ്ങളെ മതഭക്തിയുടെ ഒരു ദിക്കിലും ഈ മതം പ്രതിഷ്ഠിക്കുന്നില്ല. വൈവാഹിക ജീവിതത്തിലൂടെ ഒരു മനുഷ്യന്റെ പകുതി പൂർത്തിയാവുന്നു. എന്ന നബി വചനം ഈ വിഷയവുമായി ചേർത്തു വായിക്കാവുന്നതാണ്. സർവസംഗപരിത്യാഗം ഒരർഥത്തിലും ഇസ്‌ലാമിന് പഥ്യമാവുന്നില്ല. മനുഷ്യനായി ജീവിച്ച് മാനുഷികമായ ദൗർബല്യങ്ങളെ അതിജയിച്ച് ധാർമികവും അദ്ധ്യാത്മികവുമായ സമ്പൂർണ വ്യക്തിത്വം ആർജിച്ച് മരിക്കുക. - ഇതാണ് ഇസ്‌ലാം വിഭാവന ചെയ്യുന്ന ഭക്തിയുടെ സാരാംശം. എല്ലാ പുണ്യപ്രവർത്തനങ്ങളും ഈശ്വരൻ കൽപ്പിക്കുന്നത് പോലെ പൂർണമായ അച്ചടക്കത്തോടെയും അനുസരണത്തോടെയും ചെയ്തു പൂർത്തിയാക്കുന്നവന് മരണാനന്തര ജീവിതത്തിൽ പ്രതിഫലം ലഭിക്കുന്നു എന്ന താത്ത്വികതയാണ് ഈ സാരാംശത്തിന്റെ കാതൽ. ഭൂമിയിൽ ഇത്തരത്തിൽ ജീവിച്ച് മരിച്ച മുഹമ്മദ് നബി(സ)യാണ് ഈ കാതലിന്റെ മകുടോദാഹരണം

വിശുദ്ധഖുർആനും പ്രവാചക ചര്യകളും(സുന്നത്ത്) പ്രവാചക വചനങ്ങളും ചേർന്നാൽ ഇസ്‌ലാം എന്ന സമഗ്ര മതദർശനമായി. നിർബന്ധിത മതം മാറ്റവും ജിഹാദും മതരാഷ്ട്ര വാദവുമൊന്നും ഈ ദർശനത്തിലില്ല. താലിബാനിസ്റ്റ് രീതിയിലേക്ക് ഈ ദർശനത്തെ വലിച്ചിഴക്കാൻ ശ്രമിക്കുന്ന മുല്ലാക്കളായ പുരോഹിത വർഗം ഇസ്‌ലാമിന്റെ ശത്രുക്കളുടെ പട്ടികയിൽ മുൻനിരയിലുള്ളവരാണ്. വിശ്വാസം കാർത്തിക നക്ഷത്രത്തോളം വിദൂരസ്ഥമാകുകയും ആകാശത്തിന് കീഴിൽ പുരോഹിത വർഗം ഏറ്റവും നികൃഷ്ട ജീവികളായി മാറുകയും ചെയ്യുന്ന കാലഘട്ടത്തിലൂടെയാണ് സമകാലിക ലോകം കടന്നു പോകുന്നത്.

ഇസ്‌ലാമിക വിശ്വാസത്തിൽ ദൈവത്തിന്റെ അസ്തിത്വം സൃഷ്ടികളുടെ അസ്തിത്വത്തിൽ നിന്ന് തികച്ചും വിഭിന്നമാണ്. സൃഷ്ടിയും സ്രഷ്ടാവുമായി അദ്വൈതമായ അവസ്ഥയില്ല. സൃഷ്ടാവും സൃഷ്ടിയും വിഭിന്ന അസ്തിത്വത്തിൽ നിലകൊള്ളുന്നു.ഹൈന്ദവ മത സാഹിത്യങ്ങളിൽ അവസാന കാലത്ത് അവതരിക്കുന്ന 'കൽക്കി' ഇസ്‌ലാമിക ദർശനങ്ങളിൽ വിവരിക്കപ്പെട്ട മസീഹ് (The Messiah) തന്നെയാണ്. ഹൈന്ദവ ദർശനങ്ങളിലു ള്ള അവതാര സങ്കൽപ്പം സെമിറ്റിക്ക് മതങ്ങളിലെ പ്രവാചകൻ എന്നതിന്റെ മറ്റൊരു വിശേഷണമാണ് എന്ന് വേണം കരുതുക. അല്ലാതെ ദൈവം തന്റെ അസ്തിത്വത്തോടുകൂടിയോ അവന്റെ അസ്തിത്വത്തിന്റെ അംശമായോ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെടലല്ല. പ്രവാചകന്മാർ എന്നത് ദൈവത്തിന്റെ സൃഷ്ടികളെ നേർവഴി നടത്താൻ സച്ചരിതരായ മനുഷ്യരിൽ നിന്ന് തന്നെ തിരഞ്ഞെടുക്കുന്ന ദിവ്യാത്മാക്കളാണ്. മനുഷ്യാത്മാവിന് അവന്റെ സ്രഷ്ടാവിനെ അറിയുന്നതിനും അവനിൽ സായൂജ്യമടയുന്നതിനും മനുഷ്യൻ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സദ്‌വി ചാരങ്ങളുമാണ് ഭക്തിയിലൂടെ പ്രകടമാവുന്നത്. ലാഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹൻ അല്ലാഹുവല്ലാതെമറ്റാരുമില്ല.) എന്ന ഇസ്‌ലാമിന്റെ അടിസ്ഥാനവിശ്വാസ പ്രഖ്യാപനത്തിനു മീതെയാണ് ഇസ്‌ലാം മത ത്തിന്റെ ഭക്തജീവിതം കെട്ടിപ്പെടുത്തിരിക്കുന്നത്.

ഹൈന്ദവ ദർശനങ്ങളിലെ അവതാരങ്ങളെ പ്രവാചകന്മാരായി വിശ്വസിക്കേണ്ടത് ഒരു മുസ്‌ലിമിന്റെ കടമയാണ്. ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ശ്രീരാമൻ തുടങ്ങിയവർ മുഹമ്മദ് നബി (സ)യെ പോലെ ആദരപൂർവം സ്മരിക്കേണ്ട പ്രവാചകനാണ് എന്നർഥം. ലക്ഷക്കണക്കിന് പ്രവാചകന്മാരെ ദൈവം വ്യത്യസ്ത സമുദായങ്ങൾക്ക് വേണ്ടി വിവിധ കാലങ്ങളിൽ നിയോഗിച്ചതായി വിശ്വസിക്കുക എന്നത് ഇസ്‌ലാം മുന്നോട്വെക്കുന്ന ഭക്തിയുടെ അനിവാര്യതയാണ്. ആദിയിൽ തുടങ്ങിയ ഭക്തിമാർഗ ദർശനം അനുസരണത്തിന്റെയും സമാധാനത്തിന്റേയും (ഇസ്‌ലാം എന്ന വാക്കിന്റെ അർഥവും ഇത്തന്നെയാണ്) ദർശനങ്ങളെയാണ് പരിചയ പ്പെടുത്തിയതെന്നും അതിന്റെ വിഭിന്ന രൂപഭാവങ്ങൾ കാലക്രമേണപ്രകടമായി ഒടുവിൽ മുഴുവൻ മനുഷ്യകുലത്തേയും മുഹമ്മദ്(സ) എന്ന പ്രവാചക ശ്രേഷ്ഠൻ ഒരു

ധർമസംഹിതക്ക് കീഴിൽ ഒന്നിച്ചു ചേർക്കുകയാണുണ്ടായത് എന്ന് ഒരു യഥാർഥ മുസ്ലിം തിരിച്ചറിയുന്നു.

ജാതിയിലധിഷ്ഠിതമായ മനുഷ്യ വിഭജനം ഈ ഭക്ത്യാദർശങ്ങൾക്ക് വിലങ്ങു തടിയാണ്. 'അറബിക്ക് അനറബിയേക്കാളോ മറിച്ചോ യാതൊരു ശ്രേഷ്ഠതയുമില്ല ഒരുവന്റെ ഭക്തിയനുസരിച്ചല്ലാതെ എന്ന പ്രഖ്യാപനത്തോടെ ഈ വ്യവസ്ഥയെ ഈ മതം ഉച്ചാടനം ചെയ്തിരിക്കുന്നു. ക്ഷേത്രപ്രവേശന വിളംബരങ്ങൾക്കും നൂറ്റാണ്ടുകൾക്ക് മുമ്പേ അമുസ്ലിംകൾക്ക് മുസ്ലിം ദേവാലയത്തിൽ വെച്ച് പ്രാർഥിക്കാൻ അനുവദിച്ച് മാതൃക കാണിച്ച മണലാരണ്യത്തിലെ നിരക്ഷരനായ പ്രവാചകനാണ് ചരിത്രത്തിലെ സാഹോദര്യ സങ്കൽപ്പങ്ങളുടെ അപ്പോസ്തലൻ. അയൽക്കാർ പട്ടിണി കിടക്കുമ്പോൾ വയർ നിറച്ചുണ്ണുന്നവൻ എന്റെ സമുദായത്തിൽ പെട്ടവനല്ല എന്ന നബി(സ)യുടെ പ്രഖ്യാപനം ചരിത്രത്തോളം വളർന്നുനിൽക്കുന്നതും സമഭാവനയെന്ന മഹത്തായ ആശയത്തെ ഭക്തിയിൽ ചാലിച്ച് സ്ഫുടം ചെയ്തെടുത്ത് കൊണ്ടാണ്.

അപ്പോൾ മതത്തിന്റെ പേരിൽ മനുഷ്യഹത്യയും കൂട്ടക്കുരുതിയും നടത്തുവാൻ സാധിക്കുന്നതെങ്ങനെ? എല്ലാ മതദർശനങ്ങളെയും മതഗുരുക്കന്മാരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് ഒരു മുസ്ലിമിന്റെ വിശ്വാസ പൂർത്തീകരണത്തിന് നിബന്ധനയാക്കപ്പെട്ടിട്ടുള്ളവർക്ക് എങ്ങനെ വർഗീയ വാദികളും തീവ്രവാദികളുമാകാൻ കഴിയും? സ്വത്തിനും ജീവനും നിലനിൽപ്പിനും എതിരായി ശത്രുക്കൾ നടത്തിയ പടപ്പുറപ്പാടുകളെ, ഒരു ദരിദ്ര ന്യൂനപക്ഷത്തെ മുൻനിർത്തി, ദൈവ സഹായത്തോടെ മാത്രം എതിരിട്ട പ്രവാച കന്റെ രീതികളിൽവിശുദ്ധയുദ്ധം (ജിഹാദ്) എന്ന പേരുദോഷം ചാലിച്ച് വാളോങ്ങുന്ന ആധുനിക ഇസ്ലാമിസ്റ്റുകളെ നയിക്കുന്ന ആദർശമേതാണ്? ഇത്തരത്തിലുള്ളനിര വധി ചോദ്യങ്ങൾക്ക് ഉത്തരം ഒന്നേയുള്ളു. ഇസ്ലാം വിഭാവന ചെയ്യുന്ന ഭയഭക്തിയുടെയും വിശുദ്ധിയുടെയും തനിമയിലേക്കുള്ള തിരിച്ചുപോക്ക്! അത് തന്നെയാണ് ലോകത്തിന്റെ വ്യത്യസ്ത കോണുകളിൽ നിന്നുമുൽഭവിച്ച മതദർശനങ്ങളുടെ അന്ത:സത്ത!

---

പേജ് 23 ൽ നിന്ന് തുടർച്ച

ആവർത്തിച്ചു ഊന്നിപ്പറയാൻ അവിടുന്ന് ബദ്ധപ്പെടുകയും ചെയ്തു.

1906ൽ പ്രസിദ്ധീകരിച്ച ഹഖീക്കത്തുൽ വഹ്യ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചു.

'ധാരാളം ദൈവിക വഹ്യുകളുടെയും പരോക്ഷ കാര്യങ്ങളുടെയും ആ ഘടകത്തെ സംബന്ധിച്ചിടത്തോളം ഈ ഉമ്മത്തിൽ ഞാൻ മാത്രമാണ് ഒരു പ്രത്യേക വ്യക്തി. എനിക്ക്മുമ്പ് ഈ ഉമ്മത്തിൽ എത്രത്തോളം ഔലിയാക്കളും അബ്ദാലുകളും അഖ്താബുകളും കഴിഞ്ഞു കടന്നിട്ടുണ്ടോ അവർക്കൊന്നും ഈ അനുഗ്രഹത്തിന്റെ വർധിത ഭാഗം പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. ഈ കാരണത്താൽ നബി എന്ന പേരിൽ ഞാൻ മാത്രം പ്രത്യേകപ്പെടുത്തപ്പെട്ടു. മറ്റുള്ളവർ ആരും തന്നെ ഇതിന് അവകാശികളായില്ല. എന്തുകൊണ്ടെന്നാൽ ധാരാളം വഹ്യുകളും ധാരാളം പരോക്ഷ കാര്യങ്ങളും ലഭിക്കേണമെന്നത് ഇതിലെ ഒരു നിബന്ധനയായിരുന്നു. ഈ നിബന്ധന അവരിലൊന്നും പൂർത്തിയായി കാണപ്പെടുന്നില്ല തിരുനബി(സ)യുടെ പ്രവചനം വ്യക്തമായി പുലരുന്നതിന് അപ്രകാരം ആവേണ്ടത് അനിവാര്യമായിരുന്നു. എനിക്ക് മുമ്പ് കടന്നു കഴിഞ്ഞ സാലിഹീങ്ങളും ദൈവവുമായുള്ള ആഭിമുഖ്യത്തിലും ദൈവിക ഭാഷണത്തിലും പരോക്ഷ കാര്യങ്ങളിലും അതേതരത്തിൽ അനുഗ്രഹ പങ്കാളികളായിരുന്നെങ്കിൽ അവരും നബിയെന്ന് പറയുന്നതിൽ അവകാശികളാകുമായിരുന്നു. അതോടൊപ്പം തിരുനബി (സ)യുടെ പ്രവചനപൂർത്തിയിൽ ഒരു വൈകല്യം സംഭവിക്കുകയും ചെയ്യുമായിരുന്നു. ഈ ദൈവിക നിശ്ചയം ഈ വന്ദ്യാത്മാക്കളെ പൂർണാനുഗ്രഹലബ്ധിയിൽ നിന്ന് തടഞ്ഞ് നിറുത്തി. സഹീഹായ ഹദീസുകളിൽ പറയപ്പെട്ട പ്രകാരം അത്തരം അനുഗൃഹീതാത്മാവ് ഒരാൾ മാത്രമായിരിക്കുമെന്ന പ്രവചനം നിറവേറ്റാൻ വേണ്ടി തന്നെ.' (ഹഖീക്കത്തുൽ വഹ്യ്. പു 391)

ഇത്രയും വ്യക്തമായ തരത്തിൽ തന്റെ നുബുവ്വത്ത് തെളിയിച്ചു കാട്ടിയ ശേഷം തന്റെ ഒടുവിലത്തെ പ്രധാന ഗ്രന്ഥമായ ചശ്മേ മഅ്രിഫയിൽ(1907) ഇങ്ങനെയും എഴുതി:

'ഞാൻ ദൈവത്തിൽ നിന്നുള്ളവനാണെന്നുള്ള സത്യം സ്ഥാപിച്ചു കാട്ടുന്നതിന് വേണ്ടി ഇത്രയേറെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ദൈവം വെളിപ്പെടുത്തുകയുണ്ടായി. അവ ഒരായിരം നബിമാർക്ക് വീതിച്ചു നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ഓരോരുത്തരുടേയും നുബുവ്വത്ത് സ്ഥാപിക്കപ്പെടുമായിരുന്നു.' (ചശ്മെ മഅ്രിഫ പു.317)

ഒടുവിലായി ചരമം പ്രാപിക്കുന്നതിന് ഒരു ദിവസം മുമ്പ് മാത്രം 'അഖ്ബാറെ ആം' എന്ന പ്രസിദ്ധ പത്രത്തിൽ താൻ നുബൂവ്വത്ത് വാദം ഉപേക്ഷിച്ചുവെന്ന് കള്ള വാർത്ത കണ്ടപ്പോൾ വാർത്ത നിഷേധിച്ചു കൊണ്ട് താൻ നബി തന്നെയാണെന്ന കാര്യം ഊന്നിപ്പറഞ്ഞു കൊണ്ടും ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും താൻ അവസാന നിമിഷം വരെയും നുബൂവ്വത്ത് വാദത്തിൽ ഉറച്ച് നിന്നിട്ടുണ്ടെന്ന് തെളിയിച്ചു കാട്ടുകയും ചെയ്തു. ('ഹദ്റത്ത് അഹ്മദ്(അ)'എന്ന ഗ്രന്ഥത്തിൽ നിന്ന്)

കുറിപ്പുകൾ

# ഇറാൻ കരാർ: ഇസ്റയേൽ ഒറ്റപ്പെടുന്നു

മുസാഫിർ

ആണവ സമ്പുഷ്ടീകരണം സംബന്ധിച്ച് ഇറാനുമായി വൻ ശക്തി രാജ്യങ്ങളായ അമേരിക്ക, റഷ്യ, ചൈന, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രക്ഷാസമിതിയംഗങ്ങളുടെയും ജർമനിയുടെയും വിദേശ കാര്യമന്ത്രിമാരും ഇറാൻ വിദേശ കാര്യ മന്ത്രി മുഹമ്മദ് ജവാദ് സരിഫുമാണ് P5+1 എന്നറിയപ്പെടുന്ന കരാറിൽ ഒപ്പു വെച്ചത്. മഹ്മൂദ് അഹ്മദ് നിജാദിന് ശേഷം ഇറാന്റെ സൗമ്യനും മിതവാദിയായ പുതിയ പ്രസിഡന്റ് ഹസൻ റൂഹാനിയുടെ വിജയമായാണ് ഈ കരാർ വിശേഷിപ്പിക്കപ്പെടുന്നു. നാല് മാസമായി നടക്കുന്ന ചർച്ചയിൽ മൂന്നാം തവണയാണ് വിജയം കണ്ടത്. ഇറാന്റെ ന്യൂക്ലിയർ സമ്പുപുഷ്ടീകരണ പദ്ധതി ന്യൂക്ലിയർ ബോംബ് നിർമിക്കാനുള്ള ആദ്യ പടിയാണെന്നായിരുന്നു ഇസ്റയേലിനോടൊപ്പം ചേർന്ന് അമേരിക്കയും മറ്റു യൂറോപ്യൻ രാജ്യങ്ങളും സൗഊദി അറേബ്യയും കുവൈത്തും ഖത്തറും വാദിച്ചിരുന്നത്. ഈ മേഖലയിൽ ഇറാന്റെ ന്യൂക്ലിയർ മേധാവിത്വം വരുന്നതിനെ ഇസ്റായേലിനെ പോലെ സഊദിയും ഭയപ്പെടുകയും അതേ രൂക്ഷതയോടെ എതിർക്കുകയും ചെയ്തു. അതിനാൽ ഇറാൻ ഉപരോധം നേരിടുകയായിരുന്നു. യുറേനിയം സമ്പുഷ്ടീകരണം തങ്ങളുടെ ഊർജാവശ്യങ്ങൾക്ക് വേണ്ടിയാണെന്നായിരുന്നു ഇറാന്റെ നിലപാട്. ആണവ നിർവ്യാപനക്കരാറിൽ ഒപ്പ്വെച്ച തങ്ങൾക്ക് അതിനുള്ള അവകാശമുണ്ടെന്നും




വൻശക്തിരാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാർ കരാർ ഒപ്പിട്ടതിനുശേഷം

ഇറാൻ വാദിച്ചു. ഊർജാവശ്യത്തിന് 5 ശതമാനം യുറേനിയം സമ്പുഷ്ടീകരിക്കാമെന്ന് ഇരുകൂട്ടരും സമ്മതിച്ചതിനെതുടർന്നാണ് കരാറായത്. 5 ശതമാനത്തിലധികം യുറേനിയം സമ്പുഷ്ടീകരിച്ചാലാണ് ന്യൂക്ലിയർ ബോംബ് നിർമിക്കാൻ കഴിയുക. 5 ശതമാനത്തിലേറെ സമ്പുഷ്ടീകരിച്ചു കഴിഞ്ഞ യുറേനിയം, കരാർ പ്രകാരം 5 ശതമാനമായി കുറക്കുകയും യുറേനിയം വൻതോതിൽ സമ്പു ഷ്ടീകരിക്കുന്ന അവരുടെ അറാക്ക് റിയാക്ടർ അടച്ചുപൂട്ടുകയും വേണം. മാത്രമല്ല ഇറാനിലെ എല്ലാ ന്യൂക്ലിയർ പ്ളാന്റുകളും ഇന്റർ നാഷണൽ അറ്റോമിക് എനർജി ഏജൻസിക്ക് പരിശോധനക്കായി തുറന്നു കൊടുക്കുഷകയും ചെയ്യണം. ന്യൂക്ലിയർ ബോംബുണ്ടാക്കാനുള്ള പദ്ധതിയുള്ളതിനാൽ ഇറാനെ ഉടൻ ആക്രമിക്കണമെന്ന് അമേരിക്കയോടും മറ്റുയൂറോപ്യൻ രാജ്യങ്ങളോടും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഇസ്റായേലിന്റെ നിലപാടിനുള്ള തിരിച്ചടിയായിട്ടാണ് ഈ കരാർ വ്യാപകമായി വിലയിരുത്തപ്പെടുന്നത്. ഇറാനെതിരെ ഒരു ആക്രമണത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തരല്ലാത്ത ഇസ്റായേലാണ് ഈ കരാറിന്റെ ഏറ്റവും വലിയ വിമർശകൻ. 'ചരിത്രപരമായ തെറ്റ്' എന്നാണ് ഇസ്റയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഈ കരാറിനെ വിശേഷിപ്പിച്ചത്. തങ്ങളുടെ കൈവശം ന്യൂക്ലിയർ ബോംബ് ഉണ്ടെന്ന് ഔദ്യോഗികമായി ഇസ്റയേൽ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും 75 മുതൽ 400 വരെ ന്യൂക്ലിയർ ആയുധങ്ങൾ അവരുടെ കൈയിൽ ഉണ്ടായിരിക്കാമെന്ന് *Federation of American Scientists* എന്ന സംഘടന പ്രസിദ്ധീകരിച്ച *Retrieved July 1, 2007 'Nuclear weapons-Israel'* എന്ന ലേഖനത്തിൽ പറയുന്നു. വൻ ആയുധ കൂമ്പാരവും യുദ്ധോപകരണങ്ങളുടെ നിർമാണവും കയറ്റുമതിയുമുള്ള ഇസ്റയേലാണ് 5 ശതമാനം സമ്പുഷ്ടയുറേനിയം അനുവദിച്ചു കൊണ്ടുള്ള ഈ സമാധാന കരാറിനെ എതിർക്കുന്നത് എന്നത് ആരേയും ഞെട്ടിക്കുന്ന വൈരുദ്ധ്യമാണ്. ഈ കരാർ

നിലവിൽ വന്നതോടെ മദ്ധ്യപൗരസ്ത്യ ദേശത്ത് ഇസ്റയേലിനൊഴികെ മറ്റാർക്കും ന്യൂക്ലിയർ ബോംബില്ല എന്ന അസന്തുലിതാസ്ഥയും ഉയർന്നു വരുന്നു. അമേരിക്കയും മറ്റു വൻശക്തികളും ഇത് കണ്ടില്ലെന്നു നടിക്കുകയാണ്. ന്യൂക്ലിയർ വ്യാപനത്തിനെതിരെ ജനീവയിൽവെച്ച് ഇറാനുമായുണ്ടാക്കിയ ഈ കരാർ സമാധാനത്തിനായുള്ള ആത്മാർഥ ശ്രമമാണെങ്കിൽ, എന്തുകൊണ്ട് അതുപോലെയൊന്ന് ഇസ്റായേലുമായി ഈ വൻശക്തികളുണ്ടാക്കുന്നില്ല?

ഇസ്ലാമിക വിപ്ലവം നടന്നതിന് ശേഷം അമേരിക്കയും ഇറാനും തമ്മിലുള്ള മുപ്പത് വർഷത്തെ ശത്രുതക്ക് ഈ കരാറോടെ അല്പം അയവ് വന്നിരിക്കുന്നു. കരാറിൽ ഒപ്പിട്ടുവന്ന ഇറാനിയൻ വിദേശകാര്യ മന്ത്രി മുഹമ്മദ് ജവാദ് സരിഫിക്ക് ജനക്കൂട്ടം സമാധാനത്തിന്റെ അംബാസഡർ എന്നു വിളിച്ചുകൊണ്ട് സ്നേഹോഷ്മളമായ സ്വീകരണമാണ് നൽകിയത്. ഉപരോധം ഇറാൻ ജനതയെ വീർപ്പ് മുട്ടിക്കുകയായിരുന്നുവെന്ന് അവരുടെ വികാര പ്രകടനത്തിൻ നിന്ന് വ്യക്തമാണ്. ഉപരോധം മൂലം ഇറാന്റെ അമേരിക്കൻ ബാങ്കുകളിൽ മരവിപ്പിച്ചു നിർത്തിയ 6 ദശലക്ഷം ഡോളറിൽനിന്ന് ചെറിയൊരു ശതമാനം(700 കോടി ഡോളർ) ഉപയോഗിക്കാൻ കരാറിൽ അനുമതി നൽകിയിട്ടുണ്ട്. ഉപരോധം മൂലം ഇൻഷൂറൻസ് പരിരക്ഷ കിട്ടാത്തതിനാൽ ഇറാന്റെ അന്താരാഷ്ട്ര എണ്ണ വ്യാപാരം ഏറെക്കുറെ നിശ്ചലമായിരുന്നു. അതിനും അല്പം അയവ് വരുത്തിയിട്ടുണ്ട്. ആറുമാസ കാലവധിയാണ് കരാറിനുള്ളത്. അതിന് ശേഷം വിലയിരുത്തി കൂടുതൽ ഉദാര വ്യവസ്ഥകളോടെ വിപുലമായ കരാർ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ഇറാനെതിരെയുള്ള നയത്തെ പറ്റി അമേരിക്കൻ ജനതയിൽ നടത്തിയ അഭിപ്രായ സർവേയിൽ


ഹസൻ റൂഹാനി

60 ശതമാനം ആളുകളും ഇറാനുമായി നല്ല ബന്ധം ആഗ്രഹിക്കുന്നവരാണ്. (*'The Indipendent' Editorial-nov 4)* ഇറാൻ ജനതയാകട്ടെ ഇപ്പോൾ അവരുടെ സൗമ്യനായ പ്രസിഡന്റ് ഹസൻ റൂഹാനിയെ തിരഞ്ഞെടുത്ത് സമാധാനത്തിന് വഴിയൊരുക്കുകയും ചെയ്തിരിക്കുന്നു. യുദ്ധം കൊണ്ടും സംഘർഷം കൊണ്ടും ലാഭമുണ്ടാക്കുന്ന ഗൂഢശക്തികൾ ലോകത്ത് സമാധാനം വരുന്നതിനെതിരാണ്. ഇറാന്റെ ഉപരോധത്തിൽ കൂടുതൽ അയവ് വന്നാൽ അത് ഏറ്റവും ഗുണകരം ഇന്ത്യയെ പോലെയുള്ള രാജ്യങ്ങൾക്കായിരിക്കും. ഇറാനിൽ നിന്ന് പൈപ്പ് ലൈൻ വഴി ഇന്ത്യയിലേക്ക് പ്രകൃതി വാതകം കുറഞ്ഞ ചെലവിൽ കൊണ്ടുവരാനുള്ള പദ്ധതിയാണ് അതിലൊന്ന്. പ്രകൃതിവാതക പൈപ്പ് യാഥാർഥ്യമായെങ്കിൽ ഈ മേഖലയിൽ എല്ലാ അർഥത്തിലും സമാധാനവും വികസനവും പുരോഗതിയും കൊണ്ട്വരാൻ അത് പര്യാപ്തമാകുമായിരുന്നു. ഇറാനിലെ പേഴ്സ്യൻ ഗൾഫ് തീരത്ത് നിന്നും പ്രകൃതി വാതകക്കുഴൽ ഇറാനിലൂടെ 2775 കി. മി സഞ്ചരിച്ച് പാകിസ്താനിലെ ബലൂചിസ്ഥാനിലെത്തുന്നു. പിന്നീട് സിന്ധിൽ പ്രവേശിച്ച് കറാച്ചിയിൽ നിന്ന് 1000 കി.മി. താണ്ടി പാകിസ്താനിലെ പഞ്ചാബിലൂടെ മുൽത്താനിലെത്തുന്നു. മുൽത്താനിൽ നിന്ന് 600 കി. മി നീണ്ട് ഇന്ത്യയിൽ ഡൽഹിയിലെത്തുന്നു, ഇതാണ് പ്രകൃതി വതകക്കുഴലിന്റെ റൂട്ട്മാപ്പ്. ഈ കുഴൽ യാഥാർഥ്യമായിക്കഴിഞ്ഞാൽ ഇരു രാജ്യങ്ങളുടെയും ഇന്ധനാവശ്യം കുറഞ്ഞ ചെലവിൽ പൂർത്തീകരിക്കപ്പെടും. ഈ കുഴലിന്റെ സംരക്ഷണത്തിന് ഇന്ത്യയും പാകിസ്താനും പരസ്പരം സഹകാരികളായി മാറും, അങ്ങനെ ഇരുരാജ്യങ്ങൾക്കിടയിലും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഒരു രക്തധമനി പോലെ വാതകക്കുഴൽ മാറുകയും ചെയ്യുമായിരുന്നു. യുദ്ധം പോയിട്ട് അതിർത്തി സംഘർഷംവരെ ഇല്ലാതാവുകയും അത്വഴി ഇരുരാജ്യങ്ങളുടെയും പുരോഗതിയെ കാർന്നു തിന്നുന്ന ഭാരിച്ച സൈനിക ചെലവ് കുറയുകയും മേഖലായാകെ സമാധാനവും പുരോഗതിയും വികസനവും കൈവരികയും ചെയ്യുമായിരുന്നു. അല്ലെങ്കിൽ അതിന് ഇരുരാജ്യവും നിർബന്ധിതരാകുമായിരുന്നു. പക്ഷേ ഉപരോധിക്കപ്പെട്ട ഇറാനുമായിയാതൊരു സഹകരണവും പാടില്ലെന്ന അമേരിക്കൻ ഭീഷണിക്ക് മുമ്പിൽ പാകിസ്താനും ഇന്ത്യയും വഴങ്ങുകയായിരുന്നു. 1979 ൽ ഖുമൈനിയുടെ നേതൃത്വത്തിൽ ഇസ്ലാമിക വിപ്ലവം നടന്നത് മുതൽ അമേരിക്കയുടെ ഉപരോധം ഇറാനുമേലുണ്ട്. കൂടാതെ 2006 ൽ ഇറാന്റെ ആണവ പരിപാടിയുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സഭയുടെ ആഗോള ഉപരോധവും യൂറോപ്യൻ യൂണിയന്റെ ഉപരോധവും വന്നു. മാത്രമല്ല, 2009 ൽ അമേരിക്കയുമായി ഇന്ത്യ ഉണ്ടാക്കിയ സിവിലിയൻ ന്യൂക്ലിയർ കരാർ ഒപ്പിട്ടതിന് ശേഷം ഊർജാവശ്യങ്ങൾക്ക് വേണ്ടി മറ്റൊരു രാജ്യത്തെ സമീപിക്കാൻ ഇന്ത്യക്ക് പരിമിതിയും വന്നു. ഇതെല്ലം തന്നെ ഇറാൻ–ഇന്ത്യ പൈപ്പ് സ്വപ്നങ്ങളും മേഖലയിലെ സമാധാന സ്വപ്നങ്ങളും തകർത്തിക്കളഞ്ഞു. ആ സൽപ്രതീക്ഷകൾ തകർത്ത ഉപരോധത്തിനാ

ണ് ഇപ്പോൾ അല്പം അയവ് വന്നിരിക്കുന്നത്.

ഇസ്റായേലിനെ ഏറ്റവും കൂടുതൽ ഭയപ്പെടുത്തുന്ന പ്രഖ്യാപിത ശത്രു രാജ്യമാണ് തൊട്ടടുത്ത സിറിയയിലെ അഫീസുൽ അസദിന്റെ ശിയാമുസ്‌ലിം ഭരണകൂടം. ഇസ്റയേലിനോടൊപ്പം സൗദി അറേബ്യ, കുവൈത്ത് ഖത്തർ എന്നീ മുസ്‌ലിം രാജ്യങ്ങളുടെയും ശത്രുപട്ടികയിൽ മുമ്പനാണ് സിറിയ. സിറിയയെ ആക്രമിക്കാൻ ഇസ്റയേലിനോടൊപ്പം നിരന്തരം സൗഊദിയുടെ നേതൃത്വത്തിൽ ചില മുസ്‌ലിം രാജ്യങ്ങൾ അമേരിക്കയോടും സഖ്യകക്ഷികളോടും ആവശ്യപ്പെട്ടു കൊണ്ടിരിക്കയാണ്. അസദിന്റെ ശിയാ ഭരണകൂടത്തെ പിന്തുണക്കുന്ന ഏകമുസ്‌ലിം രാജ്യം കൂടിയാണ് ഇറാൻ. ഇറാനെ പാട്ടിലാക്കി സിറിയയെ ഒറ്റപ്പെടുത്തി ആക്രമിക്കുന്നതിന്റെ ഭാഗമാണോ ഈ തന്ത്രം എന്നും സംശയിക്കാവുന്നതാണ്. ഏതായാലും ശുഭാപ്തി വിശ്വാസത്തോടെ തന്നെ ഈ കരാറിനെ നമുക്ക്നോക്കി പാർക്കാം. ലോകത്ത് സമാധാനം വരട്ടെ എന്ന് ആഗ്രഹിക്കുകയും ചെയ്യാം.

ഏതായാലും ഇറാൻ അണ്വായുധ നിർവ്യാപനക്കരാറിന്റെ ഭാഗമായി ആണവക്കരാറിൽ ഒപ്പിട്ടത് തീർച്ചയായും സമാധാനത്തിന്റെ മാർഗത്തിൽ ഒരു ധീരമായ ചുവടു വെപ്പാണ്. സമാധാന ശ്രമങ്ങൾക്ക് ഇസ്റയേലിന്റെ ദുർമുഖം വിരുദ്ധ മായും യുദ്ധത്തീകൊളുത്താൻ ശ്രമിച്ചും എപ്പോഴും പ്രവർത്തിക്കുന്ന ഇസ്റയേൽ ഒരിക്കൽ കൂടി തുറന്ന് കാട്ടപ്പെടു കയാണ്. ഇറാൻ കരാറുമായി ബന്ധപ്പെട്ട് അമേരിക്ക പോലും ഇസ്റായേലുമായി ഇടയുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. അന്താരാഷ്ട്ര കരാറുകളും നീതിതത്ത്വങ്ങളും നിരന്തരം ലംഘിച്ചുകൊണ്ടിരിക്കുന്ന ഇസ്റയേൽ അമേരിക്കക്ക് കൂടി ഭീഷണിയുയർത്തുന്ന ഒരു രാജ്യമാണെന്ന് അടുത്ത് തന്നെ അമേരിക്ക തിരിച്ചറിയുന്നതാണ്.

## അനുസ്മരണം

## മൗലവി മുഹമ്മദ് അയ്യൂബ് : ബഹുമുഖ പ്രതിഭയായ പണ്ഡിതൻ

സത്യദൂതൻ മുൻ ചീഫ് എഡിറ്ററും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ചീഫ് മിഷണറിയും പിന്നീട് സോണൽ ഇമാറത്ത് കോ ഓർഡിനേറ്ററുമായിരുന്ന മൗലവി മുഹമ്മദ് അയ്യൂബ് സാഹിബിന്റെ നിര്യാണത്തിൽ സത്യദൂതന്റെ അഗാധമായ ദുഖം രേഖപ്പെടുത്തുകയും മൗലവി സാഹിബ് സത്യദൂതന് വേണ്ടി ചെയ്ത സേവനങ്ങൾ നന്ദിപൂർവം അനുസ്മരിക്കുകയും ചെയ്യുന്നു. 2008 ജനുവരി മുതൽ 2009 ഒക്ടോബറിൽ ശ്രീലങ്കയിലേക്ക് മിഷണറിയായി പോകുന്നത് വരെയാണ് മൗലവി സാഹിബ് സത്യദൂതന്റെ ചീഫ് എഡിറ്ററായിരുന്നത്. വിജ്ഞാനപ്രണയിയായിരുന്ന മൗലവി സാഹിബ് വീക്ഷണങ്ങളിൽ പ്രത്യുൽപന്നമതിത്വം കാണിച്ചിരുന്ന പണ്ഡിതനായിരുന്നു. അഹ്മദിയ്യാ സാഹിത്യങ്ങൾ വളരെ ഉൾക്കാഴ്ച്ചയോടെ മനസ്സിലാക്കിയ അദ്ദേഹം ആധുനിക വിജ്ഞാനങ്ങളുടെ ഒരു അനുധാവകൻ കൂടിയായിരുന്നു. സത്യദൂതൻ മാസികയെ കേരളീയ സാഹചര്യത്തിൽ രൂപപ്പെടുത്തിയെടുക്കേണ്ടത് സംബന്ധിച്ച് പല ആശയങ്ങളും അദ്ദേഹവുമായി പങ്കുവെക്കാൻ എഡിറ്റർ എന്ന നിലയിൽ എനിക്ക് സാധിച്ചിട്ടുണ്ട്. ആധുനിക കമ്പ്യൂട്ടർ ഡിജിറ്റൽ മേഖലയിൽ ഒരളവോളം വൈദഗ്ധ്യം നേടാനും അത് ജമാഅത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താനും അദേഹത്തിന് സാധിച്ചു. വിവാദ മർമജ്ഞനും ബഹു ഭാഷാ പണ്ഡിതനുമായിരുന്ന മൗലവി സാഹിബ് ഒരു ബഹുമുഖ പ്രതിഭയായിരുന്നു. തമിഴ് ഭാഷ പണ്ഡിതോചിതമായി കൈകാര്യം ചെയ്യാൻ അദ്ദേത്തിന് അനായാസം കഴിയുമായിരുന്നു. അഹ്മദിയ്യാ സാഹിത്യങ്ങളുമായി ബന്ധപ്പെട്ടും ആ ഭാഷയിൽ സേവനമനുഷ്ഠിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അത് പോലെ ഉറുദുവും ഇംഗ്ലീഷും അദ്ദേഹം നന്നായി കൈകാര്യം ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം മൂലം കുടുബത്തിനും ജമാഅത്തിനുമുണ്ടായ എല്ലാ നഷ്ടവും അല്ലാഹു നികത്തി തരട്ടെ. പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ).

എ. എം. മുഹമ്മദ് സലീം
(എഡിറ്റർ, സത്യദൂതൻ)

# മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ്

ഐരാപുരം: സത്യദൂതൻ മുൻ ചീഫ് എഡിറ്ററും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തമിഴ് മുഖപത്രമായ'സമാധാനവഴി'യുടെ മുൻ എഡിറ്ററുമായിരുന്ന മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ്(54) 2013 നവംബർ 20-ന് വഫാത്തായി (ഇന്നാ ലില്ലാഹി....)

മൂന്ന് വർഷത്തോളമായി രോഗാവസ്ഥയിലായിരുന്നു. എറണാകുളം ജില്ലയിലെ ആദ്യജമാഅത്തായ ഐരാപുരം ജമാഅത്തിലെ ആദ്യകാല അഹ്മദിയായിരുന്ന മോളത്ത് വീട്ടിൽ പരേതനായ റിട്ടേർഡ് വില്ലേജ് ഓഫീസർ ആലി സാഹിബിന്റെയും പരേതയായ കുഞ്ഞാമ്മ സാഹിബയുടേയും ആറുമക്കളിൽ മൂന്നാമത്തെ മകനായിരുന്നു അദ്ദേഹം. മികച്ച പണ്ഡിതനും സംവാദവിദഗ്ധനുമായിരുന്ന മൗലവി സാഹിബ് പ്രസന്നവദനനും സൗമ്യശീലനും ധൈര്യശാലിയും മികച്ച സംഘാടകനും ഖിലാഫത്തിനോട് അങ്ങേയറ്റം കൂറുപുലർത്തിയവ്യക്തിയും ജീവിതം ദൈവവഴിയിൽ സമർപ്പണം ചെയ്തയാളുമായിരുന്നു(മൂസി). ജനാസ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഐരാപുരം

ഖബർസ്ഥാനിലാണ് ഖബറടക്കിയത്.

1964-ൽ ഐരാപുരം ജമാഅത്ത് രൂപീകൃതമായെങ്കിലും, 1975-ലാണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. പത്താം ക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ദീനീ സേവന ലക്ഷ്യത്തോടെ 1975-ൽ ഖാദിയാൻ ജാമിയ അഹ്മദിയ്യായിൽ പ്രവേശിക്കുകയും 1982-ൽ മൗലവി ഫാസിൽ പാസ്സായി, പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും എച്ച്. എ. ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ദേശീയ ഉപകാര്യ ദർശി മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ മൂത്തമകൾ അമത്തുൽ വഹീദയാണ് ഭാര്യ.

ചെന്നൈയിൽ മൗലവി മുഹമ്മദ് ഉമർ സാഹിബിന്റെ കീഴിൽ മുബല്ലിഗായി പരിശീലനം നേടിയ മൗലവി സാഹിബ്, ദീർഘകാലം തമിഴ്നാട്ടിലെ മേലേപാളയം ജമാഅത്തിൽ മുബല്ലിഗായി സേവനം അനുഷ്ഠിച്ചു. ഈ സമയം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ നിർദേശാനുസരണം നിയമിക്കപ്പെട്ട വിശുദ്ധ ഖുർആൻ തമിഴ് തർജമ കമ്മിറ്റിയിൽ അംഗമാവുകയും പ്രസ്തുത സേവനം ഭംഗിയായി പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് കോയമ്പത്തൂരിലാണ് അദ്ദേഹം മിഷണറിയായി നിയമിക്കപ്പെട്ടത്. 1997-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട കോയമ്പത്തൂരിലെ 'മസ്ജിദ് മഹ്ദി' യുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. 1994 ൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും തമിഴ്നാട്ടിലെ അഹ്ലെ ഖുർആൻ വൽ ഹദീസ് എന്ന സംഘടനയുമായി ചരിത്ര പ്രസിദ്ധമായ ഒരു സംവാദം നടക്കുകയുണ്ടായി. തമിഴ്നാട് മുസ്‌ലിം സമൂഹത്തിൽ വമ്പിച്ച ശ്രദ്ധ പിടിച്ചുപറ്റിയ ആ സംവാദം സംഘടിപ്പിച്ച പ്രധാന അണിയറശിൽപ്പി അയ്യൂബ് മൗലവി സാഹിബായിരുന്നു. മൗലാനാ മുഹമ്മദ് ഉമർ സാഹിബായിരുന്നു സംവാദത്തിന് നേതൃത്വം നൽകിയത്. ഖലീഫത്തുൽ മസീഹ് നാലാമന്റെ നിർദേശ പ്രകാരം അഹ്മദിയ്യാ ചരിത്രകാരൻ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബും ഹാഫിള് മുസഫർ അഹ്മദ് സാഹിബും ആ സംവാദത്തിൽ പങ്കെടുത്തിരുന്നു. ജമാഅത്തിനനുകൂലമായി കലാശിച്ച ചരിത്ര പ്രസിദ്ധമായ കോയമ്പത്തൂർ സംവാദത്തിന് ശേഷം തമിഴ് നാട്ടിൽ ജമാഅത്തിന് ഗണ്യമായ പുരോഗതിയുണ്ടായി എന്നത് ഒരു വസ്തുതയാണ്. ഈ കാലഘട്ടത്തിൽ തന്നെ തഹ്‌രീക് ജദീദ് പ്രതിനിധിയായി മാലി ദ്വീപിൽ പോവുകയും അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി ചിലർ അഹ്മദിയ്യത്തിൽ പ്രവേശിക്കുക യും ചെയ്തു. ഇതിനുശേഷം ചെന്നൈയിൽ മുബല്ലിഗായി സേവനം അനുഷ്ഠിക്കുകയുണ്ടായി. തമിഴ് ഭാഷയിൽ വ്യുത്പത്തി നേടിയ അദ്ദേഹം തമിഴ് അഹ്മദിയ്യാ മുഖപത്രം 'സമാധാനവഴി' യുടെ പത്രാധിപരായും സേവനം അനുഷ്ഠിച്ചു. പിന്നീട് 2004 മുതൽ 2007 വരെ വിദേശത്ത് അഹ്മദിയ്യാ മിഷണറിയായി പ്രവർത്തിച്ചു. 2007-ൽ കേരള ചീഫ് മുബല്ലിഗായി സ്ഥാനമേറ്റു. പിന്നീട് കേരളത്തിലെ സോണൽ ഇമാറത്തുകളുടെ കോ-ഓർഡിനേറ്ററായാണ് അദ്ദേഹം പ്രവർത്തിച്ചത്. സത്യദൂതൻ ചീഫ് എഡിറ്ററായും സേവനം ചെയ്തിട്ടുണ്ട്. 2009 മുതൽ ഖാദിയാനിൽ നിസാറത്തെ ഉൽയായിൽ സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. ഖലീഫമാരുടെ പ്രത്യേക നിർദേശാനുസരണം നാലു പ്രാവശ്യം ശ്രീലങ്കയിൽ പര്യടനം നടത്തിയിട്ടുണ്ട്. ഒരിക്കൽ

## തഹ്‌രീക്ക് ജദീദ് 80-ാം വർഷത്തിൽ! കേരളത്തിന് പ്രത്യേകം അഭിനന്ദനം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് 2013 നവംബർ 8 ന് നടത്തിയ ഖുത്ബയിൽ തഹ്‌രീക്ക് ജദീദിന്റെ നവവർഷ വിളംബര പ്രഖ്യാപനം നടത്തുകയുണ്ടായി. ലോകം മുഴുവൻ ഇസ്‌ലാമിക പ്രബോധനം സജീവമാക്കാൻ 1934 ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ആരംഭം കുറിച്ചതാണ് തഹ്‌രീക്ക് ജദീദ്. അനുഗൃഹീതമായ ഈ പദ്ധതി 80-ാം വർഷത്തിലേക്ക് കടക്കുകയാണ്. തഹ്‌രീക്ക് ജദീദ് അഹ്മദിയ്യാമുസ്‌ലിം ജമാഅത്തിന്റെ സുദൃഢമായ മുന്നേറ്റത്തിൽ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. തഹ്‌രീക്ക് ജദീദ് പൂർവാധികം ധനത്യാഗം ചെയ്തു കൊണ്ട് ഒരു വൻ മുന്നേറ്റമാക്കി തീർക്കണമെന്ന് ഖലീഫത്തുൽ മസീഹ് ഓരോ അഹ്മദിയോടും ഖുത്ബയിൽ ഉദ്ബോധിപ്പിച്ചു.

കഴിഞ്ഞ വർഷം തഹരീക്ക് ജദീദ് പദ്ധതി ഇന്ത്യയിൽ വിജയകരമായി പൂർത്തിയാക്കി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തഹ്‌രീക്ക് ജദീദ് സമാഹരിച്ച 10 ജമാഅത്തുകളിൽ 5 ജമാഅത്തുകളും കേരളത്തിലാണ്. അവ യഥാക്രമം (ബ്രാക്കറ്റിൽ സ്ഥാനം) കരുളായി(1), കോഴിക്കോട്(2), കണ്ണൂർ ടൗൺ(4), പഴയങ്ങാടി(5), മാത്തോട്ടം(10) എന്നീ ജമാഅത്തുകളാണ്.ഖുത്ബയിൽ ഖലീഫത്തുൽ മസീഹ് കേരളീയരെ പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി.

## ഖുർആൻ ഓതി പൂർത്തിയാക്കി



ആറര വയസിൽ വിശുദ്ധ ഖുർആൻ ഓതി പൂർത്തിയാക്കിയ ഇർഫാൻ അഹ്മദ് ബാംഗ്ളൂർ ജമാഅത്ത് അമീർ മുസദ്ദിഖ് അഹ്മദി (പഴയങ്ങാടി) ന്റെയും മുംതാസ് ബീഗത്തിന്റെയും മകനാണ്



മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ്

ശ്രീലങ്കൻ ജാമിഅ അഹ്മദിയ്യാ യുടെ പരീക്ഷ നടത്തുവാനായി അമീറുൽ മുഅ്മിനീൻ പ്രത്യേകം നിയോഗിച്ചയക്കുകയുണ്ടായി.

മകൻ മുഹമ്മദ് ഖാലിദ് വിവാഹിതനാണ്. സഊദി അറേബ്യയിലെ സലീം അബ്ദുല്ലാഹ് സാഹിബിന്റെ പുത്രി ജൗഹിറയാണ് ഖാലിദ് സാഹിബിന്റെ ഭാര്യ പൗത്രി ഫൗസിയ സേബ ഖാലിദ്. സഹോദരങ്ങളിൽ മൂത്തസഹോദരൻ അബ്ദുർഹ്മാൻ സാഹിബ് റിട്ടയർമെന്റിന് ശേഷം തഹ്രീക് ജദീദിന്റെയും അൻസാറുല്ലായുടേയും ഇൻസ്പെക്ടറായി സേവനം അനുഷ്ഠിക്കുന്നു. ഏക സഹോദരിയുടെ ഭർത്താവ് എറണാകുളം ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബാണ്. ഇളയസഹോദരൻ സൈനുൽ ആബിദീൻ വഖ്ഫെ സിന്ദഗിയാണ്. സഹോദര സന്താനങ്ങളായ മിസ്ബാഹുദ്ദീനും ബാസിത് അലിയ്ക്കും ഖുർആൻ ഹിഫ്ള് ചെയ്യുന്നതിനുള്ള എല്ലാവിധ സംവിധാനങ്ങളും ഏർപ്പെടുത്തികൊടുത്തത് മൗലവി അയ്യൂബ് സാഹിബായിരുന്നു. മറ്റ് സഹോദരങ്ങൾ മുഹമ്മദ് മുസ്തഫ സാഹിബ് (റിട്ടയർ കെ. എസ്സ്. ആർ. ട്ടി. സി.), ഇബ്രാഹീം കുട്ടി. സഹോദരി റാബിഅത്ത്. ഇൻചാർജ് വഖ്ഫെ നൗ ഭാരത് മൗലവി കെ. സഫറുല്ലാഹ് സാഹിബ് ഭാര്യാസഹോദരീ ഭർത്താവാണ്.

കെ. എ. മുഹിയുദ്ദീൻ<br>
മുഅല്ലിം ഇർശാദ് വഖ്ഫെ ജദീദ്<br>
ഐരാപുരം




അഹ്മദിയ്യാ മുസ്ലിംജമാഅത്ത് എറണാകുളം ജില്ലാ സമ്മേളനം ചെന്നൈ അമീർ മൗലാനാ ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി എം. നാസിർ അഹ്മദ്, പി. കെ. ശാഹുൽ ഹമീദ്, ടി. കെ. അബൂബക്കർ, ശംസുദ്ദീൻ, ഇ.എച്ച്, നജീബ്, ബി. ബി. അഹ്മദ് കബീർ, കെ. എം. നൂറുദ്ദീൻ എന്നിവർ സമീപം




ഖുദ്ദാമുൽ അഹ്മദിയ്യായുടെ മികച്ച പ്രവർത്തനത്തിന് അഖിലേന്ത്യാ തലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ മാത്തോട്ടം ജമാഅത്ത് നാഷണൽ ഇജ്തമയിൽ നാസിർ അഅ്ലയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു




അഖിലേന്ത്യാ തലത്തിൽ രണ്ടാം സ്ഥാനം നേടിയ പാലക്കാട് മേഖല അൻസാറുല്ലായ്ക്ക് ലഭിച്ച പുരസ്കാരം ജില്ലാ അമീറിൽ നിന്ന് മേഖലാ നാസിം താജുദ്ദീൻ സാഹിബ് ഏറ്റുവാങ്ങുന്നു

7 December 2013
Vol: 85 Issue.12
Price Rs. 20/-
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**

# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages



## Ahmadiyya News

Stay up to date with the Latest jama'at news



View these apps at
alislam.org/apps
or scan the QR code below

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)